# വാഗ്ദത്ത മസീഹിന്റെ

## ലിഖിതശകലങ്ങൾ



The writings of the Promised Messiah, Mirza Ghulam Ahmad (peace be upon him), elucidate many of Islam's teachings. This book contains excerpts of his writings with topics ranging from Allah to life after death.

ISBN 978-1-85372-141-0

9 781853 721410 >

# വാഗ്ദത്ത മസീഹിന്റെ ലിഖിതശകലങ്ങൾ

പ്രസിദ്ധീകരണം
ഇസ്‌ലാം ഇന്റർനാഷണൽ പബ്ലിക്കേഷൻസ്

# വാഗ്ദത്ത മസീഹിന്റെ ലിഖിതശകലങ്ങൾ
(Malayalam Translation)

English Version First Published in UK in 1988
Reprinted in different countries several times

Previous Edition published in Qadian, India in 1989
Present Edition printed in Qadian, India in 2017

Copies: 2000

@Islam International Publications Ltd.

Published By:
Nazarat Nashro Isha'at Qadian,
Sadr Anjuman Ahmadiyya,
Qadian - 143516 , Distt Gurdaspur,
Punjab, INDIA.

Printed at:
Fazle Umar Printing Press,
Qadian.

ലോക അഹ്മദിയ്യാ സമൂഹത്തിന്റെ ശതവാർഷിക ജൂബിലി ആഘോഷം പ്രമാണിച്ചു പ്രസിദ്ധപ്പെടുത്തുന്നത്

'തൗഹീദി'ന്റെ ശബ്ദം ഉയർത്തുകയും അതിനെ സ്നേഹിക്കുകയും ചെയ്യുന്നതിന്റെ പേരിൽ മാത്രം ഈ കാലഘട്ടത്തിലും മർദിക്കപ്പെടുകയും രക്തസാക്ഷികളാക്കപ്പെടുകയും ചെയ്യുന്ന അഹ്മദീമുസ്ലിംകളുടെ ഉപഹാരം. അവർ ബിലാലീ* ചൈതന്യത്തിന്റെ ജീവൽപ്രതീകങ്ങളത്രെ.

*ഹദ്റത്ത് ബിലാൽ(റ) മുഹമ്മദ് നബി(സ) തിരുമേനിയുടെ ആദിമ സഖാക്കളിൽ ഒരാളായിരുന്നു. ഇസ്ലാമിലേക്ക് പരിവർത്തനം ചെയ്യപ്പെട്ടതിനെത്തുടർന്ന് അതികഠിനമായ പീഡനങ്ങൾക്ക് അദ്ദേഹം ഇരയാക്കപ്പെട്ടുവെങ്കിലും തൗഹീദിലുള്ള (ഏകദൈവത്വത്തിലുള്ള) തന്റെ വിശ്വാസം കൈവിടാതെ മരണംവരിക്കാൻപോലും അദ്ദേഹം സന്നദ്ധനായിരുന്നു.

# പ്രസ്താവന

നമ്മുടെ യജമാനരും സർവകുലോത്തമനുമായ ഖാത്തമുന്നബിയ്യീൻ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)ന്റെ ആത്മീയ സുതൻ, അഹ്മദിയ്യാ പ്രസ്ഥാന സ്ഥാപകർ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)നെ അല്ലാഹു വർത്തമാനയുഗത്തിലെ മനുഷ്യന്റെ സന്മാർഗത്തിനു വേണ്ടി അന്ത്യയുഗത്തിലെ വാഗ്ദത്ത ലോകോദ്ധാരകനായി നിയോഗിക്കുകയുണ്ടായി.

ആ മഹാത്മാവ് ഇസ്‌ലാമിനെ പിന്തുണച്ചു കൊണ്ട് അതിമഹത്തായ തൂലികാ സമരത്തിനാണ് ആരംഭം കുറിച്ചത്. അല്ലാഹു അദ്ദേഹത്തെ സുൽത്ത്വാനുൽ ഖലം (തൂലികാ ചക്രവർത്തി) എന്ന് വിശേഷിപ്പിക്കുകയുണ്ടായി. അദ്ദേഹത്തിന്റെ രചനകൾ ലോകത്ത് ഒരു മഹത്തായ വിപ്ലവമാണ് സൃഷ്ടിച്ചത്. ഇസ്‌ലാമിക ലോകത്തിന് അത് നവജീവനും മുസ്‌ലിംകളുടെ മുഖങ്ങൾക്ക് അത ഓജസ്സും പ്രദാനം ചെയ്തു.

1889 ൽ ഇസ്‌ലാമിന്റെ പുനരുജ്ജീവന പദ്ധതിക്ക് അദ്ദേഹം ഔദ്യോഗികമായി തുടക്കം കുറിച്ചു. ദൈവിക നിർദ്ദേശപ്രകാരം അദ്ദേഹം അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന് രൂപം നൽകി. 1989 അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ശതാബ്ദി ആഘോഷങ്ങളുടെ ഭാഗമായി ഹദ്റത്ത് അഹ്മദ്(അ)ന്റെ തിരഞ്ഞെടുത്ത ലിഖിത ശകലങ്ങളും അവയുടെ വിവിധ ഭാഷകളിൽ പരിഭാഷയും പ്രസിദ്ധപ്പെടുത്തിയിരുന്നു.

ഇപ്പോൾ അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അഞ്ചാമൻ (അയ്യദഹുല്ലാഹ്)യുടെ അനുമതിയോടുകൂടി പ്രസ്തുത ലഘുകൃതി പുനഃപ്രസിദ്ധീകരിക്കുകയാണ്.

അല്ലാഹു ഇതിന്റെ പ്രസിദ്ധീകരണം എല്ലാ നിലക്കും അനുഗൃഹീതമാക്കുമാറാകട്ടെ.

**ഹാഫിസ് മഖ്ദൂം ശരീഫ്**
**പ്രസിദ്ധീകരണ വിഭാഗം കാര്യദർശി**
**അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഭാരത്**

# ഉള്ളടക്കം


മുഖവുര ....................................................................................V
അല്ലാഹു......................................................................................1
ദൈവദർശനം................................................................................3
കൂറുള്ളവരോടു ദൈവത്തിന്റെ പെരുമാറ്റം.......................................7
ഹദ്റത്ത് മുഹമ്മദ് നബി(സ)...........................................................9
വിശുദ്ധ ഖുർആൻ......................................................................18
വാഗ്ദത്തമസീഹിന്റെ ദൗത്യം.........................................................24
ജമാഅത്തിനുള്ള ഉപദേശങ്ങൾ...................................................27
മുന്നറിയിപ്പ് ..................................................................................32
ദുർഭാവന.....................................................................................34
നമ്മുടെ വിശ്വാസങ്ങൾ.................................................................35
മലക്കുകൾ...................................................................................37
ദിവ്യവെളിപാടുകൾ......................................................................39
ആത്മാവ്.....................................................................................42
മരണാനന്തര ജീവിതം..................................................................44
പാപം..........................................................................................45
പശ്ചാത്താപം...............................................................................46
അല്ലാഹുവിന്റെ മാർഗത്തിലുള്ള അത്യധ്വാനം (ജിഹാദ്)....................48
മനുഷ്യവംശത്തോടുള്ള കാരുണ്യം................................................50
യഅ്ജൂജ് മഅ്ജൂജ്.......................................................................51
പ്രകാശത്തിന്റെ കാലഘട്ടം............................................................52
ലോകമതങ്ങൾ.............................................................................55
അഹ്മദിയ്യത്തിന്റെ ഭാവി................................................................56
അന്തിമ വിധി ...............................................................................58

# മുഖവുര

താൻ ദൈവനിയുക്തനാണെന്നു ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ) – 1835–1908– തന്റെ ദൗത്യപ്രഖ്യാപനം നടത്തിയിട്ട് ഒരു നൂറു കൊല്ലം കഴിഞ്ഞു. അല്ലാഹുവിനാൽ സ്ഥാപിതമായ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന്റെ ശതവാർഷികം അനുസ്മരിക്കാനുള്ള പരിപാടിയുടെ ഭാഗമാണ് അദ്ദേഹത്തിന്റെ തിരഞ്ഞെടുത്ത ലിഖിതശകലങ്ങൾ അടങ്ങിയ ഈ പ്രസിദ്ധീകരണം.

തർക്കവിതർക്കങ്ങൾക്കും ശത്രുതാപ്രവർത്തനങ്ങൾക്കുമെതിരിൽ ലോകത്തിന്റെ നാനാഭാഗങ്ങളിലും അഹ്മദിയ്യാ ജമാഅത്ത് ശീഘ്രപുരോഗതി കൈവരിച്ചുകൊണ്ടിരുന്നു. 117 രാജ്യങ്ങളിൽ അതു വേരുറച്ചുകഴിഞ്ഞുവെന്നു മാത്രമല്ല, യഥാർഥ ഇസ്‌ലാമിന്റെ ശബ്ദമെന്ന നിലയിൽ അതു ഉത്തരോത്തരം മുന്നോട്ടു നീങ്ങുകയുമാണ്.

അഹ്മദിയ്യത്തിന്റെ സന്ദേശവും മൂല്യങ്ങളും പ്രവർത്തന പരിപാടികളും അടുത്തറിയാനുള്ള ഏറ്റവും ഫലപ്രദമായ വഴി ഹദ്റത്ത് മിർസാ ഗുലാം അഹ്മദുൽ ഖാദിയാനി(അ) മുന്നോട്ടുവച്ച വാദങ്ങൾ പഠിക്കുവാൻ ശ്രമിക്കുകയാണ്. ഒരു സത്യാന്വേഷിയുടെ ഹൃദയത്തിൽ ഉയരുന്ന പ്രശ്നങ്ങളിൽ, വാഗ്ദത്ത മസീഹും മഹ്ദിയുമാണെന്ന വാദം പുറപ്പെടുവിച്ച വ്യക്തിയുടെ തന്നെ ലിഖിതങ്ങൾ നിഷ്പക്ഷബുധ്യാ വായിച്ചു പഠിച്ചുകൊണ്ട് ഒരു തീരുമാനമെടുക്കുക എന്നതാണ് ഏറ്റവും നിർണായകവും ബുദ്ധിപൂർവകവുമായ മാർഗമെന്നതിൽ സംശയമില്ല.

അദ്ദേഹത്തിന്റെ ലിഖിതങ്ങളിൽനിന്നുള്ള ഏതാനും തിരഞ്ഞെടുത്ത വചനങ്ങൾ – ഗദ്യത്തിലും പദ്യത്തിലുമുള്ളവ – ഇതാ നിങ്ങളുടെ മുമ്പിൽ അവതരിപ്പിക്കുന്നു. മനുഷ്യ താത്പര്യം ഉണർത്തിവിടുന്ന വിവിധ വശങ്ങളിലേക്ക് അതു വെളിച്ചം വീശുന്നു. അദ്ദേഹം വിരചിച്ച വിജ്ഞാനപ്രദങ്ങളും ആത്മോദ്ധാരകങ്ങളുമായ എൺപതിലധികം ഉജ്ജ്വലഗ്രന്ഥങ്ങളിലേക്ക് എത്തിനോക്കുവാനുള്ള ഒരു കിളിവാതിലെന്നോണം ഈ പഠനം വായനക്കാർക്ക് പ്രയോജനപ്പെടുമെന്നു ഞങ്ങൾ പ്രത്യാശിക്കുന്നു.

ഇതിന്റെ വിവർത്തനം മൂലഗ്രന്ഥങ്ങളുമായി വളരെ കണിശമായി ഒത്തുനോക്കിയ ശേഷം തയ്യാറാക്കിയിട്ടുള്ളതത്രെ.

ഒരു ലോകവ്യാപക ഇസ്‌ലാമിക പ്രസ്ഥാനമായ അഹ്മദിയ്യാ മുസ്‌ലിം ജമാഅത്ത് ഇന്ത്യയിലെ ഖാദിയാൻ എന്ന ഗ്രാമത്തിൽ 1889–ൽ സ്ഥാപിതമായി. പ്രസ്ഥാനത്തിന്റെ വന്ദ്യസ്ഥാപകരമായ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) താൻ വാഗ്ദത്തം ചെയ്യപ്പെട്ട മതപരിഷ്കർത്താവാണെന്ന് വാദിച്ചു. വിവിധ മതങ്ങളുടെ അനുയായികൾ വ്യത്യസ്തങ്ങളായ പേരുകളിലാണെ

ങ്കിലും അത്തരം ഒരു മതപരിഷ്കർത്താവിന്റെ ആവിർഭാവത്തെ ആകാം ക്ഷയോടെ കാത്തുപോരുകയായിരുന്നു. ഹിന്ദുക്കൾ ശ്രീകൃഷ്ണനെയും ക്രിസ്ത്യാനികൾ മിശിഹാവിനെയും ബുദ്ധമതക്കാർ മഹാത്മാ ബുദ്ധനെയും കാത്തിരിക്കുന്നു; മുസ്ലിംകളാകട്ടെ മഹ്ദീ ഇമാമിനെയും മസീഹിനെയും പ്രതീക്ഷിക്കുന്നു.

ഈ എല്ലാ വാഗ്ദത്തപുരുഷന്മാരെയും പ്രതിനിധാനം ചെയ്യുന്ന ഒരേ ഒരു ആധ്യാത്മിക ഗുരുവാണ് പ്രത്യക്ഷപ്പെടേണ്ടിയിരുന്നതെന്നും, മനുഷ്യവംശം മുഴുവനും ഒരൊറ്റ ലോകമതത്തിന്റെ കൂട്ടായിമയിൽ തന്റെ ദൗത്യം മുഖേന ഒടുവിൽ ഒരുമിച്ചു കൂട്ടപ്പെടുമെന്നുള്ള വിപ്ലവാത്മകമായ ഒരു പ്രഖ്യാപനം ദൈവിക നിർദേശപ്രകാരം ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് (അ) പുറപ്പെടുവിക്കുകയുണ്ടായി. വാഗ്ദത്ത പരിഷ്കർത്താവ് സ്വതന്ത്രാധികാരത്തിലല്ല, ഇസ്ലാം മതപ്രവാചകരായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയുടെ ഒരു സാമന്തനായിട്ടു മാത്രമാണു പ്രത്യക്ഷപ്പെടുകയെന്നും അദ്ദേഹം ഊന്നിപ്പറഞ്ഞു. ഇസ്ലാം മനുഷ്യവംശത്തിനൊട്ടുക്കുമായുള്ള അന്തിമവും പരിപൂർണ്ണവുമായ ജീവിത തത്ത്വസംഹിതയാണെന്ന് അദ്ദേഹം ഉറച്ചു വിശ്വസിച്ചിരുന്നു. അതിനാൽ ഹദ്റത്ത് റസൂലെ അക്റം മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയുടെ സാമന്തനെന്ന നിലയിൽ സകലരും കാത്തിരുന്ന വന്ദ്യഗുരു അഥവാ ആധ്യാത്മികപരിഷ്കർത്താവ് ഇസ്ലാമിക സമൂഹത്തിലാണ് പ്രത്യക്ഷപ്പെടേണ്ടിയിരുന്നതെന്നും, മനുഷ്യൻ ഇക്കാലമത്രയും സ്വപ്നം കാണുകയും ആർത്തിപ്പെടുകയും ചെയ്ത ഒരു സാർവ ലൗകിക മതത്തിന്റെ സുവർണയുഗത്തിലേക്ക് തന്റെ ആവിഭാവം വഴി തുറക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു.

തന്റെ ആവിർഭാവത്തിന്റെ ലക്ഷ്യങ്ങളും ഉദ്ദേശ്യങ്ങളും സാക്ഷാത്കരിക്കപ്പെടാനുള്ള പ്രവൃത്തിപഥം വെട്ടിത്തെളിക്കുന്നതിനായി ഒരു സമൂഹത്തിന്റെ അടിത്തറയിടുവാൻ 1889-ൽ അദ്ദേഹം അല്ലാഹുവിനാൽ നിർദേശിക്കപ്പെട്ടു. അങ്ങനെ 1889 മാർച്ച് 23-ാം തീയതി, തന്റെ ദൗത്യത്തിൽ ഉറച്ചു വിശ്വസിച്ച അനുയായികളിൽനിന്ന് അദ്ദേഹം ബൈഅത്ത് (അനുസരണപ്രതിജ്ഞ) സ്വീകരിക്കുകയും, ഇന്ത്യയിലെ പഞ്ചാബ് സംസ്ഥാനത്തിൽ പെട്ട ഒരു നഗരമായ ലുധിയാനയിൽ വച്ച് ഒരു ജമാഅത്തിന്റെ രൂപീകരണം ഔപചാരികമായി പ്രഖ്യാപിക്കുകയും ചെയ്തു.

1947-ലെ ഇന്ത്യാവിഭജനത്തിനുശേഷം അഹ്മദിയ്യാ ജമാഅത്തിന്റെ തലസ്ഥാനം ഇന്ത്യയിൽനിന്നും പാക്കിസ്ഥാനിലേക്ക് സ്ഥലം മാറ്റം ചെയ്യപ്പെട്ടു. അവിടെ അഹ്മദികൾ റബ്വ എന്ന പേരിൽ ഒരു കൊച്ചുപട്ടണം പടുത്തുയർത്തി. അഹ്മദിയ്യാ ജമാഅത്തിന്റെ ഇമാമും ഒരു വലിയ സംഘം അഹ്മദീമുസ്ലിംകളും ഇന്ത്യയിൽനിന്നും പാക്കിസ്ഥാനിലേക്ക് മാറിത്താമസിച്ചതോടെ ഇത് അവരുടെ ആഗോളപ്രവർത്തനങ്ങളുടെ സിരാകേന്ദ്രമായിത്തീർന്നു.

അഹ്മദിയ്യാ ജമാഅത്തിനെതിരായി ശത്രുക്കളിൽനിന്നുള്ള അനേകം എതിർ പ്രസ്ഥാനങ്ങൾ കാലാകാലങ്ങളിലായി പ്രത്യക്ഷപ്പെട്ടുകൊണ്ടിരുന്നിട്ടുണ്ട്. 1953–ലും തുടർന്ന് 1974–ലും 1984–ലും ഉണ്ടായ പ്രക്ഷോഭങ്ങളാണ് അവയിൽ ഏറ്റവും പ്രസിദ്ധങ്ങളായിട്ടുള്ളവ. ഒടുവിൽ നടന്ന പ്രക്ഷോഭമാവട്ടെ, പാക്കി സ്ഥാൻ ഗവൺമെന്റിന്റെ പരിപൂർണ പിന്തുണയോടും സമഗ്ര പങ്കാളിത്ത ത്തിലും അഴിച്ചുവിടപ്പെട്ടതായിരുന്നു. അന്നത്തെ പാക്കിസ്ഥാൻ ഏകാധിപ തിയായിരുന്നു ജനറൽ സിയാ–ഉൾ–ഹഖ് അഹ്മദിയ്യാ വിരുദ്ധ ഓർഡിനൻസ് നടപ്പാക്കിത്തുടങ്ങിയതു മുതൽ പലവിധ കർക്കശ നടപടികൾ സ്വീകരിച്ചു കൊണ്ടു ജമാഅത്തിന്റെ പുരോഗതിയെ തടയുകയും അതോടൊപ്പംതന്നെ ജമാഅത്തിലെ അംഗങ്ങൾക്ക് അടിസ്ഥാന മനുഷ്യാവകാശങ്ങൾ പോലും നി ഷേധിക്കുന്നതിനു പല നടപടികൾ സ്വീകരിക്കുകയും ചെയ്തു.

അഹ്മദിയ്യാ ജമാഅത്തിനു വൻത്യാഗങ്ങൾ വരിക്കേണ്ടിവന്നിരുന്നു എന്ന തൊരു വസ്തുതയാണെങ്കിലും ഗവൺമെന്റിന്റെയും, ആ ഗവൺമെന്റിന്റെ മനുഷ്യത്വരഹിതനടപടികൾക്കു പിന്തുണ നല്കിപ്പോന്ന ഉലമാ വർഗത്തി ന്റെയും എല്ലാ പരിശ്രമങ്ങളും അല്ലാഹു സഹായാനുഗ്രഹങ്ങളാൽ തകർന്ന തരിപ്പണമായിത്തീരുകയാണുണ്ടായത്!

ലോകത്തിന്റെ ഇതരഭാഗങ്ങളെ സംബന്ധിച്ചിടത്തോളം ഈ ശത്രുതാ പ്ര വർത്തനങ്ങളെത്തുടർന്ന് അഹ്മദികൾ ക്ഷമയോടും നിശ്ചയദാർഢ്യത്തോ ടും ആവേശത്തോടും യുവീകരണവ്യഗ്രതയോടും കൂടി അതിൽ പ്രതികരി ക്കുകതന്നെ ചെയ്തു. തത്ഫലമായി അഹ്മദിയ്യാ ജമാഅത്തിന്റെ പുരോ ഗതി എത്രയോ മടങ്ങു വർധിച്ചിരിക്കുകയാണ്!

നിലനില്പിനുവേണ്ടിയുള്ള ഈ ത്രീവ്രമായ പിടപ്പിലും, മനുഷ്യാവകാശ ങ്ങൾക്കു വേണ്ടിയുള്ള നിരന്തരസമരത്തിലും ആയിരക്കണക്കിലുള്ള അഹ് മദികൾ അതികഠോരമായ മർദനങ്ങൾക്ക് വിധേയരായിത്തീർന്നു. അതിനും പുറമെ തടവും ക്രൂരമായ ശാരീരിക പീഡനങ്ങളും വംശവിച്ഛേദനത്തിനുള്ള ശ്രമങ്ങൾ വരെയും അവർക്കെതിരിൽ നടപ്പാക്കപ്പെടുകയുണ്ടായി.

1989–ലെ ശതവാർഷിക വത്സരത്തിൽ നടപ്പാക്കാനുദ്ദേശിക്കുന്ന ലോക വ്യാപകമായ കൃത്ജ്ഞതാപരിപാടികളിൽ ഏറ്റവും പ്രധാനപ്പെട്ടത് വിശുദ്ധ ഖുർആന്റെയും തിരുനബിവചനങ്ങളുടെയും വാഗ്ദത്ത മസീഹിന്റെ തിര ഞ്ഞെടുത്ത ലിഖിതങ്ങളുടെയും വിവർത്തനങ്ങൾ നൂറു ഭാഷകളിൽ പ്രസി ദ്ധപ്പെടുത്തുകയെന്നുള്ളതാണ്. അഭിമാന്യവും അനുഗൃഹീതവുമായ ഈ പദ്ധതിയുടെ ഭാഗികസാക്ഷാത്കാരമാണ് ഈ കൊച്ചുപുസ്തകം.

# അല്ലാഹു

1. നമ്മുടെ സ്വർഗം നമ്മുടെ ദൈവമാകുന്നു. നമ്മുടെ ഉയർന്ന ആനന്ദാനുഭൂതികളത്രയും നമ്മുടെ ദൈവത്തിലാകുന്നു. എന്തെന്നാൽ, ഞാൻ അവനെ കാണുകയും എല്ലാ സൗന്ദര്യങ്ങളും അവനിൽ ദർശിക്കുകയും ചെയ്തിരിക്കുന്നു. ജീവൻ കളഞ്ഞിട്ടും കൈവരിക്കേണ്ട സമ്പത്താണിത്. സർവവും നഷ്ടപ്പെടുത്തിയിട്ടും വിലയ്ക്കെടുക്കേണ്ട മാണിക്യക്കല്ലാണിത്. അല്ലയോ നിർഭാഗ്യരേ! ഇതാ ഈ നീരുറവയിലേക്ക് ഓടിവരിൻ! ഇതു നിങ്ങൾക്കു ദാഹശമനം വരുത്തും. ഇതു നിങ്ങളെ രക്ഷപ്പെടുത്തുന്ന ജീവിതസ്രോതസ്സാകുന്നു. ഞാനെന്തു ചെയ്യണം! എങ്ങനെ ഞാനീ സന്തോഷവാർത്ത നിങ്ങളുടെ ഹൃദയത്തിലെത്തിക്കും? ഏതു ചെണ്ട കൊട്ടിയാണ്, 'ഇതാ നിങ്ങളുടെ ദൈവം' എന്നു ജനങ്ങളെ അറിയിക്കാനുള്ള പ്രഖ്യാപനം ഞാൻ നടത്തേണ്ടത്; ജനങ്ങൾ കേൾക്കുമാറാകാൻ! അവരുടെ കാതുകളിൽ ഏതു ഔഷധം പ്രയോഗിച്ചാണ് ഞാൻ ചികിത്സിക്കേണ്ടത്; അവ തുറക്കുമാറാകാൻ! നിങ്ങൾ ദൈവത്തിന്റേതായി മാറുമെങ്കിൽ ഓർത്തുകൊള്ളുവിൻ. നിശ്ചയമായും ദൈവം നിങ്ങളുടേതു തന്നെയായിരിക്കും! (റൂഹാനീ ഖസായിൻ, വാല്യം 19. ഭാ. 21–22; കിശ്തീ നൂഹ്)

2. അല്ലയോ കേൾവിക്കാരേ, കേട്ടുകൊൾവിൻ! ദൈവം നിങ്ങളിൽനിന്നും എന്താണ് ആഗ്രഹിക്കുന്നത്? നിങ്ങൾ അവന്റേതായി മാറണം എന്നുതന്നെ. അവനോടൊപ്പം ആരെയും നിങ്ങൾ കൂട്ടുചേർക്കായ്വിൻ, ആകാശത്തിലെന്നല്ല, ഭൂമിയിലും. നമ്മുടെ ദൈവം മുമ്പെന്നത്തേയും പോലെ ഇപ്പോഴും ജീവിച്ചിരിക്കുന്ന ദൈവമാകുന്നു. പണ്ടെല്ലാം സംസാരിച്ചുകൊണ്ടിരുന്നതുപോലെ ഇന്നും സംസാരിക്കുന്നവനാകുന്നു. പണ്ടെല്ലാം കേട്ടുകൊണ്ടിരുന്നതുപോലെ ഇപ്പോഴും കേൾക്കുന്നവനും തന്നെ. അവൻ കേൾക്കുന്നവനാണെങ്കിലും ഇപ്പോൾ സംസാരിക്കുന്നില്ല എന്നത് വ്യർഥവിചാരം മാത്രമാകുന്നു. അവൻ കേൾക്കുകയും സംസാരിക്കുകയും ചെയ്യുന്നു, അവന്റെ ഗുണവിശേഷങ്ങളെല്ലാം അനാദ്യവും അനന്തവുമാണ്. ഒരു ഗുണവും നിഷ്ക്രിയമായിട്ടില്ല. ഒരിക്കലും നിഷ്ക്രിയമാകുന്നതുമല്ല. അവൻ ഏകനും കൂട്ടുകാരില്ലാത്തവനുമാ

യിത്തന്നെയിരിക്കുന്നു. അവനു പുത്രനുമില്ല, കളത്രവുമില്ല. അവൻ നിസ്തുല്യനുമാകുന്നു. അവനെപ്പോലെ ഒരുത്തനും ഏതെങ്കിലും സവിശേഷഗുണങ്ങളാൽ പ്രത്യേകപ്പെടുത്തപ്പെട്ടിട്ടില്ല. അവനോടു സാമ്യനായി ആരുമില്ല. അവനു അനുഗുണമായും ആരുമില്ല. അവന്റെ ഒരു ശക്തിക്കും കുറവു പറ്റുകയില്ല. അവൻ അകലത്തുള്ളവനാണെങ്കിലും അടുത്തുള്ളവനാണ്, അടുത്താണെങ്കിലും അവൻ അകലത്താകുന്നു.... അവൻ പ്രതിബിംബാത്മകമായി 'കശ്ഫ്'കാർക്ക് സ്വയം വെളിപ്പെടുത്തുന്നുവെങ്കിലും അവനു ശരീരമില്ല. അവൻ എല്ലാറ്റിലും മേലെയാകുന്നു. എന്നാൽ, അവന്റെ കീഴെ മറ്റൊരെങ്കിലും ഉണ്ടെന്നും പറഞ്ഞുകൂടാ. അവൻ അർശിലാണെങ്കിലും ഭൂമിയിലില്ലെന്നു പറയാവതല്ല. എല്ലാ പരിപൂർണഗുണങ്ങളുടെയും സമവായമാണവൻ. എല്ലാ യഥാർഥ സദ്ഗുണങ്ങളുടെയും പ്രതിരൂപമാണവൻ. എല്ലാ നന്മകളുടെയും ഉറവിടമാണവൻ. എല്ലാ ശക്തികളുടെയും കേന്ദ്രസ്ഥാനമാണവൻ. എല്ലാ അനുഗ്രഹങ്ങളുടെയും നിർഗമസ്ഥാനവും അവൻ തന്നെ. എല്ലാ ഓരോ വസ്തുവിന്റെയും മടക്കവും അവനിലേക്കാകുന്നു. എല്ലാ ഓരോ രാജ്യത്തിന്റെയും ഉടമസ്ഥൻ അവനാകുന്നു.  അവൻ എല്ലാ പരിപൂർണഗുണങ്ങളുടെയും സമന്വിതമാകുന്നു. അവൻ എല്ലാ കുറവുകളിൽനിന്നും എല്ലാ ബലഹീനതകളിൽനിന്നും അതീതനാകുന്നു. ഭൂമിയിലും ആകാശത്തിലുമുള്ളവർ അവനെ മാത്രമേ ആരാധിക്കാവൂ എന്ന കാര്യത്തിൽ പ്രത്യേകമാക്കപ്പെട്ടവനത്രെ അവൻ. (റൂഹാനീ ഖസായിൽ, വാല്യം 20, ഭാ. 309,310; അൽവസിയ്യത്ത് ഭാ. 11,12)

# ദൈവദർശനം

3. ഈ ലോകത്തുവച്ചു ദൈവത്തെ കാണുന്നതിനു ഭാഗ്യം സിദ്ധിച്ചിട്ടില്ലാത്തവൻ അന്ത്യനാളിലും അന്ധകാരത്തിൽ അകപ്പെട്ടിരിക്കും. അല്ലാഹു പറയുന്നു; 'ഏതൊരുവൻ ഈ ലോകത്ത് കുരുടനാണോ അവൻ പരലോകത്തും കുരുടനായിരിക്കും.' (17:73) (റൂഹാനീ ഖസായിൻ, വാല്യം 13, ഭാ. 65; കിതാബുൽ ബരിയ്യ ഭാ. 47)

4. ഏതൊരുവന്റെ ആത്മാവിൽ പരമാർഥതത്വമറിയാനുള്ള ജിജ്ഞാസയുണ്ടോ അവൻ ഉണർന്ന് അന്വേഷിച്ചുകൊള്ളട്ടെ. ഞാൻ സത്യമായും പറയുന്നു, ആത്മാവിൽ യഥാർഥമായ ജിജ്ഞാസയും ഹൃദയത്തിൽ സത്യനിഷ്ഠമായ തൃഷ്ണയും ഉണ്ടെങ്കിൽ ജനങ്ങൾ പ്രസ്തുത മാർഗമന്വേഷിക്കുകയും തേടിനടക്കുകയും ചെയ്യുന്നതായിരിക്കും. എന്നാൽ, ഈ മാർഗം തുറന്നുകിട്ടുന്നതെങ്ങനെ? അതിന്റെ തിരശ്ശീല നീങ്ങിക്കിട്ടാനുള്ള ഉപായമെന്ത്? ഇസ്‌ലാം മാത്രമാണ് മുമുക്ഷുക്കൾക്ക് ഈ ആനന്ദപദവി വാഗ്ദാനം ചെയ്യുകയും അതിനെക്കുറിച്ച് ശുഭവാർത്ത നല്കുകയും ചെയ്യുന്നത് എന്നു സത്യാന്വേഷികളെ ഞാൻ തെര്യപ്പെടുത്തിക്കൊള്ളുന്നു. ഇതരമതക്കാരാകട്ടെ ദൈവഭാഷണമാകുന്ന അനുഗ്രഹത്തിന്റെ കവാടം വളരെക്കാലമായി ബന്ധിക്കപ്പെട്ടുപോയിരിക്കുന്നതായി സമ്മതിക്കുകയാണ്. എന്നാൽ അവർ പറയുന്നതുപോലെ ദൈവം ഈ മാർഗം നിരോധിക്കുകയുണ്ടായിട്ടില്ല. അതിലേക്ക് പ്രവേശനം സിദ്ധിക്കാതെ ശൂന്യഹൃദയരായി ഭവിച്ചവരുടെ നിരാശാജന്യമായ സങ്കല്പം മാത്രമാണത്. നമുക്ക് കണ്ണുകൾ കൂടാതെ കാണുവാനോ കാതുകൾ കൂടാതെ കേൾക്കുവാനോ സാധിക്കാത്ത പ്രകാരം തന്നെ വിശുദ്ധ ഖുർആന്റെ സഹായം കൂടാതെ ആ യഥാർഥ പ്രണയിതാവിന്റെ തിരുമുഖം കാൺമാൻ സാധിക്കുന്നതല്ല. ഞാൻ യൗവനദശയെക്കടന്നു ഇതാ വയോധികനായിരിക്കുന്നു. ഈ ദീർഘകാലജീവിതത്തിൽ വിശുദ്ധജ്ഞാനത്തിന്റെ ഉറവിടമായ ഈ മാർഗത്തിലൂടെയല്ലാതെ പരമാർഥജ്ഞാനമാകുന്ന പീയൂഷം പാനം ചെയ്തു തൃപ്തിയടഞ്ഞിട്ടുള്ളവരായി ഞാനാരെയും കാണുകയുണ്ടായില്ല. (റൂഹാനീ ഖസായിൻ, വാല്യം 10, ഭാ. 442; ഇസ്‌ലാമീ ഉസൂൽ കീ ഫലാസിഫി ഭാ. 122, 129)

5. ആ പ്രകാശസ്രോതസ്സിന്റെ ദ്യുതിവിലാസം
എത്ര പ്രത്യക്ഷം;
പ്രപഞ്ചമാകെ ഒരു നയന ദർപ്പണമായി മാറുകയാണ്!

ഞാനിന്നലെ ചന്ദ്രബിംബത്തെ
നോക്കി തരളിതനായിപ്പോയി.
എന്റെ പ്രിയതമന്റെ സുന്ദരവദനം
അതിൽ പ്രതിബിംബിക്കുന്നുണ്ടായിരുന്നു.

ആ സൗന്ദര്യരൂപത്താൽ
എന്റെ ഹൃദയത്തിൽ ആവേശത്തിമർപ്പാണ്;
തുർക്കിയുടെയോ താർത്താരിയുടെയോ
കാര്യമൊന്നും ഇപ്പോൾ എന്നോടു പറയേണ്ട.

ഓ പ്രിയനായുള്ളോവേ,
എങ്ങും നിന്റെ വിസ്മാപകമായ
സർഗചൈതന്യം പ്രത്യക്ഷപ്പെടുന്നു;
എവിടെ നോക്കിയാലും
നിന്റെ സന്നിധിയിലേക്കുള്ള വീഥി മാത്രം

സൂര്യന്റെ സ്രോതസ്സിൽ
നിന്റെ ചൈതന്യത്തിന്റെ
ഊർമികളെ ഞാൻ കാണുന്നു;
താരകയോരോന്നിലും
നിന്റെ മഹിമകളിയാടുന്നു.

നീ നിന്റെ
സ്വന്തം കൈകളാൽ തന്നെ
ഉൾക്കാമ്പുകളിൽ
ഉപ്പുവാരി വിതറിയല്ലോ;
അതിനാലത്രെ വ്യഥിതചിത്തരായ
കാമുകന്മാരുടെ പ്രേമപാരവശ്യത്തിന്റെ
ആ ദുഃഖവിലാപങ്ങൾ.

എന്തുമാത്രം അത്ഭുതശക്തികളാണ്
ഓരോ അണുകയിലും
നീ ഉൾക്കൊള്ളിച്ചിരിക്കുന്നത്!
ഈ രഹസ്യജ്ഞാനങ്ങളുടെ
മുഴുവൻ കലവറയും പഠിച്ചു
തീർക്കാൻ ആർക്കു കഴിയും?

നിന്റെ അത്ഭുതകരമായ
ശക്തിപ്രതാപങ്ങളുടെ അറ്റം
കണ്ടെത്തുവാൻ ആർക്കും സാധ്യമല്ല;
ഈ പ്രഹേളികയുടെ കുരുക്കഴിക്കാൻ ആരുണ്ട്?

എല്ലാ സൗകുമാര്യങ്ങളിലും നിന്റെ
അഴകിന്റെ ലാവണ്യമത്രെ വിലസുന്നത്;
എല്ലാ പൂവിലെയും പൂവാടികളിലെയും
വർണരാജികൾ നിന്റെ
പൂനിറങ്ങിൽ നിന്നുള്ളതല്ലോ!

ഓരോ സുന്ദരന്റെ
ഉന്മത്തനയനങ്ങൾ
ഓരോ നിമിഷത്തിലും
നിന്നെ കാണിച്ചുതരുന്നു;
എല്ലാ ചുരുൾകൂന്തലുകളുടെയും
കൈചൂണ്ടുന്നതു
നിന്റെ നേർക്കാകുന്നു.
(റൂഹാനീ ഖസായിൻ, വാല്യം 2, ഭാ. 52; സുർമചശ്മെ ആര്യ ഭാ. 52)

6. 'തൗഹീദ്' ഒരു പ്രകാശമാകുന്നു. ആന്തരീയമോ ബാഹ്യമോ ആയ ലോകത്തിലെ എല്ലാ ദുർദൈവതങ്ങളുടെയും നിരാകരണത്തിനുശേഷം മാത്രം ഹൃദയത്തിൽ ഉടലെടുക്കുന്ന ഒന്നാകുന്നു അത്. മനുഷ്യസത്തയുടെ ഓരോ അണുവിലും അതു വ്യാപിക്കുമാറാകുന്നു. ദൈവത്തിന്റെയും അവന്റെ തിരുദൂതരുടെയും സഹായമില്ലാതെ സ്വശക്തികൊണ്ടു മാത്രം അതെങ്ങനെ സംപ്രാപ്തമാകും? തന്റെ അഹന്തയ്ക്ക് അറുതി

വരുത്തുകയും പൈശാചികമായ അഹങ്കാരത്തെ കൈയൊഴിക്കുകയും ചെയ്ക എന്നതുമാത്രമാണ് മനുഷ്യന്റെ കർത്തവ്യം. അറിവിൽ വളർന്ന വനാണെങ്കിലും അറിവില്ലാത്തവനായി സ്വയം കരുതുകയും പ്രാർഥന യിൽ നിരതനായിരിക്കുകയും വേണ്ടതാണ്. അപ്പോഴാണ് 'തൗഹീദ്'ന്റെ പ്രകാശം ദൈവത്തിൽനിന്ന് അവനിൽ ഇറങ്ങുക. അതോടെ അയാൾക്ക് പുതിയൊരു ജീവിതം പ്രദാനം ചെയ്യപ്പെടുന്നു. (റൂഹാനീ ഖസായിൻ, വാള്യം 22 ഭാ 148. ഹഖീഖത്തുൽ വഹ്‌യ്)

7. ആ ദൈവം വളരെയധികം കൂറു കാട്ടുന്ന ദൈവമത്രെ. കൂറുകാട്ടുന്നവ ർക്കുവേണ്ടി അവന്റെ അത്ഭുതാവഹങ്ങളായ പ്രവൃത്തികൾ വെളിപ്പെടു മാറാകുന്നു. ലോകം അവരെ തിന്നുകളയാൻ ആഗ്രഹിക്കുന്നു. ഓരോ ശത്രുവും അവരുടെ നേരെ പല്ലിറുമ്മുന്നു. എന്നാൽ അവരുടെ സ്നേ ഹിതനായിട്ടുള്ളവനുണ്ടല്ലോ, അവൻ എല്ലാ നാശവൃത്തങ്ങളിൽനിന്നും അവരെ രക്ഷിക്കുന്നു. എല്ലാ രംഗങ്ങളിലും അവർക്ക് വിജയം നല്കി അനുഗ്രഹിക്കുകയും ചെയ്യുന്നു. ആ ദൈവത്തിന്റെ ആശ്രയം കൈവി ടാത്തവൻ എത്രമേൽ ഭാഗ്യപൂർണൻ! (റൂഹാനീ ഖസായിൻ, വാള്യം 19, ഭാ 20; കിശ്ത്തീനൂഹ് ഭാ 22)

# കൂറുള്ളവരോടു ദൈവത്തിന്റെ പെരുമാറ്റം

8. യാഥാർഥ്യം എന്തെന്നാൽ ദൈവം വളരെ ശക്തിമാനും ഊക്കുള്ള വനും ആകുന്നു. സ്നേഹത്തോടും കൂറോടും കൂടി അവന്റെ മുമ്പിൽ തലകുനിക്കുന്നവർ ഒരിക്കലും നശിപ്പിക്കപ്പെടുകയില്ല. ശത്രു പറയു ന്നു, തന്റെ ആസൂത്രണം വഴി അവരെ നശിപ്പിച്ചുകളയാമെന്ന്! ദുർവി ചാരക്കാരൻ വിഭാവനം ചെയ്യുന്നു. തനിക്കവരെ ചതച്ചുകളയാമെന്ന്! എന്നാൽ ദൈവം പറയുന്നു, അല്ലയോ അവിവേകി! നീ എന്നോടു പൊരുതുമോ? എന്റെ പ്രിയപ്പെട്ടവനെ എളിമയിലാക്കുവാൻ നിനക്കു കഴിയുമോ? യഥാർഥത്തിൽ സ്വർഗത്തിൽവച്ചു നേരത്തെ എന്തു തീരു മാനിക്കപ്പെട്ടുവോ അതല്ലാതെ ഭൂമിയിൽ ഒന്നും നടക്കുന്നില്ല. ആകാശ ത്തിൽനിന്നു നീട്ടപ്പെട്ട കയ്യോളം ഭൂമിയിൽ ഒരു കൈക്കും നീളം ഉണ്ടാ കുകയില്ല. ആകയാൽ, ദ്രോഹകൃത്യങ്ങൾ ആസൂത്രണം ചെയ്യുന്നവർ അവിഹിതവും ലജ്ജാകരവുമായ ഗൂഢാലോചനകൾ നടത്തുമ്പോൾ, ആരുടെ ഇച്ഛ കൂടാതെ ഒരിലപോലും കൊഴിയുമാറില്ലയോ ആ മേലാ യശക്തിയെക്കുറിച്ചു ഓർക്കാതിരിക്കുന്നുവെങ്കിൽ അവർ ബുദ്ധിശൂന്യ രാകുന്നു. അവർ തങ്ങളുടെ ഉദ്ദേശ്യങ്ങളിൽ എപ്പോഴും ലജ്ജിതരും പ രാജിതരുമായിത്തന്നെയിരിക്കും. അവരുടെ അകൃത്യങ്ങൾ കാരണം സദ്വൃത്തന്മാർക്ക് യാതൊരു ഉപദ്രവവുമേല്ക്കുകയില്ല. മറിച്ച്, അതു മുഖേന ദൈവികമായ ദൃഷ്ടാന്തം വെളിപ്പെടുകയും അല്ലാഹുവിന്റെ സൃഷ്ടികളിൽ ദൈവജ്ഞാനം വർധിക്കുമാറാകുകയും ചെയ്യുന്നു. സർവശക്തനും പ്രതാപവാനുമായ അല്ലാഹു ബാഹ്യദൃഷ്ടികൾക്ക് ഗോചരീഭവിക്കുന്നില്ലെങ്കിലും അത്ഭുതാവഹങ്ങളായ ദൃഷ്ടാന്തങ്ങളി ലൂടെ സ്വയം വെളിപ്പെടുത്തുകയാണ് ചെയ്യുന്നത്. (റൂഹാനീ ഖസായിൻ, വാ ള്യം 13, ഭാ. 19, 20; കിതാബുൽ ബരിയ്യ, മുഖദ്ദിമ ഭാ. 1,2)

9. അല്ലാഹു ആകാശഭൂമികളുടെ പ്രകാശമാകുന്നു. എന്നുവച്ചാൽ ഉയ ർച്ചകളിലും താഴ്ചകളിലും കാണപ്പെടുന്ന എല്ലാ ഓരോ പ്രകാശവും അതു ആത്മാക്കളിലായാലും ശരീരങ്ങളിലായാലും, വസ്തുനിഷ്ഠമാ

യാലും പ്രതിരൂപപരമായാലും, പ്രത്യക്ഷമായാലും പരോക്ഷമായാലും, ബൗദ്ധികമായാലും ഇതരമായാലും അല്ലാഹുവിന്റെ മാത്രം അനുഗ്രഹങ്ങളിൽനിന്നുള്ള ദാനമാകുന്നു. സർവലോകരക്ഷിതാവായ അല്ലാഹുവിന്റെ പൊതുവായ അനുഗ്രഹം എല്ലാ വസ്തുക്കളെയും ആവരണം ചെയ്യപ്പെട്ടിരിക്കുന്നുവെന്നും അവന്റെ അനുഗ്രഹത്തിൽനിന്ന് ഒരു വസ്തുവും ഒഴിഞ്ഞുപോയിട്ടില്ലെന്നും ഉള്ള വസ്തുതയെയാണ് ഇതു സൂചിപ്പിക്കുന്നത്. എല്ലാ അനുഗ്രഹങ്ങളുടെയും പ്രഭവസ്ഥാനം അവനത്രെ. എല്ലാ പ്രകാശങ്ങളുടെയും മൂലകാരണവും എല്ലാ കാരുണ്യങ്ങളുടെയും സ്രോതസ്സും അവനാകുന്നു. അവന്റെ യഥാർഥ സത്തയത്രെ സകല ലോകത്തിന്റെയും നിലനില്പിനു നിദാനവും മുകളിലും താഴത്തുമുള്ള സകലവസ്തുക്കളുടെയും ആശ്രയസ്ഥാനവും. എല്ലാ വസ്തുക്കളെയും ഇല്ലായ്മയുടെ ഇരുട്ടിൽനിന്നു പുറത്തുകൊണ്ടുവന്നു അസ്തിത്വത്തിന്റെ ആടയണിയിച്ചവനും അവൻ തന്നെയാകുന്നു. അവശ്യംഭവവും നിത്യവുമായിട്ടുള്ള സത്ത അവന്റേതല്ലാതെ മറ്റൊരു സത്തയുമല്ല. അഥവാ അവനിൽനിന്നു അനുഗ്രഹം സ്വീകരിക്കാത്തതായി ഒന്നുംതന്നെയില്ല. മറിച്ച്, മണ്ണും ആകാശതലങ്ങളും മനുഷ്യനും ജന്തുവും, കല്ലും മരവും, ആത്മാവും ശരീരവും എല്ലാം അവന്റെ മാത്രം അനുഗ്രഹങ്ങളിൽനിന്നും ഉൺമയെ പ്രാപിച്ചവയത്രെ. (ബറാഹീനെ അഹ്മദിയ്യാ അടിക്കുറിപ്പ്: റൂഹാനീ ഖസായിൻ വാല്യം 1, അടിക്കുറിപ്പ് 191, 192)

10. നിത്യനായുള്ളവൻ നിസ്തുല്യനായവൻ
നിർമമശക്തിയവനല്ലോ സ്തോത്രങ്ങൾ
ബാക്കിയാകുമവ, നെല്ലാമെ നശ്വരം
ചിത്ത മനുഷ്യങ്ങളിലൂന്നുന്നതേ ചിത്രം
മൽ പ്രേമലക്ഷ്യമവൻ, സർവമന്യം
ഹൃത്തിലിതേരവം: ' സുബ്ഹാനമയ്യറാനി'
ആലംബബിംബം, പ്രത്യക്ഷകാരുണ്യവും
സ്നേഹത്തിടമ്പവനെങ്കൽ തൻ പ്രാണപ്രിയൻ
ആവതല്ലാ, അവനില്ലാത്ത ജീവിതം
വ്യാജമല്ലോ അവനല്ലാത്ത സർവവും
ഇദ്ദിനം നീയനുഗ്രഹിച്ചിടേണം
ഹൃത്തിലതേ രവം: 'സുബ്ഹാന മയ്യറാനി '
(റൂഹാനീ ഖസായിൻ, വാല്യം 12, ഭാ. 319; മഹ്മൂദ് കീ ആമീൻ ഭാ.3)

# ഹദ്റത്ത് മുഹമ്മദ്നബി(സ)

11. മനുഷ്യരിൽവച്ച് ഏറ്റവും പരിപൂർണനായ മനുഷ്യനു പ്രദാനം ചെയ്യപ്പെട്ട ആ അതിമഹത്തായ പ്രകാശം മലക്കുകളിലോ നക്ഷത്രങ്ങളിലോ സൂര്യനിലോ സമുദ്രത്തിലോ നദിയിലോ ഉണ്ടായിരുന്നില്ല. വൈഢൂര്യങ്ങളിലോ മാണിക്യക്കല്ലുകളിലോ രത്നങ്ങളിലോ മുത്തുകളിലോ അതു കണ്ടെത്താവുന്നതായിരുന്നില്ല. ചുരുക്കത്തിൽ ഭൗമികമോ വാനവമോ ആയ യാതൊരു വസ്തുവിലും അതുണ്ടായിരുന്നില്ല. അതു മനുഷ്യരിൽ മാത്രമേയുള്ളു; പരിപൂർണനായ മനുഷ്യനിൽ. എന്നുവച്ചാൽ അതിശ്രേഷ്ഠവും പരിപൂർണവും ഉദാത്തവും സർവോത്തരവും അത്യുൽകൃഷ്ടവും ആയ സ്ഥാനമുടയ വ്യക്തിയിൽ. നബിമാരുടെ നായകരും ആത്മീയമായി ജീവിച്ചിരിക്കുന്നവരുടെയെല്ലാം നേതാവും ആയ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയിൽ മാത്രമാണ് തികവാർന്ന നിലയിൽ അതു വെളിപ്പെട്ടത്. ചുരുക്കത്തിൽ ആ തേജസ്സ് ആ മനുഷ്യനാണ് നല്കപ്പെട്ടത്. അപ്രകാരം തന്നെ, ഒരളവോളം പലനിലയിലും അവിടത്തോട് സാമ്യസാദൃശ്യങ്ങൾ പുലർത്തുന്ന എല്ലാവർക്കും തന്നെ.... ഈ തേജോവിലാസം അത്യുന്നതവും പരിപൂർണവും തികവുറ്റതുമായ നിലയിൽ നമ്മുടെ നേതാവും നമ്മുടെ സ്നേഹഭാജനവും നമ്മുടെ മാർഗദർശിയും ആയ ആ നിരക്ഷരപ്രവാചകൻ, അതെ, സത്യവാനും സത്യസാക്ഷിതനുമായ മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയിലാണ് ദൃശ്യമായിരുന്നത്. (റൂഹാനീ ഖസായിൻ, വാല്യം 5 ഭാ 160, 162; ആയിനയെ കമാലാത്തെ ഇസ്‌ലാം)

12. ഞാൻ എപ്പോഴും അത്ഭുതദൃഷ്ടികളോടെയാണ് നോക്കിക്കാണുന്നത്, മുഹമ്മദ് എന്നുപേരുള്ള ഈ അറബി പ്രവാചകൻ (ആയിരമായിരം സലാത്തും സലാമും അവിടത്തെ മേൽ വർഷിക്കപ്പെടട്ടെ!) എത്രമേൽ ഉൽകൃഷ്ടപദവിയാർന്ന നബിയാണ്! അവിടത്തെ ഔന്നത്യത്തിന്റെ അറ്റം കണ്ടെത്തുക അസാധ്യം തന്നെ! അവിടത്തെ ദിവ്യശക്തിപ്രഭാവം കണക്കാക്കുക മനുഷ്യന്റെ കഴിവിൽപ്പെട്ടതല്ല. അഹോകഷ്ടം! അവിടത്തെ യഥാർഥ പദവി അതർഹിക്കുംവിധം അംഗീകരിക്കപ്പെടുമാ

റായില്ല. ലോകത്തുനിന്നും തികച്ചും അപ്രത്യക്ഷമായി കഴിഞ്ഞിരുന്ന ആ 'തൗഹീദ്' അഥവാ ഏകദൈവ വിശ്വാസം വീണ്ടും ഈ ലോകത്ത് തിരിച്ചുകൊണ്ടുവന്ന വീരാത്മാവ് അവിടന്നത്രെ. അവിടന്നു ദൈവത്തോട് അങ്ങേയറ്റത്തെ സ്നേഹംപുലർത്തി. മനുഷ്യകുലത്തോടുള്ള സഹാനുഭൂതിയിൽ അദ്ദേഹം ആത്മാർപണം ചെയ്തു. മുമ്പുള്ളവരും പിമ്പുള്ളവരുമായ സകല പ്രവാചകന്മാരെക്കാളും ശ്രേഷ്ഠത്വം അല്ലാഹു അദ്ദേഹത്തിനു നല്കുകയും അദ്ദേഹത്തിന്റെ ആഗ്രഹങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽ അദ്ദേഹത്തിനു സാധിപ്പിച്ചുകൊടുക്കുകയും ചെയ്തു. (റൂഹാനീ ഖസായിൻ, വാല്യം 22 ഭാ. 118, 119. ഹഖീഖത്തുൽ വഹ്യ്)

13. നമ്മുടെ നബി(സ) എല്ലാ പ്രവാചകന്മാരുടെയും നാമങ്ങളെ തന്നിൽ സമാഹരിച്ചിരിക്കുന്നു. മറ്റെല്ലാ പ്രവാചകന്മാരിലുമുള്ള വിവിധങ്ങളായ വിശിഷ്ടഗുണങ്ങളെല്ലാം അദ്ദേഹത്തിൽ വിളക്കിച്ചേർക്കപ്പെട്ടിരിക്കുന്നു. അതുകാരണം അവിടന്നു മൂസായും ഈസായും ആദമും ഇബ്റാഹീമും യൂസുഫും യഅ്ഖൂബും തന്നെ. ഇതിലേക്ക് സൂചന നല്കിക്കൊണ്ട് അല്ലാഹു പറയുന്നു: ' നീ അവരുടെ മാർഗം പിന്തുടർന്നു കൊള്ളുക.'(6:91) അതായത്, അല്ലയോ പ്രവാചകരെ, എല്ലാ പ്രവാചകന്മാരുടെയും വിവിധങ്ങളായ ഉപദേശങ്ങളത്രയും നിന്നിൽ ലയിപ്പിക്കുവിൻ! എല്ലാ പ്രവാചകന്മാരുടെയും ശ്രേഷ്ഠതകൾ നബി(സ) തിരുമേനിയിൽ സമ്മേളിച്ചിരിക്കുന്നു എന്നാണിതു കാണിക്കുന്നത്. മുഹമ്മദ് എന്ന പേർ തന്നെ ഇതിലേക്കാണ് വിരൽ ചൂണ്ടുന്നത്. അതിന്റെ അർഥം ഏറ്റവുമധികം സ്തുതിക്കപ്പെട്ടവൻ എന്നത്രെ. നബിമാരുടെ വൈവിധ്യമാർന്ന സകലശ്രേഷ്ഠഗുണങ്ങളും നബി(സ) തിരുമേനിയിൽ വിളങ്ങുമ്പോൾ മാത്രമേ സർവോച്ചമായ സ്തുതികളെപ്പറ്റി നമുക്ക് നിരൂപിക്കാനാവുകയുള്ളു. (റൂഹാനീ ഖസായിൻ, വാല്യം 5, ഭാ.343, ആയിനയെ കമാലാത്തെ ഇസ്‌ലാം)

14. എല്ലാ റസൂൽമാരിലും വച്ചു ഏറ്റവും പരിപൂർണവും ഏറ്റവും പരിശുദ്ധവും ജ്ഞാനനിർഭരവുമായ ഉപദേശങ്ങൾ നല്കിയ പ്രവാചകനും, അത്യുൽകൃഷ്ടമായ മാനുഷികഗുണങ്ങൾ വെളിപ്പെടുത്തിയ പ്രവാചകനും നമ്മുടെ നബിനായകർ മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയാണെന്നു എനിക്കു മനസ്സിലാക്കിത്തന്നിരിക്കുന്നു. (റൂഹാനീ ഖസായിൻ, വാല്യം 17, ഭാ.345, അർബയീൻ നമ്പർ 1 ഭാ.3)

15. നീതിയോടും നിഷ്പക്ഷതയോടും കൂടി മുൻകഴിഞ്ഞുപോയ പ്രവാചകന്മാരെപ്പറ്റി നാം സൂക്ഷ്മപഠനം നടത്തുന്നതായാൽ അവരിൽ വച്ചു ഏറ്റവും വീരപുരുഷനായിട്ടുള്ള നബി, ജീവിതത്തിന്റെ സകല ശ്രേഷ്ഠഗുണങ്ങളും സ്വായത്തമാക്കിയിട്ടുള്ള നബി, അല്ലാഹുവിനു ഏറ്റവും പ്രിയപ്പെട്ട നബി അതു ഇസ്‌ലാംമത പ്രവാചകരായ മുഹമ്മദ് നബി(സ) തന്നെയാണെന്നു കാണാവുന്നതാണ്. (റൂഹാനീ ഖസായിൻ, വാള്യം 12, ഭാ.82; സിറാജെ മുനീർ, 80)

16. ലക്ഷക്കണക്കിനുള്ള മൃതന്മാർ ഏതാനും ദിനങ്ങൾ കൊണ്ടു ജീവനുള്ളവരായി മാറുകയും തലമുറ തലമുറകളായി വഴിപിഴച്ചുപോയവർ ദിവ്യവർണം സ്വീകരിച്ചവരായി രൂപാന്തരപ്പെടുകയും ചെയ്കയെന്ന അത്ഭുതപ്രതിഭാസം അറേബ്യൻ മരുഭൂമിയിൽ സംഭവിച്ചു. കുരുടന്മാർ കാണുവാൻ തുടങ്ങുകയും ഊമകളുടെ നാവുകളിൽ ദിവ്യജ്ഞാനം പ്രവഹിക്കുകയും ചെയ്തു. മുമ്പൊരിക്കലും ഒരു കണ്ണും കണ്ടിട്ടില്ലാത്തതും ഒരു ചെവിയും കേട്ടിട്ടില്ലാത്തതുമായ വിപ്ലവമാണ് സംഭവിച്ചത്. ഇതെന്തായിരുന്നുവെന്നു നിങ്ങൾ മനസ്സിലാക്കിയിട്ടുണ്ടോ? ഇതെല്ലാം ഇരുൾമുറ്റിയ രാത്രികളിൽ, അല്ലാഹുവിൽ പൂർണമായും ലയിച്ച ഒരാളുയർത്തിയ ഉള്ളുരുകിയ പ്രാർഥനകളുടെ ഫലമായിരുന്നു. അത് ലോകത്തെ ശബ്ദായമാനമാക്കി. അങ്ങനെ ആ നിരക്ഷരനും നിസ്സഹായനുമായ വ്യക്തിയുടെ കയ്യാൽ തികച്ചും അസാധ്യമായിത്തോന്നിയ ഈ മഹാത്ഭുതം വെളിപ്പെടുമാറായി. ഓ, അല്ലാഹുവേ, മുസ്‌ലിം സമുദായത്തിനുവേണ്ടി അവിടന്നു പ്രകടിപ്പിച്ച ഉത്കണ്ഠയ്ക്കും അനുഭവിച്ച കഷ്ടപ്പാടുകൾക്കും അനുസരിച്ചവിധം അദ്ദേഹത്തിൽ നീ അനുഗ്രഹങ്ങളും സലാമും ഇറക്കുകയും അദ്ദേഹത്തിന്റെ മേൽ നിന്റെ കാരുണ്യത്തിന്റെ ദീപ്തിപ്രകർഷം എന്നുമെന്നും ചൊരിയുകയും ചെയ്യേണമേ! (റൂഹാനീ ഖസായിൻ, വാള്യം 6, ഭാ.10,11; ബറക്കാത്തുദ്ദുആ)

17. ആദം സന്തതികളായ സകലർക്കും മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയല്ലാതെ മറ്റൊരു റസൂലും ശഫീഉം (ശുപാർശക്കാരൻ) ഇല്ല. ആകയാൽ ഈ പ്രതാപശാലിയായ നബിയുടെ നേരെ നിങ്ങൾ ഹൃദയംഗമമായ സ്നേഹം പുലർത്തിക്കൊള്ളുവിൻ! അവിടത്തേക്കാൾ ഉപരിയുള്ള മേന്മ മറ്റാരിലും കല്പിക്കൊല്ലാ; ആകാശത്തിൽ നിങ്ങൾ മോക്ഷം പ്രാപിച്ചവരുടെ കൂട്ടത്തിൽ എണ്ണപ്പെടുമാറാകുന്നതിനുതന്നെ. മോക്ഷം

എന്നത് മരിച്ച ശേഷം മാത്രം വെളിവാകുന്ന എന്തോ ഒന്നല്ലെന്ന് ഓർത്തുകൊൾവിൻ. മറിച്ച്, യഥാർഥമായ മോക്ഷം ഈ ലോകത്തു വച്ചു തന്നെ അതിന്റെ വെളിച്ചം കാട്ടുന്നതാകുന്നു. ആരാണ് മോക്ഷം പ്രാപിച്ചവൻ? ദൈവം സത്യമാണെന്നും മുഹമ്മദ് നബി(സ) തിരുമേനി ആ ദൈവത്തിന്റെയും മുഴുവൻ സൃഷ്ടിജാലത്തിന്റെയും ഇടയിലുള്ള ശുപാർശക്കാരൻ ആണെന്നും ആകാശത്തിനുകീഴിൽ അവിടത്തേക്ക് സമസ്ഥാനീയനായി മറ്റൊരുനബിയും ഇല്ലെന്നും ഖുർആനു തുല്യമായിട്ടുള്ള മറ്റൊരു ഗ്രന്ഥവും ഇല്ലെന്നും എന്നെന്നും ജീവിച്ചിരിക്കുവാൻ അവൻ ആരുടെ കാര്യത്തിലും ഇച്ഛരിച്ചിട്ടില്ലെങ്കിലും ഈ വരിഷ്ഠപ്രവാചകൻ എക്കാലത്തേക്കും ജീവിച്ചിരിക്കുന്ന നബിയാണെന്നും ഉറച്ചു വിശ്വസിക്കുന്നവൻ തന്നെ. (റൂഹാനീ ഖസായിൻ, വാള്യം 19, ഭാ.13,14, കിശ്തീ നൂഹ്, ഭാ 15,16)

18. ഹദ്റത്ത് ഖാത്തമുൽ അമ്പിയാ(സ) തിരുമേനിയുടെ ജീവിതത്തിലേക്ക് നോക്കിയാൽ മനസ്സിലാകുന്നത് അവിടന്നു ഉദാത്തവും അതിശ്രേഷ്ഠവുമായ സ്വഭാവൈക്യത്തോടും സംശുദ്ധവും കുലീനവുമായ മനസ്സോടും കൂടിയ വ്യക്തിയായിരുന്നുവെന്നത്രെ. ദൈവത്തിനുവേണ്ടി സ്വജീവിതം ബലിയർപ്പിക്കുവാൻ അവിടന്നു സദാസന്നദ്ധനായിരുന്നു. മനുഷ്യരിൽ ആശ്രയം കൊള്ളുകയോ ആരേയും ഭയപ്പെടുകയോ ചെയ്തിരുന്നില്ല. അല്ലാഹുവിന്റെ ഹിതത്തിനും ഇച്ഛരയ്ക്കും സ്വയം അടിമപ്പെട്ടിരുന്ന ആ മഹാത്മാവ് തനിക്ക് അഭിമുഖീകരിക്കാനുള്ള പ്രയാസങ്ങളെക്കുറിച്ചു ചിന്തിക്കുകയേ ചെയ്തിരുന്നില്ല. തൗഹീദിന്റെ ശബ്ദമുയർത്തുന്നതിന്റെ പേരിൽ വിഗ്രഹാരാധകരിൽനിന്ന് എന്തു കഷ്ടപ്പാടുകൾ നേരിടേണ്ടിവരുന്നതും അവിടന്നു ഗണ്യമാക്കിയിരുന്നുമില്ല. (റൂഹാനീ ഖസായിൻ, വാള്യം 1, ഭാ.111, ബറാഹീനെ അഹ്മദിയ്യാ, ഭാ. 119 ഒന്നാംപതിപ്പ്)

19. നിസ്സഹായനും നിർധനനും ശക്തിഹീനനും നിരക്ഷരനും അനാഥനും ഏകാന്തനുമായ വ്യക്തി, സമ്പത്തും ഐശ്വര്യവും സൈനികശക്തിയും ബുദ്ധിവൈഭവവും ഏറ്റവും തികഞ്ഞു നിന്ന ജനതകൾ വാണുവിലസിയ ഒരു കാലത്ത്, വലിയ വലിയ ജ്ഞാനികളും തത്വചിന്തകന്മാരുമായി ഞെളിഞ്ഞുനടന്നവരെയെല്ലാം ഉത്തരം മുട്ടിക്കുകയും നിരുദ്ധകണ്ഠരാക്കുകയും ചെയ്തു എന്നത് അത്ഭുതാവഹമായ ഒരു കാര്യമല്ലേ? കൂടാതെ നിസ്സഹായതയും ദുർബലതയും ശക്തമായിരുന്നി

ട്ടുകൂടി, ചക്രവർത്തിമാരുടെ സിംഹാസനങ്ങളെ മറിച്ചിടുകയും ആ സിംഹാസനങ്ങളിൽ പാവപ്പെട്ടവരെ കയറ്റിയിരുത്തുകയും ചെയ്യാൻ കഴിഞ്ഞത് ദൈവികമായ പിന്തുണ കൊണ്ടല്ലെങ്കിൽ പിന്നെ എന്തു കൊണ്ടായിരിക്കാം? അപ്രകാരം ദൈവികപിന്തുണ കൂടാതെ മുഴുവൻ ലോകത്തെയും ബുദ്ധികൊണ്ടും ജ്ഞാനംകൊണ്ടും ശക്തികൊണ്ടും അധികാരം കൊണ്ടും കീഴ്പ്പെടുത്തുക സാധ്യമാണോ? (റൂഹാനീ ഖസായിൻ, വാല്യം 1, ഭാ. 1119, ബറാഹീനെ അഹ്മദിയ്യ, മുഖവുര ഭാ. 126, ഒന്നാം പതിപ്പ്)

20. **1.** ദാവൂദ് നബി(അ), നബി(സ) തിരുമേനിയുടെ മഹത്വത്തേയും പ്രതാപത്തേയും പറ്റി സങ്കീർത്തനം 45–ൽ ഇപ്രകാരം പുകഴ്ത്തിപ്പറഞ്ഞു.

**2.** നീ മനുഷ്യപുത്രന്മാരെക്കാൾ അതിസൗന്ദര്യമുള്ളവൻ ആകുന്നു. കൃപ നിന്റെ അധരങ്ങളിൽ പകർന്നിരിക്കുന്നു. അതുകൊണ്ട് ദൈവം നിന്നെ എന്നേക്കും അനുഗ്രഹിച്ചിരിക്കുന്നു.

**3.** ശക്തിമാനായുള്ളോവേ, നിന്റെ മഹത്വത്തോടും പ്രഭാവത്തോടും കൂടെ നിന്റെ വാളിനെ നിന്റെ തുടയിൽ കെട്ടുക.

**4.** സത്യവും സഹനവും നീതിയും നിമിത്തമായി നിന്റെ മഹത്വത്തോടും ഐശ്വര്യത്തോടും കൂടി വാഹനമേറേണമേ. എന്നാൽ നിന്റെ വലംകൈ ഭയങ്കരമായ പ്രവൃത്തി കാണിക്കുമാറാകും. (റൂഹാനീ ഖസായിൻ, വാല്യം 2, ഭാ. 233, 234, സുറുമ ചശ്മയെ ആര്യ, ഭാ. 281, 282, അടിക്കുറിപ്പ്)

21. ആയിരക്കണക്കായ ആപത്തുകളുടെയും എണ്ണമറ്റ ശത്രുക്കളുടെയും ഭീഷണിപ്പെടുത്തുന്ന എതിരാളികളുടെയും മുമ്പിൽ ആദ്യംമുതൽ അവസാനം വരെ നബി(സ) തിരുമേനി തന്റെ പ്രവാചകവാദത്തിൽ ഉറച്ചു നില്ക്കുകയും സ്ഥൈര്യത്തോടെ നിലകൊള്ളുകയും ചെയ്തതിനെക്കുറിച്ച് ഒന്നോർത്തുനോക്കുവിൻ. അത്തരം പ്രയാസങ്ങളും കഷ്ടപ്പാടുകളും ഒന്നിനൊന്ന് ഓരോ ദിവസവും ഏറിക്കൊണ്ടിരുന്നിട്ടും സഹന പരീക്ഷണങ്ങളിലൂടെ കൊല്ലങ്ങളോളം അവിടന്നു അതിനെ നേരിട്ടുപോന്നു. വിജയത്തെ സംബന്ധിച്ച് നിരാശപ്പെടാൻ അതുമാത്രം മതിയായിരുന്നു. പ്രവാചകവാദം ഉന്നയിച്ചതോടെ മുമ്പു ലഭിച്ചിരുന്ന പിന്തുണയും നഷ്ടപ്പെട്ടു. ഈ ഒരു കാരണത്താൽ ലക്ഷക്കണക്കിന് ആളുകളുടെ വിയോജിപ്പ് അദ്ദേഹത്തിനു സമ്പാദിക്കേണ്ടിവന്നു. എണ്ണമറ്റ വിപത്തുകളെ ആ മഹാത്മാവ് ശിരസ്സിലേറ്റി. സ്വദേശത്തുനിന്നും നിഷ്കാസിതനാക്കപ്പെട്ടു. അദ്ദേഹത്തെ കൊല്ലുവാനായി ഗൂഢാലോചന നടത്തി. അദ്ദേഹ

ത്തിന്റെ വീടും സ്വത്തുക്കളും നശിപ്പിക്കപ്പെട്ടു. വിഷംകൊടുത്തു കൊല്ലു വാൻ പലരും പല തവണ ശ്രമിച്ചുനോക്കി. അദ്ദേഹത്തിന്റെ ശുഭകാംക്ഷി കളായിരുന്നവർ അദ്ദേഹത്തെക്കുറിച്ച് ദുഷ്ടവിചാരം പുലർത്തി. സ്നേ ഹിതന്മാരെല്ലാം ശത്രുക്കളായി മാറി. ഒരു നീണ്ട കാലത്തോളം ആ കഷ് ടപ്പാടുകളെ അദ്ദേഹം ധീരതയോടെ നേരിട്ടു പോന്നു. കപടവാദിയും കറ്റുകെട്ടുകാരനുമായ ഒരാൾക്ക് നേരിടാനാവുന്ന സഹനപരീക്ഷണങ്ങ ളായിരുന്നില്ല. ദീർഘകാലം നീണ്ടുനിന്ന ആ കഷ്ടപ്പാടുകൾ.(റൂഹാനീ ഖസായിൻ, വാള്യം 1, ഭാ. 108, 109; ബറാഹീനെ അഹ്മദിയ്യ, മുഖവുര, 116,117. ഒന്നാം പതിപ്പ്)

22. ഞാൻ എന്റെ നേതാവും യജമാനനും പ്രവാചകമകുടമണിയും മനു ഷ്യകുലോത്തമനുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനി യുടെ കാല്പാടുകളെ പിന്തുടർന്നില്ലായിരുന്നെങ്കിൽ ഈ അനുഗ്രഹ ങ്ങളൊന്നും എനിക്ക് കൈവരിക്കാൻ കഴിയുമായിരുന്നില്ല. ഞാൻ നേ ടിയതത്രയും അവിടത്തെ പിന്തുടർച്ചമൂലം നേടിയവയത്രെ. ആ നബി ശ്രേഷ്ഠനെ പിൻപറ്റാതെ ദൈവപ്രാപ്തി കൈവരിക്കുകയും ദിവ്യജ്ഞാ നത്തിന്റെ അംശം സമ്പാദിക്കുകയും ചെയ്യുവാൻ യാതൊരാൾക്കും സാധിക്കുകയില്ലെന്നു സത്യവും സമ്പൂർണവുമായ ജ്ഞാനം മുഖേന ഞാൻ മനസ്സിലാക്കുന്നു. നബി(സ) തിരുമേനിയെ ആത്മാർഥമായും പ രിപൂർണമായും വഴിപ്പെട്ടതിനുശേഷം മറ്റെന്തിനേക്കാളും മുമ്പേ ഹൃദയ ത്തിൽ ഉടലെടുക്കുന്നതെന്താണെന്നുകൂടി ഞാൻ ഇവിടെ വിവരിച്ചുകൊ ള്ളുന്നു. ഓർത്തുകൊൾക! അതു പരിശുദ്ധ ഹൃദയമാകുന്നു. എന്നുവ ച്ചാൽ, ഹൃദയത്തിൽ നിന്ന് ഭൗതികാസക്തി പാടേ നിഷ്ക്രമിക്കുകയും ഹൃദയം ശാശ്വതവും അനശ്വരവുമായ അനുഭൂതിയെതേടിക്കൊണ്ടിരി ക്കുന്ന അവസ്ഥയെ കൈവരിക്കുകയുമാണത്. അതിനു ശേഷം ആ ഹൃദയശുദ്ധി മുഖേന നിർമലവും പരിപൂർണവുമായ ദൈവപ്രേമം സം സിദ്ധമാകുന്നു. ഈ എല്ലാ അനുഗ്രഹങ്ങളും തിരുനബിയോടുള്ള പി ന്തുടർച്ച മുഖേന പൈതൃകമെന്നോണം ലഭിക്കുന്നതാകുന്നു. (റൂഹാനീ ഖസായിൻ, വാള്യം 22, ഭാ. 64,65; ഹഖീഖത്തുൽ വഹ്യ്)

23. അനുഗ്രഹം ചൊരിയേണം
മുസ്തഫായ നബി തന്നിൽ
കൈവരിച്ചതങ്ങു നിന്ന്
തന്നെ നിൻ പ്രകാശമിവൻ

മാമകാത്മാവൊട്ടി നില്ക്കും
മുഹമ്മദിന്നാത്മാവിങ്കൽ
കുടിപ്പിച്ചേനകതാരിൽ
ചഷകമാ കണ്ഠമിവൻ

കണ്ടതില്ല ലോകമാകെ
മേന്മയേറും പുരുഷനെ
മോചിപ്പിച്ചു നന്മാനസം
അന്യബന്ധമഖിലവും

ദൈവശക്തി മഹിമകൾ
കാൺമതല്ലോ തവഗുണേ
ദൈവപ്രാപ്തി നേടിയതും
താവകാപ്തിയാലേയിവൻ

താവക വസ്ത്ര തുഞ്ച
സ്പർശമേറ്റാലുടൻ തന്നെ
മോചനമായിടുന്നല്ലോ
കെട്ടുപാടഖിലവും
നൂനമീ വിനീതൻ താൻ
ശിരസ്സിതാ കുനിക്കുന്നു

താവക മഹിമാവിൻ
മഹോന്നത കവാടത്തിൽ
പ്രാണനാഥാ, സത്യം ചെയ്വൂ
നിൻ സത്തയാണ സത്യം!

എന്നെയും മറന്നു ഞാൻ നിൻ
പ്രേമ വായ്പിൽ മുങ്ങിടുന്നു
പ്രതിച്ഛായയഖിലവും
മാഞ്ഞുപോയി, കട്ടായം!

ഹൃത്തടത്തിൽ നിൻ ചിത്രം

പ്രതിഷ്ഠിച്ച നാളിൽതൊട്ടു
ശ്രേഷ്ഠസമുദായം ഞങ്ങളാ
യതങ്ങു മൂലമല്ലോ
അങ്ങു മുന്നോട്ടേറിയപ്പോൾ
ചുവടേറ്റിവച്ചീ ഞങ്ങൾ

മാനുഷന്മാരെന്ത്, വാനോർ
മാലാഖമാരഖിലവും
ഏറ്റുപാടുന്നിതാ ഹാ,
ഞാനുയർത്തും വാസ്തവം!

(റൂഹാനീ ഖസായിൻ, വാള്യം 5, ഭാ. 225,226, ആയിനയെ കമാലാത്തെ ഇസ്‌ലാം)

24. ആരുടെ തേജസ്സിപ്പാരിടത്തെ
ആദായമാക്കുന്നതെന്റെ ഗുരു
നാമാഭിദാനം മുഹമ്മദു താൻ
പ്രാണപ്രിയനിതു തന്നെയല്ലോ!

ദൈവദൂതന്മാർ പരിശുദ്ധന്മാർ!
ചിലരോ ചിലരിലും ശ്രേഷ്ഠന്മാരും
എങ്കിലും സർവാധിനാഥൻ പക്കൽ
'ഖൈറുൽവറാ'യതു തന്നെയല്ലോ!

മുൻകഴിഞ്ഞോരിലുമുന്നതൻ താൻ
ഉന്നതിയിലൊരു ചന്ദ്രബിംബം
അത്തിങ്കളിൽ സർവദൃഷ്ടികളും
'ബദറുദ്ദുജാ'യിതു തന്നെയല്ലോ!

പൂർവന്മാർ വഴിയിൽ കുഴഞ്ഞുനിന്നു
അക്കരെയെത്തിച്ചിത്തോണിക്കാരൻ
അത്തിരുസന്നിധി പൂകട്ടെ ഞാൻ
പെരിയൊരു നാവികൻ തന്നെയല്ലോ!

എങ്ങും നിറഞ്ഞവനാമപ്രേമൻ

ഏറ്റം രഹസ്യനായുള്ള കാമ്യൻ
അത്തിരുവാനനം കണ്ടതു മീ
മാർഗോപദേശിയാൽ തന്നെയല്ലോ!

അങ്ങിന്നു 'ദീനി'ന്റെ ചക്രവർത്തി
അങ്ങു പ്രവാചക പൊൻകിരീടം
അങ്ങു ശുദ്ധാത്മാവ്, വിശ്വസ്ത നീ
കീർത്തനമൊത്തതു തന്നെയല്ലോ!

അങ്ങു തൻ ദൃഷ്ടികൾ ക്രാന്തമല്ലോ
അങ്ങുതൻ ഹൃത്തടം ദൈവാപ്തവും
കൈകളിൽ ധർമത്തിൻ ദീപശിഖ
ആ ദിവ്യനൊളിപൂരം തന്നെയല്ലോ!

ഗഹനമാം മതതത്ത്വദർശനങ്ങൾ
അവിടന്നു വിവരിച്ചുകാട്ടിയല്ലോ!
സമ്പത്തു വിതറുന്ന ധന്യാത്മനാം!
രാജാധിരാജാവു തന്നെയല്ലോ!
ആ ദിവ്യദീപ്തിയ്ക്ക് മുമ്പിലിതാ
തെണ്ടമാക്കീടുന്നെൻ ജീവഭാരം
അങ്ങാണ്! ഞാനൊരു തുച്ഛരനത്രെ
മതിമതി, വിധിയിതു തന്നെയല്ലോ!
(റൂഹാനീ ഖസായിൻ വാള്യം 20, ഭാ. 456, ഖാദിയാൻ കെ ആര്യ ഔർ ഹം, ഭാ. 40)

# വിശുദ്ധ ഖുർആൻ

25. വിശുദ്ധ ഖുർആൻ രത്നങ്ങളുടെ നിധിസഞ്ചയമാകുന്നു; ലോകം ഇതറിയുന്നില്ല. (മൽഫൂസാത്ത്, വാള്യം 2, ഭാ. 344)

26. ഖുർആന്റെ മഹിമാവ് അത്യുന്നതമാകുന്നു. മഹിമയിൽ അതിനെ വെല്ലുന്നതൊന്നും തന്നെയില്ല. അതു 'ഹക്കം' ആകുന്നു. എന്നുവച്ചാൽ, അതിന്റെ വിധി അന്തിമമാകുന്നു. അതു 'മുഹൈമിൻ' ആകുന്നു. എന്നു വച്ചാൽ, എല്ലാ മാർഗദർശനങ്ങളുടെയും സാരസംഗ്രഹമാകുന്നു. ആവശ്യമായിട്ടുള്ള എല്ലാ വാദമുഖങ്ങളും അതിൽ ക്രോഡീകരിച്ചിരിക്കുന്നു. ശത്രുക്കളുടെ സംഘടിത ശക്തിയെ അത് ചിന്നഭിന്നമാക്കിക്കളഞ്ഞു. എല്ലാ കാര്യങ്ങളുടെയും വിശദാംശങ്ങൾ അതിൽ അടങ്ങിയിരിക്കുന്നു. വരാനിരിക്കുന്നതും കടന്നു കഴിഞ്ഞതുമായ വർത്തമാനങ്ങൾ അതുൾക്കൊള്ളുന്നു. അസത്യത്തിന് അതിന്റെ ഇടത്തുനിന്നോ വലത്തുനിന്നോ മുന്നിൽക്കൂടിയോ, പിന്നിൽക്കൂടിയോ അതിനെ സമീപിക്കാനാവില്ല. അതു അത്യുന്നതനായ നമ്മുടെ നാഥന്റെ പ്രകാശമാകുന്നു. (റൂഹാനീ ഖസായിൻ വാള്യം 16, ഭാ. 103; ഖുതുബ ഇൽഹാമിയ്യ)

27. എല്ലാ ഓരോ ജനതയുടെയും ഭാഷക്കാരുടെയും മുമ്പിൽ വെളിപ്പെടുത്താവുന്ന വിശുദ്ധ ഖുർആന്റെ പ്രത്യക്ഷമായ ഈ അത്ഭുതപ്രതിഭാസം മുന്നോട്ടുവച്ചുകൊണ്ട് ഇന്ത്യക്കാരനോ, പാർസിയോ, യൂറോപ്യനോ, അമേരിക്കക്കാരനോ, മറ്റേതെങ്കിലും രാജ്യക്കാരനോ ആയ ഏതൊരാളെയും നിരായുധനും നിരുദ്ധകണ്ഠനും നിരുത്തരേയനുമാക്കി മാറ്റാൻ എനിക്കു സാധിക്കുമെന്നു അറിഞ്ഞുകൊള്ളേണ്ടതാണ്. ഓരോ കാലത്തും അതാതു കാലഘട്ടത്തിന്റെ ആവശ്യത്തിനൊത്ത് ഉറന്നുറന്നു വരികയും ഓരോ കാലഘട്ടത്തിലേയും ചിന്താഗതികളെ എതിരിടുന്നതിനുവേണ്ടി സായുധരായ സൈനികരെപ്പോലെ അണിനിരക്കുകയും ചെയ്യുന്ന അറ്റം കാണാത്ത അഗാധജ്ഞാനങ്ങളും സത്യതത്ത്വങ്ങളും യുക്തിജ്ഞാനങ്ങളും നിറഞ്ഞുനില്ക്കുന്നതാണ് ഖുർആനിക വചനങ്ങൾ. വിശുദ്ധ ഖുർആൻ അതിന്റെ സത്യതത്ത്വങ്ങളുടെയും സൂക്ഷ്മജ്ഞാനങ്ങളുടെയും കാര്യത്തിൽ സാന്തമാണെന്ന് വരികിൽ അതു സമ

ഗ്രമായ ഒരു ദിവ്യത്ഭുതമായിരിക്കുന്നതല്ലതന്നെ. (റൂഹാനീ ഖസായിൻ വാല്യം 3, ഭാ. 255, 256; ഇസാലയെ ഔഹാം, ഒന്നാം ഖണ്ഡം, ഭാ.155,156)

28. വിശുദ്ധ ഖുർആൻ ഒരു ദിവ്യാത്ഭുതമാകുന്നു. അതിനു തുല്യമായ മറ്റൊരത്ഭുതം ഇതിനുമുമ്പുണ്ടായിട്ടില്ല. ഇനിയുണ്ടാവുകയുമില്ല. അതിന്റെ അനുഗ്രഹങ്ങളുടെയും ഔദാര്യങ്ങളുടെയും സമ്പത്ത് എന്നും നിലനിൽക്കുന്നതാകുന്നു. തിരുനബി(സ)യുടെ കാലത്ത് എപ്രകാരമായിരുന്നുവോ അപ്രകാരം തന്നെ അതു എല്ലാ കാലങ്ങളിലും തുറന്നതും ഒളിചിതറുന്നതുമായിരിക്കുന്നു. ഓരോ ആളുടെയും ഭാഷണം അയാളുടെ മനക്കരുത്തിനനുസരിച്ചിരിക്കുമെന്ന് ഓർക്കേണ്ടതാണ്. ഒരാളുടെ മനക്കരുത്തും നിശ്ചയദാർഢ്യവും ലക്ഷ്യങ്ങളുടെ ശ്രേഷ്ഠത്വവും എത്രയുണ്ടോ അത്രകണ്ടായിരിക്കും അയാളുടെ ഭാഷണത്തിന്റെ വീര്യം. ദൈവിക വെളിപാടുകളുടെ നിലയും ഇതുതന്നെ. ഏതൊരാളിലേക്ക് അവന്റെ വെളിപാട് ഇറങ്ങുന്നുവോ അയാൾ എത്തരത്തിലുള്ള ആളാണോ അതേ തരത്തിലുള്ള ഭാഷണമാണ് അദ്ദേഹത്തിനു ലഭിക്കുക. ആകയാൽ, അവിടത്തേക്ക് ലഭിച്ചിട്ടുള്ള ഭാഷണമുണ്ടല്ലോ അത് അങ്ങേയറ്റം ഉയർന്ന തരത്തിലുള്ളതത്രെ. അത്തരം മനോവീര്യവും നിശ്ചയദാർഢ്യവും മനസ്സുറപ്പുമുള്ള മറ്റൊരു വ്യക്തി ഇനി ജന്മമെടുക്കുകയില്ല. (മൽഫൂസാത്ത് വാല്യം 3. ഭാഗം 57)

29. ഞാൻ സത്യമായും സത്യമായും പറയുന്നു. ഈ സത്യം പറയുന്നതിൽനിന്നു ഒരു പരിതഃസ്ഥിതിയിലും എനിക്ക് വിരമിക്കാനാവുകയില്ല. അതെന്താണെന്നുവച്ചാൽ തിരുനബി(സ) ആഗതനായിരുന്നില്ലെങ്കിൽ ഏതൊരുഗ്രന്ഥത്തിന്റെ സ്വാധീനഫലങ്ങൾ നമ്മുടെ ചെറിയവരും വലിയവരുമെല്ലാം പണ്ടു മുതല്ക്കേ നോക്കി വരികയും നമ്മൾ ഇപ്പോൾ നോക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നുവോ ആ ഗ്രന്ഥം അതായതു വിശുദ്ധ ഖുർആൻ അവതരിപ്പിക്കപ്പെട്ടിട്ടില്ലായിരുന്നുവെങ്കിൽ ഹദ്റത്ത് മൂസായും ഹദ്റത്ത് മസീഹും മുൻകഴിഞ്ഞ മറ്റു നബിമാരും യഥാർഥത്തിൽ ദൈവം അവന്റെ സവിശേഷമായ പ്രിയംകൊണ്ടു റസൂൽമാരായി തിരഞ്ഞെടുക്കപ്പെട്ടവരുടെ വിശുദ്ധവും പാവനവുമായ സംഘത്തിൽപെട്ടവരാണെന്നു ബൈബിൾ മാത്രം നോക്കിക്കൊണ്ട് ദൃഢമായി വിശ്വസിക്കുക നമ്മെ സംബന്ധിച്ചിടത്തോളം വളരെ പ്രയാസകരമായിരിക്കും. ഇതു വിശുദ്ധ ഖുർആൻ മുഖേനയുള്ള അനുഗ്രഹമായി നാം അംഗീക

രിക്കേണ്ടിയിരിക്കുന്നു. ഖുർആൻ അതിന്റെ പ്രകാശം എല്ലാ കാലത്തും സ്വയം വെളിപ്പെടുത്തുന്നു. ആ പൂർണമായ വെളിച്ചം മുഖേന മുൻകഴിഞ്ഞ പ്രവാചകന്മാരുടെ സത്യതയും നമുക്ക് വെളിപ്പെടുത്തിത്തന്നു. ഈ അനുഗ്രഹം നമുക്ക് മാത്രമല്ല, ഖുർആന് മുമ്പ് കഴിഞ്ഞുകടന്ന ആദം തൊട്ടു മസീഹ് വരെയുള്ള മുഴുവൻ പ്രവാചകന്മാർക്കും ലഭിച്ചിട്ടുണ്ട്. (റൂഹാനീ ഖസായിൻ വാള്യം 1, ഭാ.290; ബറാഹീനെ അഹ്മദിയ്യ, അടിക്കുറിപ്പിനുള്ള അടിക്കുറിപ്പ്, ഭാ. 260,261. ഒന്നാം പതിപ്പ്)

30. ഇന്നു ഭൂമുഖത്ത് ദൈവീകഗ്രന്ഥങ്ങളിൽ പരിശുദ്ധ ഫുർഖാൻ മാത്രമാണ് ദൈവവാക്യങ്ങളെന്നു ഖണ്ഡിതമായ തെളിവുകളാൽ സ്ഥാപിക്കപ്പെട്ടിരിക്കുന്നത്. അതിന്റെ മോക്ഷതത്ത്വങ്ങൾ സത്യത്തിന്റെയും മനുഷ്യപ്രകൃതിയുടെയും ചോദനങ്ങൾക്ക് തികച്ചും അനുയോജ്യമായിട്ടുള്ളതാകുന്നു. ശക്തിയുക്തവും അനിഷേധ്യങ്ങളുമായ സാക്ഷ്യങ്ങളുടെ പൂർണമായ പിൻബലമുള്ള സിദ്ധാന്തങ്ങളാണ് അത് മുന്നോട്ടുവച്ചിട്ടുള്ളത്. അതിന്റെ കല്പനകളെല്ലാം സത്യാധിഷ്ഠിതമാണ്. അതിന്റെ പാഠങ്ങൾ പൊയ്ദൈവഭാവനയുടെ കലർപ്പുകളിൽ നിന്നും അനാചാരങ്ങളിൽ നിന്നും സൃഷ്ടിപൂജയിൽനിന്നും തികച്ചും പരിശുദ്ധമാകുന്നു. തൗഹീദും പൂർണമായ ദൈവമഹിമ വെളിപ്പെടുത്താനുള്ള ആത്യന്തികമായ ത്വരയും അതിൽ കാണാം. ആ മൂലാഗ്രം ദൈവത്തിന്റെ ഏകതാപാഠങ്ങളാൽ നിർഭരവും അത്യുന്നതനായ ദൈവത്തിന്റെ സത്തയെ സംബന്ധിച്ചിടത്തോളം ന്യൂനതയുടെ കറയോ പോരായ്മകളോ അയോജ്യ ഗുണങ്ങളോ ആരോപിക്കാത്തതും ആണെന്ന ശ്രേഷ്ഠതയും അതുനുണ്ട്. അത് യാതൊരു വിശ്വാസവും ബലാൽക്കാരേണ അടിച്ചേല്പിക്കാൻ ആഗ്രഹിക്കുന്നില്ല. മറിച്ച് അതു നല്കുന്ന പാഠങ്ങളുടെ സത്യനിദാനങ്ങൾ ആദ്യം വിവരിച്ചുകാട്ടുന്നു. എല്ലാ ഓരോ ലക്ഷ്യവും അത് പ്രമാണങ്ങളും സാക്ഷ്യങ്ങളും കൊണ്ട് സ്ഥാപിച്ചുറപ്പിച്ചിരിക്കുന്നു. ഓരോ തത്ത്വത്തിന്റെയും യാഥാർഥ്യവും വ്യക്തമായ പ്രമാണങ്ങളാൽ വിവരിച്ചുകാട്ടിക്കൊണ്ട് പൂർണമായ ദൃഢവിശ്വാസത്തിന്റെയും പരമജ്ഞാനത്തിന്റെയും പടവിലോളം എത്തിക്കുകയും ചെയ്യുന്നു. ജനങ്ങളുടെ വിശ്വാസങ്ങളിലും കർമങ്ങളിലും വാക്കിലും പ്രവൃത്തിയിലും കടന്നുകൂടുന്ന കൊള്ളരുതായ്മകളും വൃത്തികേടുകളും ക്രമഭംഗങ്ങളും കുഴപ്പങ്ങളുമെല്ലാം തിളങ്ങുന്ന ദൃഷ്ടാന്തങ്ങളാൽ ദൂരീകരിക്കുകയും മനുഷ്യനെ മനുഷ്യനാക്കുന്നതിനു അത്യാവശ്യങ്ങളായി

ട്ടുള്ള സകല സംസ്കാരമര്യാദകളും അതുപഠിപ്പിക്കുകയും ചെയ്യുന്നു. ഇക്കാലത്ത് എത്ര ഊക്കോടെ തിൻമ പ്രചരിച്ചിട്ടുണ്ടോ അതേ ഊക്കിൽ തന്നെ അതിനെ പ്രതിരോധിക്കുകയും ചെയ്യുന്നു. അതിന്റെ അധ്യാപനങ്ങൾ പ്രകൃതിനിയമങ്ങളുടെ ദർപ്പണമെന്നോണം പ്രത്യക്ഷവും സുശക്തവും സമതുലിതവുമാകുന്നു. അത് നൈസർഗികമായ നിയമങ്ങളുടെ ഒരു ദർപ്പണവും പ്രകൃതിനിയമങ്ങളുടെ ഒരു ഛായാചിത്രവുമാകുന്നു. ഖുർആൻ ഹൃദയ ദൃഷ്ടികൾക്കും മനോനേത്രങ്ങൾക്കും പ്രകാശം ചൊരിയുന്ന പ്രത്യക്ഷസൂര്യനായി പ്രശോഭിക്കുന്നു. (റൂഹാനീ ഖസായിൻ, വാല്യം 1, ഭാ.81,82; ബറാഹീനെ അഹ്മദിയ്യ, രണ്ടാം ഖണ്ഡം. ഭാ. 91,92, ഒന്നാം പതിപ്പ്)

31. വിശുദ്ധഖുർആന്റെ പ്രകാശം
മറ്റെല്ലാ പ്രകാശങ്ങളേക്കാളും
പ്രോജ്ജ്വലമായി പ്രകാശിക്കുന്നു.
ഈ പ്രകാശനിർഝരി നിർഗമിച്ചിടം
പരിശുദ്ധമാകുന്നു.

ഏകദൈവസത്യത്തിന്റെ ചെടി
വാടിക്കൊണ്ടിരിക്കുകയായിരുന്നു.
അപ്പോൾ അദൃശ്യത്തിൽ നിന്ന്
ഈ പരിശുദ്ധനീരുറവ നിർഗമിക്കുകയുണ്ടായി.

എന്റെ നാഥാ, നിന്റെ ഫുർഖാൻ
ഒരു പ്രപഞ്ചം തന്നെയാകുന്നു
ആവശ്യമുള്ളതെല്ലാം ഇതിൽ ലഭ്യമാണ്.

നാം എല്ലാ ലോകവും അരിച്ച് പെറുക്കി,
സകലകടകളിലും അന്വേഷിച്ചു.
ആത്മീയലഹരിയുടെ തിരുചഷകം
ഇതൊന്നു മാത്രമാണെന്നറിഞ്ഞു.
ഈ പ്രകാശത്തെ ഈ ലോകത്ത്
എന്തിനോടുപമിക്കാൻ സാധിക്കും?

അതെല്ലാകാര്യത്തിലും
എല്ലാ സവിശേഷതകളിലും
അനുപമമാണെന്ന് വെളിപ്പെട്ടു.

ആദ്യം കരുതിയിരുന്നത്
ഫുർഖാൻ മൂസയുടെ
മാന്ത്രികദണ്ഡാണെന്നായിരുന്നു.
പിന്നെ ചിന്തിച്ചപ്പോൾ
അതിലെ ഓരോ വാക്കും
മസീഹിന്റേത് പോലെ
ജീവധായകമാണെന്ന് വെളിപ്പെട്ടു.

അന്ധന്മാർക്ക് തന്നെയാണ്
പിഴവു പറ്റിയിരിക്കുന്നത്.
അല്ലാത്തപക്ഷം ആ പ്രകാശം
നൂറുക്കണക്കിൻ
പ്രകാശിതനക്ഷത്രങ്ങളേക്കാളും
പ്രോജ്ജ്വലമായി പ്രകാശിക്കുന്നു.

ഈ പ്രകാശമുണ്ടായിട്ടും
ഈ ലോകത്ത്
ഹൃദയം അന്ധമായിതന്നെ
കഴിയുന്ന ആളുകളുടെ
ജീവിതം നിരർഥമാകുന്നു.
(റൂഹാനീ ഖസായിൻ വാല്യം 1, ഭാ.305,306; ബറാഹീനെ അഹ്മദിയ്യ, ഖണ്ഡം 3, ഭാ. 275, ഉപ അടിക്കുറിപ്പ്, നമ്പർ 2. ഒന്നാം പതിപ്പ്)

32. പ്രിയപ്പെട്ടവരെ, കേട്ടുകൊൾവിൻ!
വിശുദ്ധ ഖുർആൻ കൂടാതെ മനുഷ്യനു
ദൈവത്തെ പ്രാപിക്കുവാൻ സാധ്യമല്ല.
അതു ഹൃദയത്തിൽ വെളിച്ചം നിറക്കുന്നു;
അതു നെഞ്ചകം നിർമലമാക്കുന്നു.

അതിന്റെ മാഹാത്മ്യങ്ങൾ
ഞാനെങ്ങനെ വർണിച്ചു പറയാനാണ്;
അതു ഈ ജീവന്നു
മറ്റൊരു ജീവനെപ്രദാനം ചെയ്യുന്നു.

നോക്കുവിൻ! അതു ഉച്ചം
പ്രാപിച്ച മഹാസൂര്യനെപ്പോലെ
തിളങ്ങുകയാണ്;
അതിന്റെ ദ്യുതിവിലാസത്തെയെങ്ങനെയാർക്ക്
നിഷേധിക്കുവാൻ കഴിയും?

അതിലെ ഓരോ വാക്കും ജ്ഞാന-
വിജ്ഞാനങ്ങളുടെ സമുദ്രമാകുന്നു.
അതു ദൈവപ്രേമത്തിന്റെ
പീയൂഷം ചഷകം നിറയെ കുടിപ്പിക്കുന്നു.

വേദനിക്കുന്ന ആത്മാക്കൾക്കുള്ള
ഏക ഔഷധം അതു മാത്രമാണ്;
ദൈവത്തെ കാണിച്ചുതരുന്ന ദൈവീക-
ദൃഷ്ടാന്തവും അതുമാത്രം

ഖുർആനെ നിഷേധിച്ചു
സംസാരിക്കുന്നവരുണ്ടല്ലോ,അവർ
വെറുതെ അസംബന്ധങ്ങൾ
പുലമ്പുകയത്രെ!
(റൂഹാനീ ഖസായിൻ, വാല്യം 1. ഭാ. 299,230;ബറാഹീനെ അഹ്മദിയ്യ, ഖണ്ഡം 3, അടിക്കുറിപ്പ് 2, ഭാ. 265 ഒന്നാംപതിപ്പ്)

# വാഗ്ദത്ത മസീഹിന്റെ ദൗത്യം

33. സ്വപ്നത്തിൽ ഞാൻ ഇപ്രകാരം കണ്ടു. ജനക്കൂട്ടം ഒരു രക്ഷകനെ തെരഞ്ഞുകൊണ്ടു അങ്ങുമിങ്ങും നീങ്ങുകയാണ്. ഒരാൾ ഈ വിനീതന്റെ അടുക്കൽവന്നു എന്നെ ചൂണ്ടിക്കൊണ്ടു, 'അല്ലാഹുവിന്റെ റസൂലിനോടു പ്രിയംവെക്കുന്ന ആൾ ഇദ്ദേഹം തന്നെ' എന്നു പറയുകയും ചെയ്തു. ഈ വാക്കുകൾകൊണ്ടു വിവക്ഷിക്കപ്പെട്ടിരുന്നതു ഈ സ്ഥാനലബ്ധിക്കുള്ള ഏറ്റവും വലിയ നിബന്ധന റസൂലിനോടുള്ള പ്രേമാതിരേകമാണെന്നത്രെ. ആകയാൽ, അതു ഈ വിനീതനിൽ നിവൃത്തിയായിരിക്കുന്നു. (റൂഹാനീ ഖസായിൻ വാള്യം 1, ഭാ. 598, ബറാഹീനെ അഹ്മദിയ്യ, അടിക്കുറിപ്പിനുള്ള അടിക്കുറിപ്പ്, ഒന്നാം പതിപ്പ്, ഭാ. 503)

34. ലോകത്തിന് എന്നെ കൈക്കൊള്ളാൻ സാദ്ധ്യമല്ല. എന്തെന്നാൽ, ഞാൻ ഈ ലോകത്തുനിന്നുള്ളവനല്ല. എന്നാൽ ആരുടെ പ്രകൃതത്തിൽ സ്വർഗലോകത്തിന്റെ അംശം നല്കപ്പെട്ടിട്ടുണ്ടോ, അവർ എന്നെ കൈക്കൊള്ളുന്നു; കൈക്കൊൾകയും ചെയ്യും. എന്നെ നിരാകരിക്കുന്നവൻ എന്നെ അയച്ചവനെ നിരാകരിക്കുന്നു. എന്നോടു ബന്ധം പുലർത്തുന്നവൻ ഞാൻ ആരിൽനിന്നു വന്നുവോ അവനുമായി ബന്ധം പുലർത്തുന്നു. എന്റെ കയ്യിലൊരു വിളക്കുണ്ട്. എന്റെ അടുക്കൽ വരുന്നവനു നിശ്ചയമായും ആ വെളിച്ചത്തിൽ പങ്കുണ്ടാകും. എന്നാൽ, സംശയവും ദുർഭാവനയും മൂലം ആർ ദൂരെ ഓടിപ്പോകുന്നുവോ അവൻ അന്ധകാരത്തിലേക്ക് എറിയപ്പെടും. ഈ കാലഘട്ടത്തിലെ അന്യാധീനപ്പെടാത്ത അജയ്യ ദുർഗമാകുന്നു ഞാൻ. എന്നിൽ പ്രവേശിക്കുന്നവനാരോ അവൻ കള്ളന്മാരിൽനിന്നും കൊള്ളക്കാരിൽനിന്നും ഹിംസ്രജന്തുക്കളിൽനിന്നും രക്ഷിക്കപ്പെടും. (റൂഹാനീ ഖസായിൻ വാള്യം 3, ഭാ. 34, ഫത്ഹെ ഇസ്ലാം ഭാ. 57, 58 ഒന്നാം പതിപ്പ്)

35. എന്റെ ജീവൻ ആരുടെ കയ്യിലിരിക്കുന്നുവോ ആ സർവശക്തനായ അല്ലാഹുവിനെ സാക്ഷിനിറുത്തിക്കൊണ്ടു ഞാൻ പറയുന്നു: അവൻ എനിക്കു വിശുദ്ധ ഖുർആന്റെ അഗാധജ്ഞാനം ഗ്രഹിക്കുന്നതിനുള്ള അത്യപാരമായ കഴിവ് പ്രദാനം ചെയ്യുകയും മറ്റേതൊരു ആത്മാവിന്റെ

യും മേൽ ജയം നല്കുകയും ചെയ്തിരിക്കുന്നു; എന്റെ എതിരാളിക ളായ മൗലവിമാരിലാരെങ്കിലും ഞാൻ അടിക്കടി ആഹ്വാനം ചെയ്തിട്ടു ള്ളതുപ്രകാരം, വിശുദ്ധ ഖുർആന്റെ മഹത്ത്വം വെളിപ്പെടുത്തുന്നതിനു ള്ള മത്സരത്തിനായി എനിക്കെതിരെ വന്നാൽ അല്ലാഹു അയാളെ നി ന്ദിതനും ലജ്ജിതനുമാക്കി മാറ്റുകയും ചെയ്യും. ആകയാൽ എനിക്കനു ഗ്രഹിച്ചരുളിയ ഖുർആനികജ്ഞാനം മഹത്ത്വവാനായ അല്ലാഹുവിൽ നിന്നുള്ള ഒരു അടയാളമാകുന്നു. അല്ലാഹുവിന്റെ അനുഗ്രഹങ്ങളിൽ എനിക്കു പരിപൂർണമായ വിശ്വാസമുണ്ട്. എന്റെ ഈ വാദങ്ങളിൽ ഞാൻ സത്യവാനാണെന്നു ലോകം വളരെ അടുത്തുതന്നെ അറിയുമാ റാകും.(റൂഹാനീ ഖസായിൻ വാള്യം 12. ഭാ. 41. സിറാജെ മുനീർ, ഭാ. 39)

36. ഞാൻ ഒറ്റയ്ക്കല്ല. ആ മഹത്ത്വമാർന്ന എന്റെ നാഥൻ എന്നോടൊപ്പ മുണ്ട്. അവനുമായി എന്നെക്കാളുമടുത്തവൻ ആരുമില്ല. അവന്റെ അനു ഗ്രഹാതിരേകത്താൽ തന്നെയാണ് എനിക്ക് സ്നേഹമയമായ ഒരാത്മാ വ് പ്രദാനം ചെയ്യപ്പെട്ടത്; എന്തു കഷ്ടപ്പാടുകൾക്കു മുന്നിലും അവന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾക്കായി സേവനമനുഷ്ഠിക്കുവാൻ ഞാൻ സദാസന്ന ദ്ധനായിരിക്കുന്നതു അതുകൊണ്ടു തന്നെയാകുന്നു. സത്യവിശ്വാസ ത്തിന്റെ കാര്യത്തിൽ തീവ്രതയോടും പൂർണഹൃദയത്തോടും കൂടി സേവനങ്ങൾ അർപിക്കുവാനും ഇസ്‌ലാമിന്നുവേണ്ടിയുള്ള മഹത്തായ ആത്മീയസമരത്തെ വിജയത്തിലെത്തിക്കുവാനുള്ള ശ്രമങ്ങളിൽ ഞാൻ നേതൃത്വം നല്കുന്നതിനുതന്നെ. ഇതെല്ലാം നിർവഹിക്കുന്നതിനായിട്ട് അവൻ എന്നെ നിയോഗിച്ചിരിക്കുന്നു. ഈ ലക്ഷ്യം നേടുന്നതിനുള്ള ശ്രമങ്ങളിൽനിന്നും എന്നെ പിന്തിരിപ്പിക്കുവാൻ ആർക്കും സാദ്ധ്യമല്ല!
(റൂഹാനീ ഖസായിൻ, വാള്യം 5, ഭാ. 35; ആയിനയെ കമാലാത്തെ ഇസ്‌ലാം)

37. അല്ലാഹു എന്നെ ഒരു കുറ്റുകെട്ടുകാരനെപ്പോലെ നശിപ്പിച്ചു കള ഞ്ഞില്ലെന്നും നേരെമറിച്ചു, ബാഹ്യമായും ആന്തരീയമായും എന്റെ ശരീ രത്തിലും എന്റെ ആത്മാവിലും എനിക്ക് എണ്ണിക്കണക്കാക്കാൻ കഴി യാത്തതരത്തിൽ അനുഗ്രഹങ്ങൾ ചൊരിഞ്ഞിരിക്കുന്നു എന്നുമുള്ളതു ഭയഭക്തിയുള്ള ഏതൊരാൾക്കും ചിന്തിക്കാൻ മതിയായ വസ്തുതയാ യിരുന്നു. ദൈവിക വെളിപാടുകൾ എനിക്കുണ്ടാകുന്നുവെന്നു വാദി ക്കുമ്പോൾ ഞാനൊരു യുവാവു മാത്രമായിരുന്നു. ഇന്നു ഞാനൊരു വൃദ്ധനായിക്കഴിഞ്ഞു. തുടക്കത്തിലുള്ള ആ വാദങ്ങൾക്കുശേഷം ഇരു

പതിലധികം കൊല്ലങ്ങൾ കഴിഞ്ഞു. എന്നെക്കാളും വയസ്സുകുറഞ്ഞ എത്രയോ സ്നേഹിതന്മാരും പ്രിയപ്പെട്ടവരും മരണമടഞ്ഞു. അവൻ എനിക്കു ദീർഘായുസ്സു നല്കി. എല്ലാ വിഷമങ്ങളിലും അവൻ എനിക്ക് സഹായിയും മതിയായവനുമായി വർത്തിച്ചു. അല്ലാഹുവിൽ കറ്റുകെട്ടി പ്പറയുന്നവരുടെ അടയാളം ഇതാകാറുണ്ടോ എന്നു നിങ്ങൾ തന്നെ പറയുവിൻ! (റൂഹാനീ ഖസായിൻ വാള്യം. 11, ഭാ. 50,51 അഞ്ചാമെ ആഥം.)

38. വാഗ്ദത്ത മസീഹ് ആകാശത്തു നിന്ന് ഇറങ്ങുമെന്നത് തികച്ചും അബദ്ധധാരണയാകുന്നു. ഓർക്കുക ആരും ആകാശത്തുനിന്നും ഇറങ്ങുകയില്ല. ഇപ്പോൾ ജീവിച്ചിരിപ്പുള്ള നമ്മുടെ എല്ലാ എതിരാളികളും മരിച്ചൊടുങ്ങും. അവരിൽ ആരും തന്നെ മർയമിന്റെ മകൻ ഈസാ ആകാശത്തുനിന്ന് ഇറങ്ങുന്നത് കാണുകയില്ല. പിന്നെ അവശേഷിക്കുന്ന അവരുടെ സന്തതികളും മരിച്ചൊടുങ്ങും. അവരിലും ആരും തന്നെ മർയമിന്റെ മകൻ ഈസാ ആകാശത്തു നിന്ന് ഇറങ്ങുന്നത് കാണുകയില്ല. പിന്നെ സന്തതികളുടെ സന്തതികളും മരിച്ചൊടുങ്ങും. അവരും മർയമിന്റെ മകൻ ആകാശത്തു നിന്ന് ഇറങ്ങുന്നത് കാണുകയില്ല. അപ്പോൾ അല്ലാഹു അവരുടെ ഹൃദയങ്ങളിൽ പരിഭ്രമം ഉണ്ടാക്കും. അതായത് കുരിശിന്റെ വിജയകാലഘട്ടം കഴിഞ്ഞുപോകുകയും ലോകം മറ്റൊരു വർണ്ണം സ്വീകരിക്കുകയും ചെയ്തിരിക്കും. പക്ഷെ അപ്പോഴും മർയമിന്റെ പുത്രൻ ഈസാ ആകാശത്തു നിന്ന് ഇറങ്ങിയിട്ടുണ്ടായിരിക്കില്ല. അപ്പോൾ ബുദ്ധിമാന്മാർ ഉടൻ തന്നെ ഈ വിശ്വാസത്തെക്കൊള്ളെ വെറുക്കുന്നതാണ്. ഇന്നത്തെ ദിവസം മുതൽ മൂന്നു നൂറ്റാണ്ട് പൂർത്തിയാകുന്നതിനു മുമ്പേ ഈസയെ പ്രതീക്ഷിച്ചിരിക്കുന്നവർ മുസ്ലിംകളായാലും ക്രിസ്ത്യാനികളായാലും കഠിനനിരാശയിലും ദുരൂഹതയിലും അകപ്പെട്ട് ഈ അബദ്ധവിശ്വാസത്തെ പരിത്യജിക്കുന്നതാണ്. ലോകത്ത് ഒരു മതം മാത്രമായിത്തീരും, ഒരു നേതാവും. ഞാൻ ഒരു വിത്ത് വിതക്കാൻ വന്നതാകുന്നു. ആയതിനാൽ എന്റെ കരങ്ങളാൽ ആ വിത്ത് വിതക്കപ്പെട്ടിരിക്കുന്നു. ഇനി അത് വളരുകയും പുഷ്പിക്കുകയും ചെയ്യും. ആർക്കും അതിനെ തടയാൻ സാധ്യമല്ല. (തദ്ക്കിറത്തു ശഹാദത്തൈൻ, റൂഹാനി ഖസായീൻ ഭാഗം 20: പേജ് 67)

# ജമാഅത്തിനുള്ള ഉപദേശങ്ങൾ

39. അല്ലയോ എന്റെ 'ബൈഅത്തിൽ' പ്രവേശിച്ചിട്ടുള്ള എന്റെ പ്രിയപ്പെട്ട സ്നേഹിതരെ, അല്ലാഹു നമ്മെ അവൻ തൃപ്തിപ്പെടുമാറുള്ള കാര്യങ്ങൾ ചെയ്യാൻ സഹായിക്കട്ടെ; ഇന്നു നിങ്ങൾ വളരെ കുറച്ചു പേരാണ്. നിങ്ങൾ നിന്ദാദൃഷ്ടിയോടെ വീക്ഷിക്കപ്പെടുകയും ചെയ്യുന്നു. നിങ്ങൾ ഒരു പരീക്ഷണകാലഘട്ടത്തെ തരണം ചെയ്തുകൊണ്ടിരിക്കുകയാണ്. പണ്ടുപണ്ടേ നടന്നുപോന്ന അല്ലാഹുവിന്റെ ഒരു സുന്നത്തനുസരിച്ചുള്ളതാണിത്. നിങ്ങൾ തോറ്റുപോകുന്നതിന്ന് എല്ലാ ഭാഗങ്ങളിൽ നിന്നുമുള്ള ശ്രമങ്ങളുണ്ടാകും. നിങ്ങൾ എല്ലാ പ്രകാരത്തിലും ഭർത്സിക്കപ്പെടുകയും പലവിധങ്ങളായ ദുർഭാഷണങ്ങൾ നിങ്ങൾക്ക് കേൾക്കേണ്ടി വരികയും ചെയ്യും. നാവുകൊണ്ടോ കൈകൊണ്ടോ നിങ്ങളെ ദുഃഖിപ്പിക്കുന്ന ഓരോ ആളും തങ്ങൾ ഇസ്‌ലാമിനെ സഹായിക്കുകയാണെന്നു കരുതും. ദൈവീകമായ ചില പരീക്ഷണങ്ങളും നിങ്ങളുടെ മേൽവരും. എല്ലാതരത്തിലും നിങ്ങൾ പരീക്ഷിക്കപ്പെടാൻവേണ്ടിത്തന്നെ. ആകയാൽ, നിങ്ങൾ വിജയശ്രീലാളിതരായിത്തീരുന്നത്, നിങ്ങൾ ശുഷ്ക്കമായ തർക്കവിതർക്കങ്ങളിൽ ഏർപ്പെടുന്നതുകൊണ്ടോ പരിഹാസത്തിനു പകരം പരിഹാസവാക്കുകൾ പ്രയോഗിക്കുന്നതുകൊണ്ടോ ശകാരത്തിനു പകരം ശകാരം ഉതിർക്കുന്നതുകൊണ്ടോ അല്ലെന്നു മനസ്സിലാക്കിക്കൊൾവിൻ. നിങ്ങൾ ഈ വഴിയാണ് സ്വീകരിക്കുന്നതെങ്കിൽ നിങ്ങളുടെ ഹൃദയം കടുത്തുപോകും. അപ്പോൾ വാദവിവാദങ്ങൾ മാത്രമെ നിങ്ങൾക്കുണ്ടാവുകയുള്ളൂ. അല്ലാഹു അതിനെ അനിഷ്ടപ്പെടുന്നു. അവൻ അതിനെ അനഭിലഷണീയമായ ദൃഷ്ടികളോടെ കാണുന്നു. ആകയാൽ, ഒരു ഭാഗത്ത് സൃഷ്ടികളുടെയും മറുഭാഗത്ത് ദൈവത്തിന്റെയും ശാപങ്ങൾ വാരിക്കൂട്ടുന്നവിധം നിങ്ങൾ അപ്രകാരം ചെയ്യാതിരിക്കേണ്ടതാണ്. (റൂഹാനീ ഖസായിൻ വാല്യം 3, ഭാ. 546, 547; ഇസാലയെ ഔഹാം, ഭാ. 825, 826 രണ്ടാം ഖണ്ഡം ഒന്നാം പതിപ്പ്)

40. ദൈവം നിങ്ങളെ നഷ്ടത്തിലാക്കുമെന്നു നിങ്ങൾ നിമിഷനേരംപോലും വിചാരിച്ചുപോകൊല്ലാ. നിങ്ങൾ ദൈവത്തിന്റെ കയ്യാൽ ഭൂമിയിൽ നടപ്പെട്ട ബീജമാകുന്നു. ഈ ബീജം മുളക്കുകയും വളരുകയും നാനാ

ഭാഗങ്ങളിലും ശാഖകളായി പടരുകയും ഒരു വൻവൃക്ഷമായിത്തീരുകയും ചെയ്യുമെന്നു അല്ലാഹു പറയുന്നു. ആകയാൽ, ദൈവവിധിയിൽ വിശ്വാസം പുലർത്തുകയും ഇടയ്ക്ക് വച്ചുണ്ടാകുന്ന പരീക്ഷണങ്ങളിൽ ഭയപ്പെടാതിരിക്കുകയും ചെയ്യുന്നവൻ അനുഗൃഹീതൻ. എന്തുകൊണ്ടെന്നാൽ, പരീക്ഷണങ്ങൾ വരേണ്ടതും ആവശ്യമാകുന്നു. തങ്ങളുടെ 'ബൈഅത്തി'ൽ (അനുസരണ പ്രതിജ്ഞ) ആരാണു സത്യവാന്മാരെന്നും ആരെല്ലാം കപടന്മാരെന്നും വേർതിരിക്കപ്പെടുന്നതിനുവേണ്ടിത്തന്നെ. പരീക്ഷണങ്ങളിൽ ഇടറിപ്പോകുന്നവൻ അല്ലാഹുവിന്നു ഏതും ഊനം വരുത്തുന്നില്ല; ദുർഭാവന അവനെ നരകത്തിൽ കൊണ്ടെത്തിക്കുകയും ചെയ്യും. അവൻ ജനിച്ചില്ലായിരുന്നുവെങ്കിൽ ഹാ, എത്ര നന്നു! അന്ത്യം വരെ സഹനം കൈക്കൊള്ളുന്നവരാകട്ടെ, ആപത്തുകളുടെ ഭൂകമ്പങ്ങൾ അഭിമുഖീകരിക്കേണ്ടിവന്നാലും, വിപത്തുകളുടെ കൊടുങ്കാറ്റുകൾ ആഞ്ഞടിച്ചാലും, ജനങ്ങളിൽനിന്നു അങ്ങേയറ്റത്തെ പരിഹാസങ്ങളും നിന്ദനങ്ങളും ഏല്ക്കേണ്ടിവന്നാലും ലോകർ തങ്ങളോടു കഠിനമായ വെറുപ്പോടെ പെരുമാറിയാലും പിന്തിരിയാതെ ഒടുക്കം വിജയശ്രീലാളിതരായിത്തീരുന്നവരാകുന്നു. അനുഗ്രങ്ങളുടെ വാതിലു കൾ അവർക്കായി തുറന്നിടപ്പെടും. അല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു: ജമാഅത്തിനെ അറിയിക്കുക; വിശ്വസിച്ചവർ എന്നുവച്ചാൽ, ലൗകികതയുടെ ചേറുപുരണ്ടിട്ടില്ലാത്ത സത്യവിശ്വാസം, കാപട്യവും ഭീരുത്വവും കൊണ്ടു മലീമസമായിട്ടില്ലാത്ത സത്യവിശ്വാസം, അനുസരണത്തിന്റെ യാതൊരു മേഖലയും ഒഴിഞ്ഞുപോയിട്ടില്ലാത്ത സത്യവിശ്വാസം സ്വീകരിച്ചിട്ടുള്ളവർ ആരോ അവർ ദൈവത്തിന്റെ ഇഷ്ടജനമാകുന്നു. അവരത്രെ സത്യത്തിന്റെ പാതയിൽ പദമൂന്നിയവർ. (റൂഹാനീ ഖസായിൻ വാല്യം 20. ഭാ. 309; അൽവസിയ്യത്ത്, ഭാ. 11)

41. അനീതിയിൽ ശാഠ്യം പിടിച്ചുകൊണ്ടു നിങ്ങൾ സത്യത്തെ കൊല ചെയ്യൊല്ലാ! സത്യവസ്തുതയെ സ്വീകരിക്കുവിൻ! ഒരു കുട്ടിയിൽ നിന്നായാലും ശത്രുവിൽ നിന്നായാൽ പോലും സത്യവസ്തുത കണ്ടെത്തിയാൽ നിങ്ങൾ നിങ്ങളുടെ ശുഷ്കമായ തർക്കശാസ്ത്രം വിട്ടൊഴിഞ്ഞുകൊള്ളുവിൻ. സത്യം കണ്ടെത്തിയാൽ അവിടെ നിങ്ങൾ നില്ക്കുവിൻ. സത്യമായ സാക്ഷ്യം നല്കുവിൻ. സർവാധിനാഥനായ അല്ലാഹു പറയുന്നു;

فَاجْتَنِبُوْا الرِّجْسَ مِنَ الْاَوْثَانِ وَاجْتَنِبُوْا قَوْلَ الزُّوْرِ

ബിംബങ്ങളുടെ അശുദ്ധിയിൽനിന്നു വിട്ടുമാറുവിൻ; കളവിൽ നിന്നും. അത് ബിംബപൂജയിൽ കുറഞ്ഞതല്ല' (സൂറ: അൽഹജ്ജ്, 31)
സത്യത്തിന്റെ ലക്ഷ്യസ്ഥാനത്ത് നിന്ന് നിങ്ങളുടെ മുഖം തിരിയുമാറാക്കുന്നതെന്തോ അതു നിങ്ങളുടെ മാർഗത്തിൽ ഒരു വിഗ്രഹമാകുന്നു. നിങ്ങളുടെ പിതാക്കാൾക്കും സഹോദരങ്ങൾക്കും സ്നേഹിതന്മാർക്കും എതിരായാലും സത്യമായ സാക്ഷ്യം പറയുവിൻ. യാതൊരു ശത്രുതയും നിങ്ങൾക്ക് നീതി പ്രവർത്തിക്കുന്നതിനു ഒരു പ്രതിബന്ധമാകരുത്. പരസ്പരമുള്ള ലുബ്ധും പകയും അസൂയയും ശത്രുതയും നിർദ്ദയത്വവും ഉപേക്ഷിച്ചു നിങ്ങൾ ഐക്യപ്പെടുവിൻ. വിശുദ്ധഖുർആന്റെ ഏറ്റവും വലിയ രണ്ടു കല്പനകളാണുള്ളത്. ഒന്ന് തൗഹീദ്; സർവാധിനാഥനായ അല്ലാഹുവിനോടുള്ള സ്നേഹവും അനുസരണവും. രണ്ടാമത്തേത് സ്വന്തം സഹോദരങ്ങളോടും സമസൃഷ്ടികളോടുമുള്ള സഹാനുഭൂതിയും. (റൂഹാനീ ഖസായിൻ, വാള്യം. 3, ഭാ. 550; ഇസാലയെ ഔഹാം, ഖണ്ഡം 2, ഭാ 831,832, ഒന്നാം പതിപ്പ്)

42. സത്യസന്ധത പാലിക്കുവിൻ. സത്യസന്ധത പാലിക്കുവിൻ. നിങ്ങളുടെ ഹൃദയം എങ്ങനെയുള്ളതാണെന്നു ദൈവം നോക്കിക്കൊണ്ടിരിക്കുന്നു. എന്ത്? മനുഷ്യനു ദൈവത്തെയും ചതിക്കുവാൻ കഴിയുമോ? അവന്റെ മുമ്പിലും വഞ്ചനകൾ വിലപ്പോവുമോ? (റൂഹാനീ ഖസായിൻ, വാള്യം. 3, ഭാ. 549: ഇസാലയെ ഔഹാം ഖണ്ഡം 2, ഭാ. 830 ഒന്നാം പതിപ്പ്)

43. ആകാശത്തിൽ അല്ലാഹു നിങ്ങളിൽ തൃപ്തനായിരിക്കമെന്നു നിങ്ങളാഗ്രഹിക്കുന്നുവെങ്കിൽ ഒരമ്മപെറ്റ മക്കളെപ്പോലെ നിങ്ങൾ ഐക്യത്തിൽ വർത്തിക്കുവിൻ. സ്വന്തം സഹോദരന്റെ തെറ്റുകുറ്റങ്ങൾ ഏറെ പൊറുത്തുകൊടുക്കുന്നതാരോ അയാളാണ് നിങ്ങളിൽ ഏറെ ആദരണീയൻ. കടുംപിടുത്തം പിടിക്കുകയും പൊറുത്തുകൊടുക്കാതിരിക്കുകയും ചെയ്യുന്നവൻ അങ്ങേയറ്റം ഭാഗ്യം കെട്ടവനത്രെ. അവനു ഞാനുമായി യാതൊരു ബന്ധവുമില്ല. ദൈവത്തിന്റെ ശാപത്തെത്തൊട്ടു വളരെ ഭയമുള്ളവരായിരിക്കുവിൻ! അവൻ പരിശുദ്ധനും അഭിമാനിയുമത്രെ. ദുർവൃത്തൻ ദൈവപ്രീതിയാർജിക്കുകയില്ല. അഹങ്കാരി ദൈവത്തിന്റെ സായൂജ്യം നേടുകയില്ല. അക്രമി അവന്റെ സാമീപ്യം സമ്പാദിക്കുകയില്ല. വഞ്ചകൻ അവന്റെയടുക്കൽ സ്ഥാനം കരസ്ഥമാക്കുകയില്ല. അവന്റെ നാമത്തിൽ അഭിമാനം കൊള്ളാത്തവരാരും തന്നെ അവന്റെ

സന്നിധി കൈവരിക്കുകയില്ല. അവിശുദ്ധമായ എല്ലാ കണ്ണുകളും അവനിൽ നിന്നു ദൂരത്താണ്. അവന്നുവേണ്ടി അഗ്നിയിൽ വീഴുന്നവൻ അഗ്നിയിൽനിന്നും രക്ഷിക്കപ്പെടും. അവന്ന് വേണ്ടി കരയുന്നവൻ ചിരിക്കും. അവന്നുവേണ്ടി ദീൻയാവിന്റെ ബന്ധം വിടുന്നവന്നു അതുലഭിക്കും. നിങ്ങൾ സത്യഹൃദയത്തോടും പൂർണമായ വിശ്വസ്തതയോടും തിവ്രയത്നത്തോടും കൂടി ദൈവത്തിന്റെ സ്നേഹിതനായിത്തീരുക. എന്നാൽ, അവൻ നിങ്ങളുടെ ചങ്ങാതിയായി മാറും. നിങ്ങൾ നിങ്ങളുടെ ആശ്രിതരോടും നിങ്ങളുടെ ഭാര്യമാരോടും നിങ്ങളുടെ പാവപ്പെട്ട സഹോദരങ്ങളോടും കാരുണ്യം കാട്ടുവിൻ! എന്നാൽ, ആകാശത്തിൽ നിങ്ങളോടും കരുണ ചെയ്യപ്പെടും. നിങ്ങൾ തീർത്തും അവന്റേതായിത്തീരുവിൻ; അവൻ നിങ്ങളുടേതായിത്തീരുന്നതിനുവേണ്ടി. (റൂഹാനീ ഖസായിൽ വാള്യം 19, ഭാ. 12,13; കിശ്തീനൂഹ്, ഭാ 14,15)

44. ആകയാൽ, എന്റെ ജമാഅത്തിൽ ഉൾപ്പെട്ടവരായി സ്വയം കണക്കാക്കുന്ന അല്ലയോ ജനസാകല്യമേ, ഭയഭക്തിയുടെ വഴിയിൽ ചരിക്കുമ്പോൾ മാത്രമെ സത്യമായും എന്റെ ജമാഅത്തിൽപെട്ടവരായി ദൈവസന്നിധിയിൽ നിങ്ങൾ എണ്ണപ്പെടുകയുള്ളൂ. നിങ്ങളുടെ അഞ്ചു നേര നമസ്ക്കാരം നിങ്ങൾ അല്ലാഹുവിനെ കാണുന്നു എന്ന നിലയിൽ ഭയത്തോടും ഭക്തിയോടും ആദരവോടുംകൂടി അനുഷ്ഠിക്കുവിൻ, സക്കാത്ത് നല്കാൻ അർഹനായിട്ടുള്ള ഓരോ ആളും സക്കാത്ത് നല്കട്ടെ; ആർക്ക് ഹജ്ജ് നിർബന്ധമാണോ, തടസ്സങ്ങളൊന്നുമില്ലെങ്കിൽ – അവൻ ഹജ്ജ് ചെയ്യട്ടെ! നന്മകൾ ശരിയായ രൂപത്തിൽ അനുഷ്ഠിക്കുകയും തിന്മകളെ അറപ്പോടെ വിട്ടൊഴിയുകയും ചെയ്യുവിൻ! ഭക്തിശൂന്യമായ യാതൊരുകർമവും ദൈവത്തിന്റെ അടുക്കലോളം എത്തുകയില്ലെന്നു നിങ്ങൾ ദൃഢമായും ഓർത്തുകൊള്ളുവിൻ. എല്ലാ ഓരോ നന്മയുടെയും വേര് ഭയഭക്തിയാകുന്നു. ഏതൊരു കർമത്തിൽ ഈ വേരു നശിച്ചുപോകുകയില്ലയോ ആ കർമവും നശിച്ചു പോകയില്ല. നാനാതരം ദുഃഖങ്ങളും കഷ്ടപ്പാടുകളും കൊണ്ടു നിങ്ങൾ പരീക്ഷിക്കപ്പെടുകയും ചെയ്യുമെന്നതും തീർച്ചയാണ്; കഴിഞ്ഞ കാലങ്ങളിൽ സത്യവിശ്വാസികൾ പരീക്ഷിക്കപ്പെട്ടതു പോലെ. ആകയാൽ, സൂക്ഷിച്ചുകൊള്ളുക, നിങ്ങൾ ഇടറിപ്പോകരുത്. അങ്ങനെ സംഭവിക്കാതിരിക്കട്ടെ. ആകാശവുമായി നിങ്ങൾക്ക് സുദൃഢമായ ബന്ധമുണ്ടെങ്കിൽ ഭൂമിക്ക് നിങ്ങളെ ഹാനിപ്പെടുത്തുവാൻ സാദ്ധ്യമേയല്ല. നിങ്ങൾക്ക് വല്ല നഷ്ടവും വന്നുഭവിക്കു

ന്നുവെങ്കിൽ അതു നിങ്ങളുടെ കൈകൾകൊണ്ടു തന്നെയായിരിക്കും; ശത്രുക്കളുടെ കൈകളാലായിരിക്കില്ല. ലൗകികമായ എല്ലാ ബഹുമാന ങ്ങളും നിങ്ങൾക്ക് നഷ്ടപ്പെട്ടു പോകുന്നുവെങ്കിൽ സാരമില്ല, അല്ലാഹു അറുതിവരാത്ത ബഹുമാനങ്ങൾ ആകാശത്തിൽ നിങ്ങൾക്ക് നൽകും. ആകയാൽ നിങ്ങൾ അവനെ ഉപേക്ഷിച്ചു കളയൊല്ലാ. നിങ്ങൾക്ക് ദുഃഖം നേരിടുകയും നിങ്ങളുടെ ആഗ്രഹങ്ങൾ അസഫലങ്ങളായി ഭവി ക്കുകയും ചെയ്യേണ്ടതും ആവശ്യമാകുന്നു, അതുകൊണ്ടു ഈ ആവ സ്ഥകളോടു നിങ്ങൾ ഒട്ടിനില്ക്കരുത്. എന്തെന്നാൽ നിങ്ങളുടെ ദൈവം നിങ്ങളെ പരീക്ഷിക്കുകയാകുന്നു. അവന്റെ മാർഗത്തിൽ നിങ്ങൾ കാലു റച്ചു നില്ക്കുന്നുവോ ഇല്ലയോ എന്നു നോക്കുവാൻ. ആകാശത്തിൽ മലക്കുകൾകൂടിയും നിങ്ങളെ സ്തുതിക്കുമാറാകണമെന്നു നിങ്ങളാ ഗ്രഹിക്കുന്നുവെങ്കിൽ നിങ്ങൾ അടികൊള്ളുകയും എന്നിട്ട് സന്തുഷ്ട രായാരിക്കുകയും ചെയ്യുവിൻ. ശകാരങ്ങൾ കേൾക്കുകയും എന്നിട്ട് ന ന്ദിപ്രകടിപ്പിക്കുകയും ചെയ്‌വിൻ. പരാജയങ്ങളെ അഭിമുഖീകരിച്ചാലും ബന്ധം മുറിക്കായ്‌വിൻ. നിങ്ങൾ ദൈവത്തിന്റെ അവസാനത്തെ ജമാഅ ത്താകുന്നു. അതിനാൽ, നിങ്ങൾ അത്യുദാത്തമായ സൽകർമങ്ങൾ പ്ര വർത്തിക്കുവിൻ! (റൂഹാനീ ഖസായിൻ, വാള്യം 19, ഭാ. 15, കിശ്തീ നൂഹ്, ഭാ. 17)

# മുന്നറിയിപ്പ്

45. അഹങ്കാരം ഉപേക്ഷിക്കുവാൻ ഞാൻ എന്റെ ജമാഅത്തിനെ ഉപദേശിച്ചുകൊള്ളുന്നു. ഗർവ് പ്രതാപവാനായ നമ്മുടെ ദൈവത്തത്തിന്റെ കണ്ണിൽ അങ്ങേയറ്റം അനിഷ്ടകരമായിട്ടുള്ളതത്രെ. ഗർവം എന്നാൽ എന്താണെന്ന് നിങ്ങൾ പക്ഷെ, പൂർണ്ണമായും മനസ്സിലാക്കിയിട്ടില്ലായിരിക്കാ. ആകയാൽ, എന്നിൽനിന്നും അതറിഞ്ഞുകൊൾവിൻ. എന്തെന്നാൽ ഞാൻ അല്ലാഹുവിൽ നിന്നുള്ള ചൈതന്യം ഉൾക്കൊണ്ടുകൊണ്ട് സംസാരിക്കുന്നു. തന്റെ സഹോദരനെക്കാൾ കൂടുതൽ പഠിച്ചവനും അറിവുള്ളവനും ബുദ്ധിമാനും ആണെന്നു കരുതിക്കൊണ്ട് അവനെ താഴ്ത്തിക്കാണുവാൻ ശ്രമിക്കുന്നവൻ അഹങ്കാരിയാകുന്നു. എല്ലാ അറിവിന്റെയും ജ്ഞാനത്തിന്റെയും ഉറവിടം അല്ലാഹുവാണെന്നു കരുതുന്നതിനുപകരം താൻ തന്നെ വലിയ എന്തോ ആണെന്നു അയാൾ വിചാരിക്കുന്നു. അയാളെ മാനസികമായി നിലതെറ്റിയവനാക്കുവാനും താൻ താഴ്ന്നവനായിക്കരുതിയ തന്റെ സഹോദരന്നു ഏറെ ഉയർന്ന ജ്ഞാനവും അറിവും ബുദ്ധിശക്തിയും നല്കി അയാളെ അനുഗ്രഹിക്കുവാനും അല്ലാഹുവിനു ശക്തിയില്ലേ? ഇപ്രകാരം തന്നെ തന്റെ സമ്പത്തിന്റെയും ഉത്തുംഗസ്ഥാനത്തിന്റെയും പേരിൽ തന്റെ സഹോദരനെ ഇകഴ്ത്തിക്കാണുന്നവനും ഗർവിഷ്ഠനാകുന്നു. തന്റെ പദവിയും മഹിമാവുമെല്ലാം അല്ലാഹു അനുഗ്രഹിച്ചു നല്കിയതാണെന്ന യാഥാർഥ്യത്തെ അവഗണിച്ചതിനാലാണ് അവൻ അഹങ്കാരിയാകുന്നത്. പെട്ടെന്ന് താൻ നീചരിൽ നീചനായി താഴത്തേയ്ക്കെറിയപ്പെടുമാറ് തനിക്ക് ദുർഭാഗ്യം വരുത്തിവെയ്ക്കുവാൻ അല്ലാഹുവിന്നു കഴിവുണ്ടെന്ന വസ്തുത മനസ്സിലാക്കാത്തവനും അന്ധനുമാണവൻ. അവൻ ചെറിയവനായിക്കരുതുന്ന തന്റെ സഹോദരന് കൂടുതൽ സമ്പത്തും ഐശ്വര്യവും അനുഗ്രഹിച്ചു നല്കാൻ അല്ലാഹു ശക്തനാണെന്ന കാര്യവും അവൻ മനസ്സിലാക്കുന്നില്ല. ശരീരാരോഗ്യത്തിലോ സൗന്ദര്യത്തിലോ ആകാരസൗഷ്ഠവത്തിലോ ഉള്ളൂക്കിലോ താൻ കേമനാണെന്നു കരുതിക്കൊണ്ട് സ്വസഹോദരനെ നിന്ദിച്ചു പറയുകയും പരിഹസിക്കുകയും നിന്ദാർഹമായ നാമങ്ങൾ വിളിച്ചു അപഹാസ്യനാക്കുകയും ചെയ്യുന്നവനും അഹങ്കാരിയാകുന്നു. തന്റെമേൽ ക്ഷണനേരം കൊണ്ടു വൈകല്യങ്ങൾ വരുത്തിവെയ്ക്കാനും തന്റെ നിന്ദിക്കപ്പെട്ട

സഹോദരനേക്കാൾ എത്രയോ നിന്ദ്യമായ ദുസ്ഥിതിയിലാക്കാനും പോരുന്നവനായ ഒരു ദൈവത്തിന്റെ ഉണ്മയെക്കുറിച്ചു അറിവില്ലാത്തവനും അഹങ്കാരിയത്രെ. (റൂഹാനീ ഖസായിൻ, വാള്യം 18, ഭാ 402; നുസുലുൽ മസീഹ് ഭാ 26)

46. നിങ്ങൾ മറ്റുള്ളവരുടെ നേരെ സഹാനുഭൂതി പ്രകടിപ്പിച്ചും ആത്മാക്കളെ പവിത്രീകരിച്ചും 'റൂഹുൽഖുദ്സി'ന്റെ (പരിശുദ്ധാത്മാവ്) അനുഗ്രഹങ്ങളിൽ ഭാഗഭാക്കാകുവിൻ. പരിശുദ്ധാത്മാവ് മുഖേനയല്ലാതെ യഥാർഥ 'തഖ്‌വ' (ഭയഭക്തി) ആർജ്ജിക്കുവാൻ സാദ്ധ്യമേയല്ല. നിങ്ങളുടെ ശരീരേച്ഛകളെല്ലാം കളഞ്ഞു ദൈവതൃപ്തിയുടെ പാത പിന്തുടരുവിൻ. അതിനേക്കാൾ കുടുസ്സായിട്ടുള്ളതും പ്രയാസപൂർണമായിട്ടുള്ളതുമായ മറ്റൊരു പാത ഇല്ലെന്നും ഓർക്കുക. ഭൗതികമായ സുഖാനുഭവങ്ങളിൽ നിങ്ങൾ മോഹിതരാകൊല്ല. അവ നിങ്ങളെ ദൈവത്തിൽനിന്നും ദൂരെ അകറ്റിക്കളയും. ദൈവത്തിനുവേണ്ടി നിങ്ങൾ ക്ലിഷ്ട ജീവിതം കൈവരിക്കുവിൻ. ദൈവം തൃപ്തിപ്പെടുന്ന വേദന ദൈവം അനിഷ്ടപ്പെടുന്ന സുഖാനുഭവങ്ങളെക്കാൾ എത്രയോ ശ്രേഷ്ഠമാകുന്നു. ഏതൊരു പരാജയത്തിൽ ദൈവം തൃപ്തിപ്പെട്ടിരിക്കുന്നുവോ അതത്രെ അവന്റെ ക്രോധത്തിന് വിധേയമായിട്ടുള്ള വിജയത്തേക്കാൾ നിങ്ങൾക്ക് നല്ലത്. ദൈവത്തിന്റെ ക്രോധത്തിനടുത്തെത്തിക്കുന്ന സ്നേഹത്തെ നിങ്ങൾ വർജ്ജിക്കുവിൻ. പരിശുദ്ധമായ ഹൃദയത്തോടെ അവന്റെ അടുക്കൽ ചെല്ലുമ്പോൾ അവൻ എല്ലാ വഴികളിലും നിങ്ങളെ സഹായിക്കും. ഒരു ശത്രുവിന്നും അപ്പോൾ നിങ്ങൾക്ക് നഷ്ടം വരുത്തുവാനോ നിങ്ങളെ ദ്രോഹിക്കുവാനോ ആവുന്നതുമല്ല. (റൂഹാനീ ഖസായിൻ വാള്യം 20, ഭാ. 307, അൽവസിയ്യത്ത് ഭാ. 9)

47. ലിബാസുത്തഖ്‌വ (ഭയഭക്തിയുടെ വസ്ത്രം) ഖുർആനിലെ പദങ്ങളാകുന്നു. ഇതിലുള്ള സൂചന ആത്മീയ സൗന്ദര്യവും ആത്മീയമായ ഭംഗിയും തഖ്‌വയിലൂടെയാണ് ഉണ്ടാകുക എന്നാകുന്നു. തഖ്‌വ എന്നു വച്ചാൽ മനുഷ്യൻ അല്ലാഹുവിന്റെ എല്ലാ സൂക്ഷിപ്പുമുതലുകളും വിശ്വാസഉടമ്പടികളും അതുപോലെത്തന്നെ സൃഷ്ടികളുടെ സകല സൂക്ഷിപ്പുമുതലുകളും ഉടമ്പടികളും കഴിയുന്നിടത്തോളം ശ്രദ്ധിക്കുക എന്നാകുന്നു. അതായത് അവയുടെ അതിസൂക്ഷ്മമായ ഭാഗങ്ങളിൽ പോലും കഴിവനുസരിച്ച് പ്രാവർത്തികമാക്കുക. (ബറാഇനെ അഹ്മദിയ്യാ ഭാഗം 5 , റൂഹാനിഖസായീൻ ഭാഗം 21 പേജ് 210)

# ദുർഭാവന

48. ദുർഭാവന ഒരു കടുത്ത വിപത്താകുന്നു. ജ്വലിക്കുന്ന അഗ്നി പുല്ലും ചവറും എരിച്ചുകളയുന്നതുപോലെ അത് സത്യവിശ്വാസത്തെ അതിശീഘ്രം കത്തിച്ചു കളയുന്നു. അല്ലാഹുവിന്റെ ദൂതന്മാരെക്കുറിച്ചു ദുർഭാവന പുലർത്തുന്നവരെ സംബന്ധിച്ചേടത്തോളം അല്ലാഹുതന്നെ അവരുടെ ശത്രുവായിത്തീരുന്നു. അവരുമായി പൊരുതാൻ അവൻ തന്നെ തയ്യാറാകുന്നു. അവൻ തന്റെ പ്രീത ജനങ്ങളെ സംബന്ധിച്ചേടത്തോളം പുലർത്തുന്ന അഭിമാനം അതുല്യമായിട്ടുള്ളതത്രെ. എന്റെ നേരെ നാനാതരത്തിലുള്ള അക്രമണങ്ങളുണ്ടായപ്പോൾ ഇതേ ദൈവാഭിമാനം എന്റെ രക്ഷക്കായി പ്രവർത്തനത്തിൽ വരികയുണ്ടായി. (റൂഹാനീ ഖസായിൻ വാള്യം 20, ഭാ. 317; അൽവസിയ്യത്ത് അടിക്കുറിപ്പ് ഭാ 19)

49. ഞാൻ സത്യമായി പറയുന്നു; ദുർഭാവന വളരെ ചീത്തയായ ഒരു വിപത്താകുന്നു. അതു മനുഷ്യന്റെ സത്യവിശ്വാസത്തെ നശിപ്പിച്ചുകളയുകയും സത്യമാർഗത്തിൽ നിന്നു അവനെ ദൂരത്തെറിഞ്ഞുകളയുകയും സ്നേഹിതന്മാരെ ശത്രുക്കളാക്കി മാറ്റുകയും ചെയ്യുന്നു. ദുർഭാവനകളിൽ നിന്നു മനുഷ്യൻ രക്ഷപ്പെടേണ്ടതു സിദ്ദീഖുമാരുടെ പരിപൂർണത കൈവരിക്കുന്നതിന് അനുപേക്ഷണീയമാണ്. ആരെക്കുറിച്ചെങ്കിലും ദുർഭാവന ഉണ്ടായിത്തുടങ്ങിയാൽ അധികമധികം പശ്ചാത്തപിച്ചു. പാപപ്പൊറുതിക്കായി തേടുകയും ഈ പാപത്തിൽനിന്നു, പ്രസ്തുത ദുർഭാവനയെത്തുടർന്നുണ്ടാവുന്ന ദോഷഫലങ്ങളിൽ നിന്നും രക്ഷപ്പെടുന്നതിനുവേണ്ടി പ്രാർഥിക്കുകയും ചെയ്യേണ്ടതാണ്. അതിനെ ഒരിക്കലും നിസ്സാരകാര്യമായി ഗണിക്കരുത്. അത് അത്യന്തം വിപൽക്കരമായ ഒരു രോഗമാകുന്നു. അതിന്നിരയാകുന്നവൻ വളരെ വേഗത്തിൽ നാശമടഞ്ഞുപോകും. (മൽഫൂസാത്ത്, വാള്യം 1 ഭാ. 372)

# നമ്മുടെ വിശ്വാസങ്ങൾ

50. നമ്മുടെ ഉപദേശങ്ങളുടെ ആകസ്സാരം

لَآ اِلٰہ اِلَّا اللّٰہُ مُحَمَّدٌ رَّسُوْلُ اللّٰہ

അഥവാ, അതിന്റെ കഴമ്പ്, (അല്ലാഹുവല്ലാതെ മറ്റൊരു ആരാധ്യനില്ല; മുഹമ്മദ്(സ) അവന്റെ ദൂതനാകുന്നു.) എന്നത്രെ. ഇവിടെ ഈ ലോകത്ത് നാം പുലർത്തി വരുന്നതും മറുലോകത്തേക്ക് നാം കടക്കുന്ന സമയം വരെ ദൈവാനുഗ്രഹത്താലും അവന്റെ സഹായത്താലും നമ്മോട് ഒട്ടി നില്ക്കുന്നതുമായ വിശ്വാസം ഇതാണ്: നമ്മുടെ ആത്മീയ നേതാവും യജമാനനുമായ ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)തിരുമേനി 'ഖാത്തമു ന്നബിയ്യീ'നും 'ഖൈറുൽ മുർസലീ'നും ആകുന്നു. അവിടത്തെ കയ്യാൽ മതത്തിനു പൂർണിമയും അനുഗ്രഹപദവിയുടെ പരിപൂർത്തിയും വന്നു കഴിഞ്ഞു. അതുമുഖേന മനുഷ്യനു സത്യപാത കൈവരിച്ചുകൊണ്ടു ദൈവത്തിന്റെ അടുക്കലോളം എത്താനാവും. നാം സുദൃഢം വിശ്വസി ക്കുന്നു: വിശുദ്ധ ഖുർആൻ ഗ്രന്ഥങ്ങളുടെ മുദ്ര അതായത്, എല്ലാ ദി വ്യഗ്രന്ഥങ്ങളിലും വച്ച് ഏറ്റവും ശ്രേഷ്ഠമായിട്ടുള്ള ഗ്രന്ഥമാണ്. അതി ന്റെ നിശ്ചിത 'ശറഅ്'കളിൽ നിന്നും (നിയമങ്ങളിൽനിന്നും) അതിരുക ളിൽനിന്നും കല്പനകളിൽനിന്നും വള്ളിപുള്ളി നീക്കുവാനോ അവയി ൽ കൂട്ടിച്ചേർക്കുവാനോ പാടുള്ളതല്ല. വിശുദ്ധ ഖുർആനിലെ കല്പ നകളെ റദ്ദാക്കുകയോ മാറ്റുകയോ ദുർബലപ്പെടുത്തുകയോ ഭേദപ്പെടു ത്തുകയോ ചെയ്യുന്ന യാതൊരു വെളിപാടും ദൈവവചനവും ഉണ്ടായി രിക്കുന്നതല്ല. അത്തരം വിശ്വാസം ആരെങ്കിലും സ്വീകരിച്ചിട്ടുണ്ടെങ്കിൽ അയാൾ എന്റെ അഭിപ്രായത്തിൽ, സത്യവിശ്വാസികളുടെ കൂട്ടത്തിൽ പെട്ടവനല്ല. അതുമുഖേന അയാൾ ഒരു അവിശ്വാസിയായിത്തീരുകയും ചെയ്യുന്നു. (റൂഹാനീ ഖസായിൽ വാല്യം 3, ഭാ. 169,170, ഇസാലയെ ഔഹാം, 137,138; ഒന്നാം പതിപ്പ്)

51. അല്ലാഹുവിനെ കൂടാതെ മറ്റൊരാരാധ്യനില്ലെന്നും സയ്യിദുനാ ഹദ്റത്ത് മുഹമ്മദ് മുസത്ഫാ (സ) അല്ലാഹുവിന്റെ റസൂലും ഖാത്തമുൽ അമ്പിയാ ഉം ആണെന്നും ഞങ്ങൾ വിശ്വസിക്കുന്നു. മലക്കുകൾ സത്യമാണെന്നും പുനരുദ്ധാനജീവിതം സത്യമാണെന്നും കണക്കെടുപ്പുദിവസം സത്യ

മാണെന്നും സ്വർഗം സത്യമാണെന്നും നരകം സത്യമാണെന്നും ഞങ്ങൾ വിശ്വസിക്കുന്നു. പ്രതാപവനായ അല്ലാഹു വിശുദ്ധഖുർആനിൽ പറഞ്ഞ എല്ലാ സംഗതികളും നമ്മുടെ നബി(സ) പറഞ്ഞ എല്ലാ കാര്യങ്ങളും മേൽ വിവരിച്ചതു പോലെ സത്യമാണെന്നും നാം വിശ്വസിക്കുന്നു. ആരെങ്കിലും ഇസ്‌ലാമികശരീഅത്തിൽ അല്പമെങ്കിലും കൂട്ടുകയോ കുറക്കുകയോ നിർബന്ധമാക്കപ്പെട്ടവ ഉപേക്ഷിക്കുകയോ അനാവശ്യകാര്യങ്ങൾക്ക് അടിത്തറ ഇടുകയോ ചെയ്യുന്നവൻ ഈമാനില്ലാത്തവനും ഇസ്‌ലാമിൽ നിന്ന് പുറത്താണെന്നും നാം വിശ്വസിക്കുന്നു. നാം നമ്മുടെ ജമാഅത്തിനെ ഉപദേശിക്കുകയാണ്; അവർ സത്യഹൃദയത്തോടെ ലാ ഇലാഹ ഇല്ലല്ലാഹു മുഹമ്മദു റസൂലുല്ലാഹ് എന്ന പരിശുദ്ധകലിമയിൽ വിശ്വസിക്കുകയും അതിൽ തന്നെ മരിക്കുകയും ചെയ്യണം. വിശുദ്ധ ഖുർആനിൽ നിന്ന് സ്ഥാപിക്കപ്പെട്ട എല്ലാ പ്രവാചകന്മാരുടേയും എല്ലാ ഗ്രന്ഥങ്ങളുടേയും സത്യതയിൽ വിശ്വസിക്കണം. നോമ്പ്, നമസ്കാരം, സക്കാത്ത്, ഹജ്ജ്, അല്ലാഹുവും അവന്റെ റസൂലും നിശ്ചയിച്ചിട്ടുള്ള എല്ലാ നിർബന്ധ കല്പനകളും നിർബന്ധമാണെന്ന് മനസിലാക്കുകയും വിരോധിച്ചിട്ടുള്ളവയെല്ലാം നിശിദ്ധമാണെന്ന് മനസ്സിലാക്കുകയും ചെയ്തുകൊണ്ട് ശരിയായ ഇസ്‌ലാമിൽ അടിയുറച്ച് നിൽക്കണം. ചുരുക്കത്തിൽ മുൻകാല സ്വാലിഹീംകൾ വിശ്വാസപരമായും കർമ്മപരമായും യോജിപ്പിലെത്തിയ എല്ലാ കാര്യങ്ങളും അഹ്‌ലുസ്സുന്നത്തിന്റെ ഏകോപിച്ച അഭിപ്രായത്തിൽ ഇസ്‌ലാമെന്ന് പറയപ്പെടുന്ന കാര്യങ്ങളുമെല്ലാം അംഗീകരിക്കേണ്ടത് നിർബന്ധമാണ്. നാം ആകാശഭൂമികളെ ഇക്കാര്യത്തിൽ സാക്ഷിയാക്കിക്കൊണ്ട് പ്രഖ്യാപിക്കുന്നു, ഇത് തന്നെയാണ് നമ്മുടെ മതം. (ഹയ്യാമു സ്വുൽഹ് , റൂഹാനി ഖസായിൻ ഭാഗം 14 പേജ് 323)

52. ഓ ഭൂനിവാസികളെ! അല്ലയോ കിഴക്കും പടിഞ്ഞാറും നിവസിക്കുന്ന മനുഷ്യാത്മാക്കളെ, സത്യമതം ഇന്നു ലോകത്ത് ഇസ്‌ലാം മാത്രമാണെന്നും വിശുദ്ധഖുർആനിൽ പറയപ്പെട്ട ദൈവം മാത്രമാണ് സത്യദൈവമെന്നും ആത്മീയമായി ജീവിച്ചിരിക്കുന്ന പ്രവാചകൻ – എന്നുവച്ചാൽ, മഹത്വത്തിന്റെയും പരിശുദ്ധിയുടെയും സിംഹാസനത്തിൽ എന്നെന്നും ഇരിക്കുന്ന പ്രവാചകൻ – ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ) തിരുമേനിയാണെന്നുമുള്ള വസ്തുത സ്വീകരിക്കുവാൻ ഞാൻ നിങ്ങളെ ഹൃദയപൂർവം ക്ഷണിച്ചുകൊള്ളുന്നു! (റൂഹാനീ ഖസായിൻ വാല്യം 15, ഭാ. 141, തിർയാഖുൽ ഖുലൂബ്, ഭാ.13)

# മലക്കുകൾ

53. വിശുദ്ധ ഖുർആനിൽ അഗാധമായി പഠനം നടത്തുമ്പോൾ മനസ്സിലാക്കാൻ കഴിയുന്നു; മനുഷ്യൻ എന്നല്ല ഭൂമിയിലെ സമഗ്ര ജീവികളുടെയും ആന്തരീയവും ബാഹ്യവുമായ പരിരക്ഷണത്തിന് ചില മാധ്യമങ്ങൾ ആവശ്യമാണെന്നു. കൂടാതെ, ഖുർആനിലെ ചില സൂചനകളിൽ നിന്ന് വളരെ വ്യക്തമായി മനസ്സിലാകുന്നതും, മലക്കുകൾ എന്ന പേരിൽ അറിയപ്പെടുന്ന പരിശുദ്ധ സൃഷ്ടികളുണ്ടെന്നും ആകാശമണ്ഡലങ്ങളുമായി അവയ്ക്കു വ്യത്യസ്ഥതരത്തിലുള്ള ബന്ധങ്ങളാണുള്ളതെന്നുമത്രെ. ചിലർ തങ്ങളുടെ പ്രത്യേക സ്വാധീനങ്ങളാൽ കാറ്റിനെ ചലിപ്പിക്കുന്നവരും മറ്റുചിലർ മഴയെ വർഷിപ്പിക്കുന്നവരും ചിലർ മറ്റു ചില സ്വധീന ഫലങ്ങൾ ഭൂമിയിൽ ഇറക്കുന്നവരുമാകുന്നു. (റൂഹാനീ ഖസായിൻ വാള്യം 3, ഭാ. 70; തൗസീഹെ മറാം ഭാ. 37; ഒന്നാം പതിപ്പ്)

54. ഇസ്‌ലാമിക ശരീഅത്ത് പ്രകാരം വരിഷ്ഠരായ മലക്കുകളുടെ പദവി വരിഷ്ഠരായ മനുഷ്യരെക്കാൾ ഉയർന്നതല്ലെന്നുകൂടി ഓർക്കേണ്ടതാണ്. മറിച്ച് വരിഷ്ഠരായ മനുഷ്യർ വരിഷ്ഠരായ മലക്കുകളെക്കാൾ ശ്രേഷ്ഠരത്രെ. ശാരീരികമോ ആത്മീയമോ ആയ സംവിധാനത്തിൽ അവർ മധ്യവർത്തികളായിരിക്കുന്നുവെന്നത് അവരുടെ മേന്മയെ കുറിക്കുന്നില്ല. ഖുർആനിക പാഠങ്ങളനുസരിച്ച് അവർ സേവകന്മാരെപ്പോലെ ഈ പ്രവൃത്തികളിൽ നിയോഗിക്കപ്പെട്ടിരിക്കുകയാണ്. (റൂഹാനീ ഖസായിൻ വാള്യം 3, ഭാ. 74; തൗസീഹെ മറാം ഭാ. 45, ഒന്നാം പതിപ്പ്)

55. മലക്കുകൾ ഇറങ്ങിയെന്നുപറയുന്നതിന്റെ പൊരുൾ എന്തെന്നു വിവരമില്ലാത്ത ചിലർ അമ്പരക്കുന്നുണ്ടാവാം. മനുഷ്യരുടെ സമുദ്ധാധാരണാർഥം ഏതെങ്കിലും റസൂലോ നബിയോ മുഹദ്ദസോ അല്ലാഹുവിൽനിന്ന് നിയുക്തനാകുമ്പോൾ അദ്ദേഹത്തോടൊപ്പം സന്നദ്ധതയുള്ള ഹൃദയങ്ങളിൽ പ്രവേശിച്ചു മാർഗനിർദേശം നല്കുകയും നന്മയ്ക്ക് പ്രചോദനം നല്കുകയും ചെയ്യുന്ന അത്തരം മലക്കുകളും ഇറങ്ങിക്കൊണ്ടിരിക്കും എന്നത് അല്ലാഹു തുടർന്നുവന്നിട്ടുള്ള ഒരു പ്രവർത്തന സമ്പ്രദായമാണെന്നു വ്യക്തമാക്കിക്കൊള്ളട്ടെ. അവിശ്വാസവും അധർ

മവും അകന്നു സത്യവിശ്വാസത്തിന്റെയും സൻമാർഗത്തിന്റെയും പ്രഭാതം പൊട്ടിവിരിയുന്നതുവരെ മലക്കുകൾ ഇറങ്ങുന്നതു തുടർന്നുകൊണ്ടിരിക്കുന്നതാണ്. (അവിടെ അവന്റെ നാഥന്റെ കല്പനപ്രകാരം - എല്ലാ കാര്യത്തിലും - മലക്കുകളും ആത്മാവും ഇറങ്ങുന്നു. സർവത്ര സമാധാനം! പുലർകാലത്തിന്റെ ഉദയം വരെ! 97:5, 6)

ചുരുക്കത്തിൽ മലക്കുകളുടെയും റൂഹുൽ ഖുദുസിന്റെയും അവരോഹണം, എന്നുവച്ചാൽ ആകാശത്തിൽ നിന്നുള്ള ഇറക്കം, മഹോന്നതനായ ഒരു വ്യക്തി ഖിലാഫത്തിന്റെ ആടയണിഞ്ഞുകൊണ്ടും ദൈവഭാഷണമാകുന്ന അനുഗ്രഹം നേടിക്കൊണ്ടും ഭൂമിയിൽ അവതരിക്കുമ്പോഴാണ് സംഭവിക്കുക. ഈ ഖലീഫയ്ക്ക് സവിശേഷരീതിയിൽ റൂഹുൽ ഖുദുസ് ലഭിക്കുന്നു. (റൂഹാനീ ഖസായിൻ വാല്യം 3, ഭാഗം 12, ഫത്ഹെ ഇസ്‌ലാം, ഭാ. 16, ഒന്നാം പതിപ്പ് )

# ദിവ്യവെളിപാടുകൾ

56. അല്ലാഹു തന്റെ ദാസന്നു, ആ ദാസന്റെ പ്രാർഥനയ്ക്ക് ഉത്തരമായിട്ടോ അഥവാ സ്വയം ഇച്ഛരിച്ചോ മറഞ്ഞ ഒരു കാര്യത്തെപ്പറ്റി അറിയിച്ചുകൊടുക്കുവാൻ ഉദ്ദേശിച്ചാൽ, അയാളിൽ ഒരു തരം അബോധാവസ്ഥയും മയക്കവും ഉണ്ടാക്കുന്നു. അതോടെ പെട്ടെന്നു ചുറ്റുപാടുമായി ബന്ധമറ്റ നിലയിൽ അയാൾ ആയിത്തീരുന്നു. സ്വന്തം വ്യക്തിത്വം തന്നെ നഷ്ടപ്പെട്ട ഒരവസ്ഥയാണ് അയാൾക്കുണ്ടാകുക. ഒരാൾ വെള്ളത്തിൽ നീന്തുകയോ ഒരു മുങ്ങൽക്കാരൻ വെള്ളത്തിന്നടിയിലേക്ക് ഊളിയിട്ടുപോകുകയോ ചെയ്യുന്നതുപോലെ അയാൾ ആത്മവിസ്മൃതിയിലും മയക്കത്തിലും അബോധാവസ്ഥയിലും മുങ്ങുമാറാകുന്നു. ആ പ്ലവത്തോടു വളരെയധികം സാമ്യമുള്ള ഈ മയക്കത്തിന്റെ അവസ്ഥയിൽനിന്നു ആ ദാസൻ പുറത്തുവന്നാൽ ഒരു മണിമുഴക്കം പോലുള്ള ആന്തരീയമായ ഒരു അനുഭവം അയാൾക്കുണ്ടാവുന്നു. ഈ മുഴക്കം നേർത്തുനേർത്തു വരുന്നതോടെ പെട്ടെന്നു അയാൾക്കു തന്റെ ഉള്ളിൽനിന്നു താളാത്മകവും സൂക്ഷ്മവും ആനന്ദപ്രദവുമായ ഒരു ഭാഷണം കേൾക്കുമാറാകുന്നു. ഈ മയക്കത്തിന്റെ അഥവാ മുങ്ങലിന്റെ അത്ഭുതത്തെ വാക്കുകളിൽ വിവരിക്കുക അസാദ്ധ്യം. ദിവ്യജ്ഞാനത്തിന്റെ ഒരു നദീപ്രവാഹം അപ്പോൾ മനുഷ്യനു മുമ്പിൽ തുറന്നുകിട്ടുന്നു. അടിക്കടി പ്രാർഥന നടത്തിക്കൊണ്ടിരിക്കുമ്പോൾ ഈ വിപ്ളവാവസ്ഥയും മയക്കവും തന്റെ ഭക്തദാസനിൽ സൃഷ്ടിച്ചുകൊണ്ട് അവന്റെ എല്ലാ ഓരോ പ്രാർഥനക്കും സൂക്ഷ്മവും സുന്ദരവുമായ ഭാഷണത്തിൽ ദൈവം മറുപടി നല്കുന്നു. ഓരോ അന്വേഷണാവസ്ഥയിലും മനുഷ്യന്റെ കഴിവിന്നപ്പുറത്തുള്ള യാഥാർഥ്യങ്ങൾ അയാൾക്കായി തുറക്കപ്പെടുന്നു. അപ്പോൾ ഈ കാര്യം അയാളെ സംബന്ധിച്ചിടത്തോളം വർദ്ധമാനമായ ദൈവികസ്ഥാന സിദ്ധിക്ക് കാരണവും പൂർണമായ ദിവ്യജ്ഞാനലബ്ധിക്ക് ഹേതുകവും ആയിത്തീരുന്നു. ഭക്തദാസൻ പ്രാർഥന നടത്തുന്നതും ദൈവം അവന്റെ 'ഉലൂഹിയ'ത്തിന്റെ തേജോവിലാസത്തിലൂടെ ഓരോ പ്രാർഥനക്കും ഉത്തരം നല്കുന്നതും ഈ ലോകത്ത് വച്ചു തന്നെ ദാസൻ തന്റെ നാഥനെ നേരിട്ടുകാണുന്നതു പോലുള്ളതും ഇരുലോ

കവും വൈരുദ്ധ്യമില്ലാത്തവിധം ഒരുപോലെയായി അനുഭവപ്പെടുന്നതു മായ ഒരവസ്ഥയാകുന്നു. (റൂഹാനീ ഖസായിൻ വാള്യം 1, ഭാ. 261, 262, ബറാഹീനെ അഹ്മദിയ്യ, അടിക്കുറിപ്പ്)

57. ഇൽഹാമിന്റെ മറ്റൊരുരൂപം ഇതാണ് മനുഷ്യന്റെ ഹൃദയവുമായി യാതൊരു ബന്ധവുമില്ലാത്ത നിലയിൽ, പുറത്തുനിന്നെന്നപോലെ ഒരു ശബ്ദം വരുന്നു. ആ ശബ്ദം ഒരു മറയുടെ പിന്നിൽനിന്ന് ആരോ സംസാരിക്കുന്നതുപോലെ തോന്നും. എന്നാൽ ഈ ശബ്ദം കർണാനന്ദ കരവും അതിമനോഹരവും ഒരളവോളം വേഗതകൂടിയതുമായിരിക്കും. ഹൃദയത്തിനു അതൊരു ആനന്ദനിർവൃതി നല്കും. മനുഷ്യൻ ഏതോ ലയത്തിലായിരിക്കുമ്പോൾ പെട്ടെന്നുണ്ടായിവരുന്ന ശബ്ദം കേട്ട് അത് ഏതു ഭാഗത്തുനിന്നാണ് വന്നതെന്നും ആരാണ് തന്നോട് സംസാരിച്ച തെന്നും മനസ്സിലാകാതെ അയാൽ അത്ഭുതപ്പെട്ടുപോകും. വിസ്മയ പ രതന്ത്രനായി അയാൾ അങ്ങോട്ടുമിങ്ങോട്ടും നോക്കുകയും ഏതോ മാ ലാഖയാണ് തന്നോട് സംസാരിച്ചതെന്നു അപ്പോൾ മനസ്സിലാക്കുകയും ചെയ്യും. ഈ ബാഹ്യശബ്ദം അധികവും മനുഷ്യൻ ഏതെങ്കിലും കാ ര്യത്തിൽ വളരെയേറെ വിചാരമഗ്നനും ദുഃഖിതനുമായിരിക്കുമ്പോൾ സുവിശേഷമായിട്ടാണ് കേൾക്കുമാറാകുക. (റൂഹാനീ ഖസായിൻ വാള്യം 1, ഭാ. 287; ബറാഹീനെ അഹ്മദിയ്യ, അടിക്കുറിപ്പ്)

58. അപ്രകാരംതന്നെ പ്രകാശദാനത്തിന്റെ നിയമവും ഇതാണ്. ആരുടെ പക്കൽ അല്പം പ്രകാശമുണ്ടോ അയാൾക്ക് കുറേക്കൂടി പ്രകാശം നല് കപ്പെടുന്നു. ആരുടെ പക്കൽ ഒന്നും ഇല്ലയോ അയാൾക്ക് ഒന്നും നല്ക പ്പെടുകയില്ല. ആർക്ക് കണ്ണുകളുടെ പ്രകാശം ഉണ്ടോ അവർക്കു മാത്ര മെ സൂര്യപ്രകാശം സിദ്ധിക്കുകയുള്ളൂ. ആരുടെ കണ്ണുകൾക്ക് പ്രകാശം ഇല്ലയോ അവർക്ക് സൂര്യപ്രകാശം കാണുവാൻ ഒക്കുകയില്ല. പ്രകൃതി ദത്തമായ പ്രകാശം ആർക്ക് അല്പം മാത്രം കിട്ടിയോ അയാൾക്ക് ബാ ഹ്യപ്രകാശവും അല്പം മാത്രം കിട്ടുന്നു. ആന്തരീയ പ്രകാശം ആർക്ക് കൂടുതൽ കിട്ടിയോ അയാൾക്ക് ബാഹ്യപ്രകാശവും ധാരാളം ലഭിക്കു ന്നു. (റൂഹാനീ ഖസായിൻ വാള്യം 1, ഭാ. 195, 196; ബറാഹീനെ അഹ്മദിയ്യ, അടിക്കുറിപ്പ്)

59. സർവശക്തനായ അല്ലാഹു ഈ അത്ഭുത പ്രപഞ്ചത്തെ മൂന്നു തര ങ്ങളിലായി വിഭജിച്ചിരിക്കുന്നു. ഒന്നാമത്തെത്, കണ്ണുകളും കാതുകളും

മറ്റു ബോധേന്ദ്രിയങ്ങൾ മുഖേനയും ബാഹ്യോപകരണങ്ങളുടെ സഹായത്താലും അറിയാൻ സാധിക്കുന്ന പ്രത്യക്ഷപ്രപഞ്ചം.

രണ്ടാമത്തേത് ബുദ്ധികൊണ്ടും യുക്തിചിന്തകൊണ്ടും മാത്രം അറിയാൻ കഴിയുന്ന പരോക്ഷപ്രപഞ്ചം.

മൂന്നാമത്തേത്, പരോക്ഷാൽപരോക്ഷമായ പ്രപഞ്ചം. അതു വളരെ സന്ദിഗ്ധവും അദൃശ്യവും ചിന്തകൾക്ക് അതീതവുമായ പ്രപഞ്ചമാകുന്നു. അതിനെക്കുറിച്ചറിയുന്നവർ വളരെ കുറച്ചുപേർ മാത്രം. ചിന്തിച്ചറിയാനാവാത്തതും ഭാവനയിൽ മാത്രം കാണാവുന്നതുമായ ഒരു നിഗൂഢപ്രപഞ്ചം. ഈ പ്രപഞ്ചത്തെപ്പറ്റി 'കശ്ഫ്' (ദിവ്യദർശനം) 'വഹ്യ്' (ദിവ്യ വെളിപാടുകൾ) 'ഇൽഹാം' (ദിവ്യബോധനം) എന്നിവ മുഖേനയാണ് അറിയാൻ കഴിയുക. മറ്റേതു മാർഗ്ഗത്തിലും അതറിയാൻ കഴിയുന്നതല്ല. ആദ്യത്തെ രണ്ടുതരത്തിൽപെട്ട ലോകങ്ങളെക്കുറിച്ചു അന്വേഷിച്ചറിയുന്നതിന് മുകളിൽ പറഞ്ഞപ്രകാരം മനുഷ്യന് വിവിധങ്ങളായ മാധ്യമങ്ങളും ശക്തികളും നല്കി അനുഗഹിച്ചിരിക്കുന്നു എന്നത് പ്രകൃതിയിൽ കാണപ്പെടുന്ന മാറ്റമില്ലാത്ത ദൈവനീതിയിലൂടെ സ്ഥാപിച്ചു കഴിഞ്ഞതാണ്. ഇപ്രകാരംതന്നെ ഈ തൃതീയ ലോകത്തെക്കുറിച്ചന്വേഷിച്ചറിയുന്നതിനും ആ അനുഗ്രഹമൂർത്തി മനുഷ്യർക്കായി ഒരു വഴി നിശ്ചയിച്ചിരിക്കുന്നു. അത് 'വഹ്യും' 'ഇൽഹാമും' 'കശ്ഫും' ആണ്. അതു ഒരു കാലത്തും പൂർണമായും നിലച്ചുപോകയോ അവസാനിച്ചുപോകയോ ചെയ്യാവതല്ല. അതിന്റെ നിബന്ധനകൾ പൂർത്തിയാക്കുന്നവർ എക്കാലത്തും അതു പ്രപിച്ചു പോന്നിട്ടുണ്ട്. എല്ലാ കാലത്തും പ്രാപിച്ചുകൊണ്ടിരിക്കുകയും ചെയ്യും. (റൂഹാനീ ഖസായിൻ വാല്യം 2, ഭാ. 127,128, സുർമ ചശ്മയെ ആര്യ)

# ആത്മാവ്

60. ആത്മാവും ശരീരവും തമ്മിലുള്ള ബന്ധത്തെ തെളിയിക്കുന്നതിനു ബലവത്തായ മറ്റൊരു പ്രമാണം ശരീരം ആത്മാവിന്റെ ജനയിത്രിയാണെന്നുള്ള സിദ്ധാന്തമാകുന്നു. ആത്മാവ് എന്നാൽ അന്തരീക്ഷത്തിൽനിന്നോ മറ്റോവന്നു ഗർഭിണിയുടെ ഉദരത്തിൽ പ്രവേശിക്കുന്ന ഒരു വസ്തു അല്ല. അതു ബീജത്തിൽ തന്നെ നിഗൂഢമായിരിക്കുന്നതും ഗർഭാശയത്തിൽ മാംസപിണ്ഡത്തിന്റെ വളർച്ചയോടൊപ്പം തെളിഞ്ഞുവരുന്നതുമായ ഒരു തേജസ്സാകുന്നു. വിശുദ്ധ ഖുർആൻ പഠിപ്പിക്കുന്നതു ആത്മാവെന്നാൽ മാതൃഗർഭത്തിൽവച്ചു ബീജത്തിൽനിന്നു തയ്യാറായി വരുന്ന, മാംസപിണ്ഡത്തിൽ പ്രകാശിച്ചുവരുന്ന ഒരു സത്തയാണെന്നതാകുന്നു. ഖുർആൻ പറയുന്നു:

ثُمَّ اَنْشَأْنَاهُ خَلْقًا آخر فَتَبَارَکَ اللّٰهُ اَحْسَنُ الْخَالِقِیْنَ

'പിന്നെ ഗർഭാശയത്തിൽ രൂപം പ്രാപിച്ചുവന്ന പിണ്ഡത്തെ നാം മറ്റൊരു മാതൃകയിൽ രൂപീകരിച്ചു ആത്മാവെന്ന ഒരു സൃഷ്ടിയെ വെളിപ്പെടുമാറാക്കുന്നു; അതുല്യനായി സൃഷ്ടികർത്താവായിരിക്കുന്ന ദൈവം വാഴ്ത്തപ്പെട്ടവനത്രെ.' (23:15) (റൂഹാനീ ഖസായിൻ വാല്യം 10. ഭാ. 321, ഇസ്‌ലാമീ ഉസൂൽ കി ഫിലോസഫി ഭാ. 7; ഇസ്‌ലാം മതതത്ത്വജ്ഞാനം ഭാ, 9)

61. ജലസേചനമില്ലാതിരിക്കുന്ന പക്ഷം തോട്ടത്തിലെ വൃക്ഷലതാദികൾ വാടിക്ഷീണിച്ചുപോകുന്നതുപോലെ തന്നെ സൽകർമങ്ങളും സൽസേവനങ്ങളും കൂടാതെയുള്ള മതവിശ്വാസം നിർജീവമായിരിക്കുന്നതാണ്. ഇങ്ങനെ കർമശൂന്യമായ മതവിശ്വാസം പ്രയോജനരഹിതമായിരിക്കുന്നതുപോലെതന്നെ സദ്വിചാര പ്രേരിതമല്ലാത്ത കർമങ്ങൾ കേവലം അഭിനയവുമായിരിക്കുന്നതാണ്. യഥാർഥത്തിൽ ഇസ്‌ലാമിക സ്വർഗം ഐഹികജീവിതത്തിലെ സത്യവിശ്വാസത്തിന്റെയും സൽകർമത്തിന്റെയും ഒരു പ്രതിച്ഛായയാകുന്നു. അതു പുറമെനിന്നു മനുഷ്യനുപ്രാപ്യമായി വരുന്നതല്ല. അവന്റെ ഉള്ളിൽനിന്നുതന്നെ രൂപപ്പെട്ടുവരുന്ന ഒന്നത്രെ. ഓരോരുത്തനും ലഭിക്കുന്ന സ്വർഗം അവന്റെ സത്യവിശ്വാസവും സൽ

കർമങ്ങളും കൊണ്ടു രൂപവത്കൃതമാകുന്നതും അതിലെ ആനന്ദാനുഭൂതി അവന് ഈ ലോകത്ത് വച്ചുതന്നെ അനുഭവപ്പെട്ടു തുടങ്ങുന്നതുമായിരിക്കും. (റൂഹാനീ ഖസായിൻ വാല്യം 10, ഭാ.390; ഇസ്‌ലാമീ ഉസൂൽ കി ഫിലോസഫി ഭാ. 76)

# മരണാനന്തര ജീവിതം

62. മരണശേഷം അന്തരാളഘട്ടത്തിൽ ഓരോ മനുഷ്യാത്മാവിനും ആനന്ദവും ദുരിതവും അനുഭവിച്ചറിയുന്നതിനാവശ്യമായ സവിശേഷ ശരീരം പ്രദാനം ചെയ്യപ്പെടുന്നു എന്നത് ഇസ്‌ലാം ഉന്നയിക്കുന്ന ഏറ്റ വും ഉദാത്തമായ ഒരു സിദ്ധാന്തമാകുന്നു. ആ ശരീരം എന്തു വസ്തുവി നാലാണ് ഉണ്ടാക്കപ്പെടുക എന്ന് തിട്ടമായി വിവരിച്ചു പറയാൻ നമുക്ക് സാധ്യമല്ല. ഈ നശ്വരശരീരത്തെ സംബന്ധിച്ചിടത്തോളം അത് നിലനി ല്ക്കാത്തതാകുന്നു. ഇതേ ഭൗതികശരീരം തന്നെ ഖബറിനുള്ളിൽ പു നർജീവിക്കുന്നതായി ആരും നിരീക്ഷിച്ചറിഞ്ഞിട്ടില്ല. നേരെമറിച്ച്, ഈ ശരീരം പലപ്പോഴും ദഹിപ്പിക്കപ്പെടുകയോ, ചിലപ്പോൾ അത്തരം മൃതശ രീരങ്ങൾ മ്യൂസിയങ്ങളിൽ സംരക്ഷിക്കപ്പെടുകയോ അഥവാ ദീർഘകാല ത്തോളം ഖബറിനു പുറത്ത് സൂക്ഷിക്കപ്പെടുകയോ ചെയ്യുന്നുണ്ട്. ഇതേ ഭൗതികശരീരം തന്നെയാണ് പുനർജീവിക്കുന്നതെങ്കിൽ, ആളുകൾക്ക് ഈ സംഭവം നോക്കിക്കാണാനാകുമായിരുന്നു. ഏതായാലും, മരിച്ചവർ പുനരുത്ഥാനം ചെയ്യുന്നുവെന്നതു ഖുർആന്റെ പാഠങ്ങളിൽനിന്നു വ്യ ക്തമാകുന്ന ഒന്നത്രെ. ആകയാൽ നമുക്ക് കാണുവാൻ സാധ്യമാകാത്ത രൂപത്തിൽ മരിച്ചവർ പുനരുത്ഥാനം ചെയ്യുന്നുവെന്നു വിശ്വസിക്കാൻ നാം നിർബന്ധിതരാകുന്നുണ്ട്. ആ ആത്മീയശരീരം, ഈ ഭൗതികശ രീരത്തിന്റെ ഏറ്റവും ഉൽകൃഷ്ടരൂപത്തിൽ സംസ്കരിക്കപ്പെട്ട ഏതോ അതിസൂക്ഷ്മ തന്തുക്കൾ ഉൾക്കൊള്ളുന്നതായിരിക്കണം. അങ്ങനെ യുള്ള സവിശേഷമായ സൂക്ഷ്മസത്തയോടുകൂടിയ ആത്മാവിനു സുഖ ദുഃഖങ്ങൾ അനുഭവിച്ചറിയാനുള്ള സംവേദനശേഷി പുനഃസ്ഥാപി ച്ചുകിട്ടുന്നു. ഈ നവസത്ത അതിസൂക്ഷ്മമായ പ്രകൃതിയോടുകൂടിയ താകയാൽ ദർശനങ്ങളുടെയും വെളിപാടുകളുടെയും വ്യാപകമായ ഒരു മണ്ഡലം അതിനു മുമ്പിൽ തുറക്കപ്പെടുന്നു. (റൂഹാനീ ഖസായിൻ വാല്യം 13, ഭാ. 70,71, കിതാബുൽ ബരിയ്യ, ഭാ. 52,53)

# പാപം

63. പാപം യഥാർഥത്തിൽ ഒരു വിഷമാണ്. മനുഷ്യനു ദൈവത്തോടുള്ള അനുസരണവും ദൈവത്തോടുള്ള ആവേശപൂർണമായ സ്നേഹവും സ്നേഹോദാരമായ ദൈവസ്മരണയും ഇല്ലാതെ വരികയും അതിൽ ഭാഗ്യഹീനനായിരിക്കുകയും ചെയ്യുമ്പോഴാണ് അതുണ്ടാകുന്നത്. ഒരു വൃക്ഷം വേരോടെ ഭൂമിയിൽനിന്നും കടപുഴകി വീണാൽ അതിനു ഭൂമിയിൽനിന്നുള്ള ജലം വലിച്ചെടുക്കുവാൻ കഴിയുന്നതല്ല. അത് ദിനംപ്രതി വാടി ഉണങ്ങിപ്പോവുകയും അതിന്റെ എല്ലാ പച്ചപ്പും അതിനു നഷ്ടപ്പെട്ടു പോകയും ചെയ്യും. ഏതൊരു ഹൃദയം അല്ലാഹുവിനോടുള്ള സ്നേഹത്തിൽനിന്നും വേരറുക്കപ്പെടുന്നുവോ അയാളുടെ നിലയും ഇതുതന്നെയാണ്. ചുരുക്കത്തിൽ ഉണക്കം വൃക്ഷത്തെയെന്നപോലെ പാപം ഒരാളുടെ ഹൃദയത്തെ അധീനപ്പെടുത്തിക്കളയുന്നു. ഈ ശുഷ്കാവസ്ഥയ്ക്കുള്ള പരിഹാരം പ്രകൃതിതത്വങ്ങളനുസരിച്ചു മൂന്നുവിധമാകുന്നു.
1. സ്നേഹം. 2. 'ഇസ്തിഗ്ഫാർ' അഥവാ പാപപ്പൊറുതിക്കായുള്ള തേട്ടം. 'മൂടുക' അഥവാ 'മറയ്ക്കുക' എന്നാണ് മൂലപദത്തിന്റെ അർഥം. വൃക്ഷത്തിന്റെ വേരുകൾ മണ്ണിൽ മൂടിക്കിടക്കുവോളം അതിൽ പച്ചപ്പ് നമുക്ക് പ്രതീക്ഷിക്കാം. 3. മൂന്നാമത്തെ പ്രതിവിധി പശ്ചാത്താപം അതായത്, ജീവജലം വലിച്ചെടുക്കുന്നതിനുവേണ്ടി എളിമയോടെ ദൈവത്തിലേക്കു മടങ്ങുകയും അവനിലേക്ക് സ്വയം അടുപ്പിക്കുകയും പാപകർമങ്ങളെ പൊതിയുന്ന കെട്ടുപാടുകളിൽനിന്ന് സൽകൃത്യങ്ങൾ വഴി സ്വയം പുറത്തുവരികയും ചെയ്ക. വെറും വാക്കുകളിൽ എന്തെങ്കിലും ഉരുവിട്ടതുകൊണ്ടുമാത്രം പശ്ചാത്താപം അഥവാ 'തൗബ'യാകുന്നില്ല. സൽകർമങ്ങളുടെ സഹായത്താൽ മാത്രമേ 'തൗബ' പൂർണമാകുകയുള്ളു. എല്ലാത്തരം നന്മകളും സൽകർമങ്ങളും 'തൗബ' അഥവാ പശ്ചാത്താപത്തിന്റെ പൂർണതയെ ലക്ഷ്യമാക്കിയുള്ളതാകുന്നു. (റൂഹാനീ ഖസായിൻ വാല്യം 12, ഭാ. 328, 329, സിറാജുദ്ദീൻ ഈസായി കെ ചാർ സവാലോം കാ ജവാബ്, ഭാ. 2,3)

# പശ്ചാത്താപം

64. സുവിശേഷങ്ങളിൽ മോക്ഷത്തെപ്പറ്റി വിവരിക്കപ്പെട്ടിട്ടുള്ള തത്വം യേശുവിന്റെ ക്രൂശുമരണത്താൽ മാത്രമേ പാപപരിഹാരം കരസ്ഥമാകൂ എന്നാണ്. ഈ പാഠം വിശുദ്ധ ഖുർആൻ അംഗീകരിച്ചിട്ടില്ല. വിശുദ്ധ ഖുർആൻ ഹദ്റത്ത് ഈസാ(അ) നെ ദൈവത്തിന്റെ ഒരു വരിഷ്ഠപ്രവാചകനായി അംഗീകരിക്കുന്നുവെങ്കിലും അദ്ദേഹത്തെ ദൈവത്തിന്റെ പ്രീതനും സമീപസ്ഥനും ബഹുമാനിതനുമായി വിവരിക്കുന്നുവെങ്കിലും ഒരു മനുഷ്യൻ മാത്രമായിട്ടാണ് കാണുന്നത്. രക്ഷയ്ക്കു വേണ്ടി ഒരു പാപിയുടെ പാപഭാരമെല്ലാം നിരപരാധിയായ ഒരു വിശുദ്ധാത്മാവിന്റെ മേൽ മാറ്റിവെക്കേണ്ടതാവശ്യമാണെന്ന് ഖുർആൻ അംഗീകരിക്കുന്നില്ല. സൈദിന്റെ കുറ്റങ്ങൾക്ക് ബക്കർ ശിക്ഷിക്കപ്പെടുകയെന്നതിന്റെ ന്യായവശം ബുദ്ധിമാൻമാർക്ക് അംഗീകരിക്കുവാൻ വയ്യ. ഭൗതികഗവൺമെന്റുകൾ പോലും ഈ തത്വമനുസരിച്ചു പ്രവർത്തിക്കുവാൻ തയ്യാറായിട്ടില്ല. മോക്ഷത്തെ സംബന്ധിച്ച ധാരണയിൽ ക്രിസ്ത്യാനികൾ പുലർത്തുന്ന ഈ വലിയ തെറ്റിൽ ആര്യസമാജികളും ഭാഗഭാക്കായിരിക്കുന്നു. അവർ യാഥാർഥ്യം മറന്നുകളഞ്ഞു. ആര്യധർമികളുടെ തത്വപ്രകാരം 'തൗബ'യും (പശ്ചാത്താപം) 'ഇസ്തിഗ്ഫാറും' (പാപ്പപൊറുതിക്കുള്ള തേട്ടം) നിരർഥകങ്ങളാണ്. ആര്യതത്വമനുസരിച്ച് ഒരു കുറ്റത്തിന് നിശ്ചയിക്കപ്പെട്ടിട്ടുള്ള ശിക്ഷയായി പുനർജന്മപ്രക്രിയ പൂർത്തിയാക്കേണ്ടിയിരിക്കുന്നു. അതു പൂർണമാകുന്നതുവരെ പാപം പൊറുക്കപ്പെടുകയില്ലെന്നു മാത്രമല്ല, മോക്ഷം അസാധ്യവുമാകുന്നു. (റൂഹാനീ ഖസായിൻ വാള്യം 23, ഭാ. 414, ചശ്മയെ മഅ്രിഫ; ഭാ. 45)

# പ്രാർഥന

65. അല്ലാഹുവിന്റെ അനുഗ്രഹം സമീപത്തുവരുമ്പോൾ, പ്രാർഥന സ്വീക രിക്കപ്പെടുന്നതിന് മുൻകൂട്ടിയുള്ള ഉപാധികൾ അവൻതന്നെ സജ്ജമാ ക്കുന്നു. ഹൃദയത്തിൽ ഒരു വികാരത്തള്ളിച്ച, ഒരു കത്തിക്കാളൽ ഉട ലെടുക്കുന്നു. എന്നാൽ, പ്രാർഥന സ്വീകരിക്കപ്പെടുന്നതിനുള്ള സമയ മെത്തിയിട്ടില്ലെങ്കിൽ ദൈവത്തിലേക്ക് തിരിയാൻ കാരണമാകുന്ന ആ ഹൃദയശാന്തി ഉണ്ടാകുകയില്ല, തന്നിൽ എത്രതന്നെ സമ്മർദം ചെലു ത്തിയാലും ഹൃദയം സന്നദ്ധമാവുകയില്ല. അതെന്താണെന്നുവച്ചാൽ, ചിലപ്പോൾ അല്ലാഹു അവന്റെ ഹിതം നടപ്പാക്കുന്നതിനുള്ള വിധി നടത്തുകയും മറ്റു ചിലപ്പോൾ തന്റെ ദാസ്യരുടെ പ്രാർഥനയ്ക്കു വഴ ങ്ങുകയും ചെയ്യുന്നു എന്നതാകുന്നു. അതുകൊണ്ടാണ്, ദൈവത്തിന്റെ ഇഷ്ടം വെളിപ്പെടുത്തുന്ന അടയാളം കാണുന്നതുവരെ പ്രാർഥന സ്വീകരിക്കപ്പെടുന്ന കാര്യത്തിൽ ഞാൻ ഒരു ആശയും വെക്കാത്തത്. അങ്ങനെയുള്ള സന്ദർഭങ്ങളിൽ, എന്റെ നാഥന്റെ ഹിതത്തിനു മുമ്പിൽ പ്രാർഥന സ്വീകരിക്കപ്പെടുമ്പോൾ എനിക്കനുഭവപ്പെടുന്ന ഹൃദയോല്ലാ സത്തേക്കാൾ എത്രയോ മടങ്ങധികം സന്തോഷത്തോടുകൂടി ഞാൻ സ്വയം സമർപ്പണം ചെയ്യാറാണ് പതിവ്. ദൈവഹിതത്തിനു മുമ്പിലുള്ള കീഴ്‌വണക്കത്തിന്റെ ഫലാനുഭവങ്ങളും അനുഗ്രഹസിദ്ധികളുമാകട്ടെ, എത്രയോ ഏറെയാണെന്ന് എനിക്കറിയാവുന്നതാണ്. (മൽഫൂസാത്ത്, വാ ള്യം 1, ഭാഗം 460)

# അല്ലാഹുവിന്റെ മാർഗത്തിലുള്ള അത്യധ്വാനം (ജിഹാദ്)

66. മതകാര്യത്തിൽ ബലപ്രയോഗത്തെ ഇസ്‌ലാം ഒരിക്കലും അനുകൂലിച്ചിട്ടില്ല. വിശുദ്ധഖുർആനും ചരിത്രരേഖകളും സൂക്ഷ്മമായി പരിശോധിക്കുകയും കഴിയുന്നിടത്തോളം ശ്രദ്ധാപൂർവം പഠിക്കുകയും ചെയ്യുകയാണെങ്കിൽ, മതധർമം പരത്താനായി ഇസ്‌ലാം വാൾ ചുഴറ്റിയെന്ന ആരോപണം തികച്ചും അടിസ്ഥാനരഹിതമാണെന്ന് മനസ്സിലാക്കാൻ പ്രയാസമുണ്ടാകയില്ല. ഖുർആനും ഹദീസുകളും വിശ്വാസയോഗ്യങ്ങളായ ചരിത്രരേഖകളും നിഷ്പക്ഷമായി പഠിച്ചിട്ടില്ലാത്തവരാണ് ഇത്തരം ആരോപണങ്ങൾ ഉന്നയിച്ചിട്ടുള്ളത്. അവർ പച്ചക്കള്ളങ്ങൾ തോന്നിയതുപോലെ കൂട്ടിക്കലർത്തിക്കൊണ്ട് തെറ്റായ ആരോപണങ്ങൾ തൊടുത്തുവിട്ടു. എന്നാൽ, ഈ ദുരാരോപണങ്ങളിൽ സത്യമുണ്ടോ എന്നറിയാൻ ആത്മാർഥമായി ആഗ്രഹിക്കുന്നവരുടെ ദാഹവും വിശപ്പും അകറ്റുവാനുള്ള സമയമടുത്തിരിക്കുന്നു എന്ന് എനിക്കറിയാം. ഖുർആൻ എന്ന വിശുദ്ധഗ്രന്ഥം, لَاۤ اِكْرَاهَ فِى الدِّيْنِ

'മതത്തിൽ ബലാൽക്കാരമില്ല', അതായതു മതത്തിൽ പ്രവേശിക്കുന്ന കാര്യത്തിൽ യാതൊരു ബലപ്രയോഗവും പാടില്ല എന്ന വ്യക്തമായ മാർഗനിർദേശം നല്കിയിരിക്കേ, ആ ഇസ്‌ലാംമതധർമത്തെപ്പറ്റി ബലപ്രയോഗത്തിന്റെ മതമെന്നു പറയാമോ? പരിശുദ്ധമക്കായിൽ പതിമൂന്നു കൊല്ലക്കാലം തിന്മയെ തിന്മകൊണ്ടു നേരിടരുതെന്നും ക്ഷമയും സഹനവും കൈക്കൊള്ളണമെന്നും തന്റെ സ്നേഹിതരോട് രാവും പകലും ഉപദേശിച്ചുകൊണ്ടിരുന്നിട്ടുള്ള ഒരു വന്ദ്യാത്മാവിന്റെ പേരിൽ ബലപ്രയോഗം നടത്തിയതായുള്ള ആരോപണം ഉന്നയിക്കാവുന്നതെങ്ങനെ? എന്നാൽ, ശത്രുക്കളുടെ അത്യാചാരങ്ങൾ അതിരുകടന്നപ്പോൾ, ഇസ്‌ലാം ധർമത്തെ വേരോടെ നശിപ്പിക്കാനായി സകലശക്തികളും ഒന്നിച്ചു ചേർന്നു ശ്രമിച്ചപ്പോൾ, ***'വാളെടുത്തവൻ വാളാൽ നശിക്കണം'*** എന്ന നിലയിൽ ദൈവികാഭിമാനം പ്രവർത്തിക്കുകയാണുണ്ടായത്. ഖുർആൻ ഒരിക്കലും ബലപ്രയോഗത്തിന്റെ പാഠം നല്കിയിട്ടില്ല. ബലപ്രയോഗ

ത്തിന്റെ പാഠം നല്കിയിരുന്നുവെങ്കിൽ നമ്മുടെ നബിനായകൻ(സ) തിരുമേനിയുടെ തിരുസഖാക്കൾ പരീക്ഷണഘട്ടങ്ങളിൽ ആത്മാർഥതയുള്ള സത്യവിശ്വാസികളെപ്പോലെ ആർജവം കാണിക്കാൻ പ്രാപ്തരായിത്തീരുമായിരുന്നില്ല. നമ്മുടെ നബിനായകൻ(സ) തിരുമേനിയുടെയും സഹാബത്തിന്റെയും ആത്മാർഥത ഇവിടെ എടുത്തു പറയേണ്ടതായുണ്ടോ? അവരുടെ സത്യസന്ധതയുടെയും ആത്മാർഥതയുടെയും മാതൃകകൾ മറ്റൊരു സമുദായത്തിലും കാണാൻ കഴിയാത്ത തരത്തിൽ അതുല്യങ്ങളായിരുന്നു. ഖഡ്ഗങ്ങൾക്കു കീഴിലും അവർ തങ്ങളുടെ ആത്മാർഥതയും സത്യസന്ധതയും കയ്യൊഴിച്ചില്ല. പ്രദീപ്തമായ ഹൃദയത്തിൽനിന്നും മനസ്സിൽനിന്നും മാത്രമല്ലാതെ പ്രത്യക്ഷപ്പെടുമാറില്ലാത്ത സത്യസന്ധതയും ആത്മാർഥതയും അവർ പരിശുദ്ധനബിയുടെ സാന്നിധ്യത്തിൽ പ്രദർശിപ്പിച്ചു. (റൂഹാനീ ഖസായിൻ വാല്യം 15, ഭാഗം 11, 12, മസീഹ് ഹിന്ദുസ്ഥാൻ മെ. മുഖവുര)

67. ഈ ലോകത്ത് ജീവിച്ച ഒരൊറ്റ യഥാർഥ മുസ്ലിമും ഇസ്ലാമിന്റെ പ്രചാരണത്തിനുവേണ്ടി ശക്തി പ്രയോഗിക്കേണ്ടതുണ്ടെന്ന വിശ്വാസം പുലർത്തിയിട്ടില്ല. നേരെമറിച്ച്, ഇസ്ലാം അതിന്റെ സ്വതഃസിദ്ധമായ മഹത്ത്വത്തിന്റെ ബലത്തിലാണ് എക്കാലത്തും വിജയിച്ചുയർന്നത്. മുസ്ലിംകളെന്നു അഭിമാനിച്ചുകൊണ്ടു തന്നെ ഇസ്ലാമിനെ വാൾബലത്തിൽ പ്രചരിപ്പിക്കണമെന്നു പറയുന്നവർ ഇസ്ലാമിന്റെ തനതായ മഹത്ത്വങ്ങളെക്കുറിച്ചു അറിവില്ലാത്തവരാകുന്നു. (റൂഹാനീ ഖസായിൻ വാല്യം 15, ഭാഗം 167, തിരിയാഖുൽ ഖുലൂബ്, ഭാ. 39, അടിക്കുറിപ്പ്)

# മനുഷ്യവംശത്തോടുള്ള കാരുണ്യം

68. മുഴുവൻ മനുഷ്യജാതിയോടും സഹാനുഭൂതി പുലർത്തുക എന്ന തത്രെ നമ്മുടെ ഒരു പാഠം. അയൽവാസിയായ ഒരു ഹിന്ദുവിന്റെ വീടിനു തീപിടിക്കുന്നത് കണ്ടിട്ട് തീകെടുത്തുന്നതിനു മുന്നോട്ടുവരാത്ത ഒരാൾ സത്യമായും എന്നോടു ചേർന്നവനല്ലെന്ന് ഞാൻ പ്രഖ്യാപിക്കുന്നു. ഒരു ക്രിസ്ത്യാനിയെ കൊല്ലാൻ ഒരാൾ ശ്രമിക്കുന്നതു എന്റെ അനുയായി കളിൽപെട്ട ഒരാൾകണ്ടിട്ടും അയാളെ രക്ഷിക്കാൻ ഓടിയെത്തുന്നില്ലെ ങ്കിൽ ഞാൻ നിങ്ങളോട് സത്യമായും പറയുന്നു അയാൾ നമ്മിൽപെട്ടവ നല്ല. (റൂഹാനീ ഖസായിൻ, വാല്യം 12, ഭാ.28; സിറാജെ മുനീർ ഭാ.26)

69. ലോകത്ത് ആരും തന്നെ എന്റെ ശത്രുവല്ലായെന്നും സകലമുസ്‌ലിം കളോടും ക്രിസ്ത്യാനികളോടും ഹിന്ദുക്കളോടും ആര്യാക്കളോടും ഞാൻ തുറന്നു പറഞ്ഞുകൊള്ളട്ടെ! ഒരു മാതാവ് തന്റെ മക്കളോട് എപ്ര കാരം വാത്സല്യം കാണിക്കുന്നുവോ അപ്രകാരമല്ല, അതിലും കൂടുത ലായുള്ള സ്നേഹമാണ് എനിക്കു മനുഷ്യകുലത്തോടുള്ളത്. സത്യത്തെ ഞെക്കിക്കൊല്ലുന്ന വ്യാജവിശ്വാസങ്ങളുടെ ശത്രുവാണ് ഞാൻ. മനുഷ്യ രോടുള്ള സഹാനുഭൂതി എന്റെ കർത്തവ്യധർമമാകുന്നു. കളവും പൊ യ്ദൈവ പൂജയും അക്രമവും മറ്റെല്ലാ ദുർവൃത്തികളും, അനീതിയും ദുഃസ്വഭാവവും വെറുക്കുക എന്നതും എന്റെ പാഠമാകുന്നു. (റൂഹാനീ ഖസായിൻ, വാല്യം 17, ഭാ.344, അർബയീൻ നമ്പർ 1, ഭാ.2)

# യഅ്ജൂജ് മഅ്ജൂജ്

70. വാഗ്ദത്ത മസീഹ് യഅ്ജൂജ്മഅ്ജൂജ് വെളിപ്പെടുന്ന കാലത്തു തന്നെ ആവിർഭവിക്കേണ്ടത് ആവശ്യമാണ്. യഅ്ജൂജ്മഅ്ജൂജ് എന്ന പദം അഗ്നി എന്നർഥമുള്ള 'അജീജ്' എന്ന ധാതുവിൽ നിന്നു നിഷ്പന്നമാണ്.അല്ലാഹു എനിക്ക് മനസ്സിലാക്കിതന്നതുപ്രകാരം, ലോകത്തുള്ള മറ്റെല്ലാ ജനതകളെക്കാളധികം തീ കൊണ്ടുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെട്ടവരും ഈ രംഗത്ത് അഗ്രഗാമികളും ആയിരിക്കുന്ന ഒരു ജനതയാണിവർ. അവരുടെ കപ്പലുകളും അവരുടെ തീവണ്ടിയും യന്ത്രസംവിധാനങ്ങളുമെല്ലാം അഗ്നിമുഖേന പ്രവർത്തിക്കുന്നവയായിരിക്കുമെന്നും അവരുടെ യുദ്ധങ്ങൾ ആഗ്നേയാസ്ത്രങ്ങൾ കൊണ്ടുള്ളതായിരിക്കുമെന്നും ഈ നാമങ്ങൾ തന്നെ സൂചിപ്പിക്കുന്നു. തീ കൊണ്ടുള്ള കലയിൽ അവർ ലോകത്തുള്ള സകല ജനങ്ങളെക്കാൾ പ്രാവീണ്യം നേടിയവരത്രെ. ഇക്കാരണത്താൽ തന്നെയാണ് അവർ യഅ്ജൂജ് മഅ്ജൂജ് എന്നു വിളിക്കപ്പെട്ടിരിക്കുന്നത്. അവർ യൂറോപ്യൻ ജാതികളാകുന്നു. ശാസ്ത്രത്തിൽ നിപുണന്മാരും അതുല്യപ്രതിഭകളും ആയ അവരെപറ്റി കൂടുതൽ വിവരിക്കേണ്ടതില്ല. ഇതു ഇസ്രായീലിലെ പ്രവാചകന്മാർക്ക് നല്കപ്പെട്ട വെളിപാടുകളിലും യൂറോപ്യൻ ജാതികൾ തന്നെയാണ് ഗോഗ് മാഗോഗ് ആയി വിവരിക്കപ്പെട്ടിട്ടുള്ളത് എന്നു മാത്രമല്ല, പുരാതന റഷ്യൻ തലസ്ഥാനമായ മോസ്കോവിന്റെ പേർകൂടി അതിൽ എഴുതപ്പെട്ടിട്ടുണ്ട്. ആകയാൽ യഅ്ജൂജ്മഅ്ജൂജിന്റെ കാലഘട്ടത്തിൽതന്നെ വാഗ്ദത്ത മസീഹ് പ്രത്യക്ഷനാകണമെന്നു വിധിക്കപ്പെട്ടിരിക്കുന്നു. (റൂഹാനീ ഖസായിൻ വാല്യം 14. ഭാ. 424,425; അയ്യാമുസ്സുൽഹ് ഭാ. 198, 199.)

# പ്രകാശത്തിന്റെ കാലഘട്ടം

71. കാലത്തിലല്ലോ ഫലം കായ്ക്കാറ്. അപ്പോലെതന്നെ തക്കസമയത്ത് ദിവ്യപ്രകാശവും വെളിപ്പെടുന്നു. നിശ്ചിതകാലത്തിനുമുമ്പ്, അതിനെ അവതരിപ്പിക്കാൻ ആർക്കും ആവതല്ല. അവതരിപ്പിക്കുമ്പോൾ അതിനെ തടസ്സപ്പെടുത്താനും ആർക്കും സാധ്യമല്ല; അഭിപ്രായവ്യത്യാസങ്ങളും തർക്കവിതർക്കങ്ങളുമെല്ലാം ഉണ്ടാകും. എന്തായാലും ഒടുവിൽ സത്യം വിജയിക്കുക തന്നെ വേണം. എന്തുകൊണ്ടെന്നാൽ ഇതൊന്നും മനുഷ്യന്റെ പണിയല്ല. ഇതിൽ മനുഷ്യപുത്രനു കയ്യും ഇല്ല. ഋതുക്കളിൽ വ്യത്യാസമുണ്ടാക്കുന്നതും, പകലിനെ രാവും രാവിനെ പകലും ആക്കുന്നതും ആരോ ആ ദൈവത്തിൽ നിന്നുള്ളതത്രെ ഇതെല്ലാം. അവൻ അന്ധകാരത്തെ പടച്ചു. എങ്കിലും പ്രകാശത്തെ ഇഷ്ടപ്പെടുന്നു. 'ശിർക്ക്' (ബഹുദൈവവിശ്വാസം) ലോകത്ത് നിലനിന്നുകൊള്ളുവാൻ അവൻ അനുവദിക്കുന്നു. എങ്കിലും 'തൗഹീദി'നെ അവൻ സ്നേഹിക്കുന്നു. തന്റെ മഹിമ മറ്റാർക്കെങ്കിലും വിട്ടുകൊടുക്കുവാൻ അവൻ ഇച്ഛിക്കുന്നില്ല. മനുഷ്യൻ പിറവിയെടുത്തനാൾ തൊട്ടു, ലോകത്തുനിന്ന് ഇനി അവൻ അപ്രത്യക്ഷപ്പെടുന്ന നാൾ വരെ ദൈവം തൗഹീദിന് എപ്പോഴും പിൻതുണ നല്കും. ഇതത്രെ ദൈവത്തിന്റെ അലംഘനീയമായ നിയമം. (റൂഹാനീ ഖസായിൻ വാല്യം 15, ഭാ. 65; മസീഹ് ഹിന്ദുസ്ഥാൻ മെം)

72. ഓ ദൈവമേ, സ്രഷ്ടാവായുള്ളോവേ,
പോരായ്മകൾ മറച്ചുവെക്കുന്നോനെ, പരിപാലകാ,
എന്റെ പ്രിയപ്പെട്ടവനെ, എന്റെ
അനുഗ്രഹദാതാവേ, എന്റെ നാഥാ;

നീ എന്നെ വരിഷ്ഠനാക്കിയതു നിന്റെ
കാരുണ്യാതിരേകം കൊണ്ടുമാത്രം.
അല്ലെങ്കിൽ,
നിന്റെ സന്നിധിവൃത്തത്തിൽ മറ്റു സേവകന്മാരും
ഇല്ലാതെയല്ലല്ലോ!

ചങ്ങാത്തം ഭാവിച്ചു നടന്നവരൊക്കെയും
ശത്രുക്കളായി മാറി; എങ്കിലും
അല്ലയോ, സഹായത്തിനെത്തുന്ന സ്നേഹിതാ,
നീ മാത്രം എന്നെ കൈവെടിഞ്ഞില്ല.

അല്ലയോ നിസ്തുലനും ഏകനുമായ കൂട്ടുകാരാ,
ഓ, എന്റെ ജീവരക്ഷകനായുള്ളോവേ,
നീ എനിക്ക് മതിയായവനല്ലോ;
നിന്നെക്കൂടാതെ ഞാൻ
ഒന്നുമല്ല.

നിന്റെ സ്നേഹകാരുണ്യം ഇല്ലായിരുന്നെങ്കിൽ,
ഞാൻ മരിച്ചു മണ്ണാകുമായിരുന്നു;
പിന്നെയാ മൺപൊടി എങ്ങോട്ടേയ്ക്കാണ്
എറിയപ്പെടുകയെന്നു ദൈവത്തിനറിയാം!

ഓ ദൈവമേ,
എന്റെ വയസ്സും എന്റെ മനസ്സുമെന്റെ ജീവസ്സും
ഇതാ നിന്റെ മാർഗത്തിൽ ഞാൻ
അർപിക്കട്ടെ!
നിനക്ക് തുല്യം സ്നേഹിക്കുന്നവനായി
ഞാനാരെയും കാണുന്നില്ല.

നിന്റെ കാരുണ്യത്തിൻ തണലിൽ തന്നെയാണ്
ഞാൻ ആരംഭത്തിലേ കഴിഞ്ഞുപോന്നത്;
എന്നെ നിന്റെ മടിയിൽ
വച്ചു താലോലിച്ചു.

നീ പുലർത്തുന്ന കൂറും സ്നേഹവും
മനുഷ്യവംശത്തിൽ ഞാൻ
കണ്ടിട്ടില്ല.
നീയല്ലാതെ ദുഃഖമകറ്റുന്നവനായി
മറ്റാരേയും തന്നെ കാണാനെനിക്കു കഴിഞ്ഞില്ല.

അനർഹന്മാർ സ്വീകൃതന്മാരാവില്ലെന്നു
ലോകർ പറയുന്നു;
ഞാൻ അനർഹനായിട്ടും നിന്റെ
നാഥനിൽ സായൂജ്യം പ്രാപിച്ചല്ലോ!

ഇവ്വിധമെല്ലാം നിന്റെയനുഗ്രഹ–
പ്രസാദങ്ങൾ നീ എന്നിൽ ചൊരിഞ്ഞു;
ലോകാവസാനം വരെയീ അനുഗ്രഹങ്ങൾ
എണ്ണിക്കണക്കാക്കാനാവുകില്ല.

(റൂഹാനീ ഖസായിൻ വാല്യം 21, ഭാ. 127, ബറാഹീനെ അഹ്മദിയ്യ, ഖണ്ഡം 5. പദ്യം ഭാ. 97, ഒന്നാംപതിപ്പ്)

# ലോകമതങ്ങൾ

73. എന്നെ ഉറപ്പിച്ചുനിറുത്തിയിട്ടുള്ള അടിസ്ഥാനതത്ത്വങ്ങളിൽ ഒന്നു ഇതാകുന്നു. ലോകത്ത് എത്രത്തോളം പ്രവാചകന്മാരുമായി ബന്ധപ്പെട്ട നിലയിൽ മതങ്ങൾ പ്രചരിക്കുകയും വേരുറക്കുകയും ലോകത്തിന്റെ ചില മേഖലകളിൽ വ്യാപകമായ സ്വീകാര്യം നേടുകയും ദീർഘ കാലം നിലനില്ക്കുകയും ഒരു കാലഘട്ടം കഴിഞ്ഞു കടക്കുകയും ചെ യ്തിട്ടുണ്ടോ, ആ മതങ്ങളിൽ ഒന്നും തന്നെ മൂലരൂപത്തിൽ വ്യാജങ്ങ ളല്ല എന്നും ആ പ്രവാചകന്മാരിൽ ആരും തന്നെ വ്യാജവാദികളല്ലാ എന്നും ദൈവം എന്നെ അറിയിച്ചിരിക്കുന്നു. (റൂഹാനീ ഖസായിൻ, വാള്യം 12, ഭാ. 256; തുഹ്ഫയെ ഖൈസരിയ്യ. ഭാ.4)

74. ലോകത്ത് പ്രത്യക്ഷപ്പെട്ടിട്ടുള്ള എല്ലാ പ്രവാചകന്മാരും അവർ ഇന്ത്യ യിൽ വന്നിട്ടുള്ളവരാകട്ടെ, പേർഷ്യയിലോ ചൈനയിലോ വെളിപ്പെട്ടവ രാകട്ടെ, മറ്റേതെങ്കിലും രാജ്യത്ത് ആഗതരായിട്ടുള്ളവരാകട്ടെ, അവരെ യെല്ലാം സത്യാത്മാക്കളായി കരുതണമെന്നതു എത്രമാത്രം മോഹനവും സമാധാനത്തിനു നിദാനവും അനുരഞ്ജനങ്ങളുടെ അടിസ്ഥാനമായി ട്ടുള്ളതും ഉത്തമധാർമികമര്യാദകളെ വളർത്തുന്നതുമായ തത്ത്വമാണ്! ദൈവം കോടിക്കണക്കിലുള്ള ഹൃദയങ്ങളിൽ അവരോടുള്ള ബഹുമാ നാദരങ്ങൾ നിറക്കുകയും ഉന്നതസ്ഥാനം നല്കി അവരെ അനുഗ്രഹി ക്കുകയും ചെയ്തിരിക്കുന്നു. അവരുടെ മതധർമങ്ങൾക്ക് വേരോട്ടം ലഭി ക്കുകയുമുണ്ടായി. (റൂഹാനീ ഖസായിൻ, വാള്യം 12, ഭാ.259; തുഹ്ഫയെ ഖൈസരിയ്യ. ഭാ.7)

# അഹ്മദിയ്യത്തിന്റെ ഭാവി

75. ഞാൻ ഉറച്ച കരുത്തോടും സ്ഥൈര്യത്തോടും കൂടി ഇതാ പ്രഖ്യാപിച്ചു കൊള്ളട്ടെ. ഞാൻ സത്യപാതയിൽ തന്നെയാകുന്നു. അല്ലാഹുവിന്റെ കൃപയാൽ ഞാൻ തന്നെയാണ് ഒടുവിൽ ഈ രംഗത്ത് വിജയശ്രീലാളിതനായിത്തീരുക! മുഴുലോകവും എന്റെ സത്യതയുടെ ചവിട്ടടിയിൽ അമർന്നിരിക്കുന്നതായി ഞാൻ എന്റെ ക്രാന്തദൃഷ്ടിയിൽ നോക്കിക്കാണുന്നു. ഇതാ, ഞാൻ അതിമഹത്തായ ഒരു വിജയത്തെ കൈവരിക്കുവാൻ അടുത്തിരിക്കുകയാണ്. എന്റെ നാവിന് പിൻബലമായി മറ്റൊരുനാവ് ചലിച്ചുകൊണ്ടിരിക്കുന്നു. എന്റെ കൈക്ക് ശക്തിയേകാൻ മറ്റൊരു കൈ പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ലോകമത് കാണുന്നില്ലെങ്കിലും ഞാൻ അത് ദർശിച്ചുകൊണ്ടിരിക്കുന്നു. എന്റെ അന്തരംഗത്തിൽ സ്വർഗീയമായ ഒരാത്മാവ് തുടിച്ചു കൊണ്ടിരിക്കുന്നു. അതു എന്റെ ഓരോ വാക്കിനും ഓരോ അക്ഷരത്തിനും ജീവൻ നല്കിയിരിക്കുന്നു. ആകാശത്തിന്റെ അനന്തതകളിൽ വമ്പിച്ച കോളിളക്കവും തിളച്ചു മറിയലും സംഭവിച്ചിരിക്കുന്നു. അത് ഈ അതിനിസ്സാരനെ ഒരു പാവപോലെ എഴുന്നേല്പിച്ചു നിർത്തി. 'തൗബ'യുടെ (പശ്ചാത്താപം) വാതിൽ ഇനിയും കൊട്ടിയടക്കപ്പെട്ടിട്ടില്ലാത്ത ഒരോ ആളും അടുത്തു തന്നെ അറിയുമാറാകും, ഞാൻ സ്വയം എഴുന്നേറ്റവനല്ലെന്ന്! ഒരു സത്യാത്മാവിനെ തിരിച്ചറിയാൻ കഴിയാത്ത നേത്രങ്ങൾ കാഴ്ചയുള്ളവയാണോ? ഈ സ്വർഗീയ വിളിയോടു പ്രതികരിക്കാത്തവനും ജീവനുള്ളവനാണോ? (റൂഹാനീ ഖസായിൻ, വാല്യം 3, ഭാ. 403, ഇസാലയെ ഔഹാം, ഭാ. 593, ഒന്നാം പതിപ്പ്)

76. നിങ്ങൾ ദൃഢമായും അറിഞ്ഞുകൊൾവിൻ! ഇതു ദൈവത്തിന്റെ കൈയ്യാൽ നടപ്പെട്ട ചെടിയാകുന്നു. ദൈവം ഒരിക്കലും ഇതിനെ വ്യർഥമാക്കിക്കളയുകയില്ല. ഇതിനെ അതിന്റെ വിജയ പൂർണിമയിലെത്തിക്കുന്നതുവരെ അവൻ തൃപ്തിപ്പെടുകയുമില്ല. അവൻ ഇതിന്മേൽ വെള്ളം ചൊരിയുകയും ഇതിനെ വളർത്തുകയും ഇതിന്റെ ചുറ്റും രക്ഷാവേലി കെട്ടുകയും ചെയ്യും. അങ്ങനെ അവൻ എന്റെ അനുയായികളെ അത്ഭുതകരമായ പുരോഗതിയും അഭിവൃദ്ധിയും നല്കി അനുഗ്രഹിക്കും. എനിക്കെതിരിൽ നിങ്ങൾക്ക് ചെയ്യാനിനി എന്തെങ്കിലും ബാക്കി

യുണ്ടോ? മനുഷ്യകൃതമാണെങ്കിൽ ഇതു എന്നേ മുറിച്ചുനീക്കപ്പെട്ടിരിക്കുമായിരുന്നു! അതിന്റെ അടയാളം പോലും അവശേഷിക്കാതാകുമാറ് അതു നശിച്ചൊടുങ്ങി കഴിഞ്ഞിരിക്കുമായിരുന്നു. (റൂഹാനീ ഖസായിൻ, വാള്യം 11, ഭാ. 64, അഞ്ചാമെ ആഥം)

# അന്തിമവിധി

77. ഭൂമിയിലുള്ളവർ കരുതുന്നുണ്ടാവും, ഒടുവിൽ ഈ ലോകത്ത് പരക്കുന്നത് ക്രിസ്തുമതമായിരിക്കുമെന്ന്, അഥവാ അവസാനം നിലനില്ക്കുന്നത് ബുദ്ധമതമായിരിക്കുമെന്ന്. എന്നാൽ, അവരെല്ലാം തെറ്റായധാരണയിലാണ്. ആകാശത്തിൽ തീരുമാനിക്കപ്പെടുന്നതുവരെ ഭൂമിയിൽ ഒന്നും സംഭവിക്കയില്ലെന്ന് ഓർത്തുകൊൾവിൻ. ജനഹൃദയങ്ങളെ അവസാനം കീഴ്പെടുത്തുന്നത് ഇസ്ലാംമതമായിരിക്കുമെന്ന് സ്വർഗത്തിന്റെ നാഥൻ എന്നെ അറിയിക്കുന്നു. (റൂഹാനീ ഖസായിൻ വാള്യം 21, ഭാ. 427; ബറാഹീനെ അഹ്മദിയ്യ, അഞ്ചാം ഖണ്ഡം.)